
No. 236 SEPTEMBER 2012

KERALA PRIVATE

# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



## ഹൃദയകുമാരി കമ്മറ്റി റിപ്പോർട്ട്

## ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ മരണവാറണ്ട്

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*


No. 236 September 2012

EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar
*Managing Editor*
Dr. G. S. Suresh
*Assistant Editor*
Dr. M.S.Vasanthakumar

*Members*
Prof. P. Mammed
Dr. K. Sreevalsan
Dr. K. P. Sukumaran Nair
Dr. P.S. Geetha Kumari
Prof. R. Mohanakrishnan
Dr. Mathew J. Muttath
Dr. V. Rajendran Nair
Prof. A.G. Oleena
Dr. K.Biju kumar
Prof. Promod Vallachal
Prof. Ajith. G. Krishna
Prof. M.D. Ratheesh kumar
Dr. C. Unnikrishnan
Dr. N.Gopa kumar
Prof. N. Vipin Chandran
Dr. Soju

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org




## inside

# 236

**ക്രഡിററ് & സെമസ്റ്റർ സമ്പ്രദായത്തിൻെറ മരണവാറണ്ട്**
*ഡോ. പി. കെ. സുകുമാരൻനായർ*

An Open Letter to
Prof.Hridayakumari
*A.C. Sreehari*

**വികസനകാഴ്ചപ്പാട് എമർജിംങ് കേരളയുടെ പശ്ചാത്തലത്തിൽ**
*എ. നിഷാന്ത്*

**എരിയുന്ന പുരയിൽ തീ കായുന്നവർ**
*ഡോ. സി. ഉണ്ണികൃഷ്ണൻ*


ICU
Vinod kumar Edacherry

- General Secretary's Page
- Economic Focus
- വാർത്താമധ്യം
- ശാസ്ത്രജാലകം
- വനിതാവേദി
- ജഡ്ജ്മെൻറ്
- സർവ്വീസ് പംക്തി
- സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ
- പുസ്തകലോകം
- സർക്കാർ ഉത്തരവുകൾ

*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

Chief Editor's Desk





# പരീക്ഷയും മൂല്യനിർണ്ണയവും അട്ടിമറിക്കപ്പെടുന്നു

പാഠ്യപദ്ധതിയിൽ പരീക്ഷാ സമ്പ്രദായത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. പരീക്ഷാ സമ്പ്രദായത്തിൽ തന്നെ മൂല്യ നിർണ്ണയമെന്നത് അതീവ ശ്രദ്ധയോടെ നടത്തേണ്ടുന്ന ഒരു പ്രക്രിയയുമാണ്. പുതിയ പാഠ്യപദ്ധതി കേരളത്തിലെ സർവ്വകലാശാലകളിൽ നടപ്പിലാക്കുന്ന ഘട്ടത്തിൽ തുടക്കം മുതൽ തന്നെ ഇതിന്റെ പ്രാധാന്യം നാം ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ്. പുതിയ പാഠ്യപദ്ധതിയിലൂടെയുള്ള ഗുണപരമായ വളർച്ച വെളിവാക്കുന്ന തരത്തിലായിരിക്കണംപരീക്ഷയും മൂല്യനിർണ്ണയവും നടത്തേണ്ടത്. അതിനായി സർവ്വകലാശാലകളിൽ വേണ്ടത്ര തയ്യാറെടുപ്പുകൾ ഉണ്ടാകേണ്ടതാണെന്നും അനിവാര്യമായ അഴിച്ചുപണി നടത്തണമെന്നും ഇതു സംബന്ധിച്ച ചർച്ചകളിലെല്ലാം നാം അസന്നിഗ്ധമായി പറഞ്ഞിട്ടുള്ളതുമാണ്. എന്നാൽ കേരള സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പ് സംവിധാനം ഇനിയും സാഹചര്യങ്ങൾക്കനുസരിച്ച് ഉയർന്നിട്ടില്ല എന്നു മാത്രമല്ല ദീർഘവീക്ഷണമില്ലാത്ത തരത്തിലുള്ള തീരുമാനങ്ങൾ കൂടുതൽ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും അവസരമുണ്ടാക്കിയിരിക്കയുമാണ്.

സി.ബി.സി.എസ്.എസ്. ഏർപ്പെടുത്തിയതിനെ തുടർന്ന് എം.ജി. സർവ്വകലാശാലയിലും കാലിക്കറ്റ് സർവ്വകലാശാലയിലും കണ്ണൂർ സർവ്വകലാശാലയിലും കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഊർജ്ജിതമായ  പ്രവർത്തനങ്ങളാണ് നടന്നത്. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് സർവ്വകലാശാല തലത്തിൽ ഉണ്ടാകേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിന് അവിടങ്ങളിലെ ഉദ്യോഗസ്ഥർ അദ്ധ്യാപക പ്രതിനിധികളുമായി സഹകരിച്ചു കൊണ്ട് ആത്മാർത്ഥമായ ശ്രമങ്ങളാണ് നടത്തിയത്. തത്ഫലമായി പരീക്ഷാ വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ബാർകോഡിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനികവത്ക്കരണം ഏർപ്പെടുത്തുന്നതിനും കൃത്യസമയത്തു തന്നെ പരീക്ഷാ പേപ്പറുകൾ അധ്യാപകർക്ക് മൂല്യനിർണ്ണയത്തിനായി എത്തിച്ചു കൊടുക്കുന്നതിനുമുള്ള സംവിധാനമുണ്ടാക്കുകയുണ്ടായി. സി.ബി.എസ്.എസ്. നിലവിൽ വന്നതിനു ശേഷം പ്രതിസന്ധികൾ പലതുമുണ്ടായെങ്കിലും അഥിനെയെല്ലാം അതിജീവിച്ചു കൊണ്ട് 6 സെമസ്റ്ററുകളിലെയും പരീക്ഷകളും മൂല്യനിർണ്ണയവും ആക്ഷേപങ്ങൾക്കിടം കൊടുക്കാതെ തന്നെ നടത്തുകയും ഫലം യഥാസമയം തന്നെ പുറത്തു വരികയുമുണ്ടായി. എം.ജി. സർവ്വകലാശാലയിലാകട്ടെ പുതിയ പാഠ്യപദ്ധതിയിലൂടെ പഠിച്ച വന്ന വിദ്യാർത്ഥികൾ പി.ജി. പഠനത്തിനെത്തുമ്പോൾ അനിവാര്യമായും നടത്തേണ്ടതായ പി.ജി. തല സിലബസ് പരിഷ്കരണമുൾപ്പെടെ നടത്തിക്കഴിഞ്ഞിരിക്കയുമാണ്.


കേരള സർവ്വകലാശാല ഇപ്പോഴും ബാലാരിഷ്ടതകൾ നേരിടുകയാണ്. S2, S4 പരീക്ഷകൾ 2012 മാർച്ച് - ഏപ്രിൽ മാസങ്ങളിൽ പൂർത്തിയായെങ്കിലും പരീക്ഷാ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതിനായി സർവ്വകലാശാലതലത്തിൽ ശ്രമങ്ങളാരംഭിക്കുന്നത് ആഗസ്റ്റ് അവസാനം മാത്രമാണ്. ഇതിനായി കോളജുകൾ അടച്ചിട്ടു കൊണ്ട് മൂല്യനിർണ്ണയ ക്യാമ്പുകൾ തുറക്കുവാൻ സർവ്വകലാശാലയിലെ പരീക്ഷാ കൺട്രോളറും സിന്റിക്കേറ്റിലെ ബന്ധപ്പെട്ട കമ്മിറ്റിയും തീരുമാനിക്കുന്നത് സെപ്തംബർ രണ്ടാംവാരത്തിൽ മാത്രമാണ്. ക്യാമ്പുകളാരംഭിക്കുന്നതിനും മുഴുവൻ അധ്യാപകരെയും കോളജുകളിൽ നിന്നും റിലീവ് ചെയ്യുവാനായി നിർദ്ദേശമെത്തുന്നത് സെപ്തംബർ 12 ാം തീയതി മാത്രമാണ്. 13 ാം തീയതി ക്യാമ്പുകൾ ആരംഭിക്കുകയും ചെയ്തു. അധ്യാപകർക്ക് അവർ താമസിക്കുന്ന ജില്ലയിലെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ വർഷങ്ങളായി അവസരമുണ്ടായിരുന്നതാണ്. അത് അവർക്ക് നിഷേധിച്ചു കൊണ്ടാണ് ഇത്തവണ പരീക്ഷാ കൺട്രോളറും ബന്ധപ്പെട്ട സിന്റിക്കേറ്റ് അധികൃതരും ഏകപക്ഷീയമായി തീരുമാനം കൈക്കൊണ്ടത്. അധ്യാപകർ പണിയെടുക്കുന്ന കോളജുകൾ സ്ഥിതി ചെയ്യുന്ന ജില്ലയിലെ ക്യാമ്പിൽ തന്നെ പങ്കെടുക്കണമെന്ന് നർദ്ദേശിക്കുകയും അത് വേണ്ട വിധം അധ്യാപകരെ അറിയിക്കാതിരിക്കുകയും ചെയ്യുക വഴി അധ്യാപകർക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കി വച്ചത്. നിരവധി അധ്യാപകരെ അവർ ചെന്നെത്തിയ ക്യാമ്പുകളിൽ മൂല്യനിർണ്ണയത്തിന് അവസരം നൽകാതെ തിരിച്ചയയ്ക്കുവാനാണ് പരീക്ഷാ കൺട്രോ

ളർ നിർദ്ദേശിച്ചത്. ക്യാമ്പുകളിൽ കൃത്യമായി ഉത്തര ക്കടലാസുകളും ചോദ്യപേപ്പറുകളും സ്കീമും മറ്റും എത്തിയിട്ടുണ്ടായിരുന്നുമില്ല. കൺട്രോളറുടെ ഈ തുഗ്ലക് പരിഷ്ക്കാരം വഴി മിക്ക ക്യാമ്പുകളും ആദ്യത്തെ രണ്ടു ദിവസം പ്രവർത്തിച്ചില്ല. ജോലി ചെയ്യാൻ വന്ന അധ്യാപകർ പകൽ മുഴുവൻ കാത്തു നിന്ന ശേഷം വെറുതെ മടങ്ങുകയാണുണ്ടായത്. ഇത് സർവ്വകലാശാലയ്ക്ക് വലിയ നഷ്ടമാണുണ്ടാക്കി വച്ചത്. മാത്രവുമല്ല രണ്ടാഴ്ചയോളം കോളേജുകൾ അടച്ചിടുക വഴി S1, S3, S5 കുട്ടികളുടെ ക്ലാസ്സുകൾ നഷ്ടപ്പെടുകയും ഒക്ടോബറിൽ പരീക്ഷയ്ക്ക് തയ്യാറാകേണ്ട അവരുടെ സിലബസ് പൂർത്തീകരിക്കാൻ കഴിയാതെ വരികയുമാണ്. ഇതെല്ലാം പരീക്ഷാ കൺട്രോളറുടെയും അദ്ദേഹത്തെ നിയന്ത്രിക്കുന്ന ഒന്നു രണ്ട് സിന്റിക്കേറ്റ് ഭാരവാഹികളുടെയും 'ഈഗോ' സംരക്ഷിക്കുവാൻ വേണ്ടിയായിരുന്നുവെന്നത് ലജ്ജാകരമായ കാര്യമാണ്. ഇത്തരക്കാരുടെ കയ്യിൽ പരീക്ഷാ ചുമതല തുടർന്നും നിലനിന്നാൽ പുതിയ പാഠ്യ പദ്ധതി എങ്ങനെ വിജയപ്രാപ്തിയിലെത്തുവാനാണ്? മൂല്യനിർണ്ണയം പൂർത്തിയാക്കുന്നതിനു മുമ്പ് കൺട്രോളർ ക്യാമ്പ് അടച്ചു പൂട്ടാനും അധ്യാപകരെ റിലീസ് ചെയ്ത് കോളേജുകളിലേയ്ക്കയക്കുവാനും തീരുമാനിക്കുകയുണ്ടായി. പല വിഷയങ്ങളിലും പകുതി പേപ്പറുകൾ പോലും മൂല്യനിർണ്ണയം നടത്തിയിട്ടില്ല. അവശേഷിക്കുന്നവ 'ഹോം വാല്യുവേഷൻ' വഴി മൂല്യ നിർണ്ണയം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഭരണപരമായ തികഞ്ഞ പരാജയമാണ് ഇവിടെ കാണുവാൻ കഴിയുന്നത്. അധ്യാപക സംഘടനയുടെ അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുക്കുവാൻ കൂട്ടാക്കാതെ പ്രായോഗിക പരിചയമില്ലാത്തവരുടെ തീരുമാനങ്ങൾ എല്ലാം കുഴഞ്ഞുമറിയുവാൻ ഇടയാക്കിയിരിക്കയാണ്. ഓർഡിനൻസിലൂടെ സർവ്വകലാശാലാ ഭരണം പിടിച്ചെടുത്തവർ എല്ലാം തച്ചുടയ്ക്കുകയാണ്.

# പ്രവർത്തിഭാരം സംബന്ധിച്ച സർക്കാർ ഉത്തരവ് മരവിപ്പിച്ചിരിക്കുന്നു

എയ്ഡഡ് കോളജുകളിലെ അധ്യാപകരുടെ പ്രവർത്തി ഭാരം സംബന്ധിച്ച് GO (MS) 87/12 HEdn. നംബരായി കേരള സർക്കാർ 12.03.12 ാം തീയതി പുറത്തിറക്കിയ ഉത്തരവ് മരവിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കുകയുണ്ടായി. (No.30985/D1/2010, 11-09-2012).

കേരളത്തിലെ സർവ്വകലാശാലകളിൽ അധ്യാപകരുടെ പ്രവർത്തി ഭാരം സംബന്ധിച്ച് നിലവിലുള്ള റഗുലേഷൻ പതിറ്റാണ്ടുകൾക്ക് മുമ്പുള്ളതും കാലികമായി പരിഷ്ക്കരിക്കപ്പെടാത്തതുമാണെന്ന ആക്ഷേപം ഏറെക്കാലമായി ഉയർന്നു വന്നിട്ടുള്ളതുമാണ്. ഈ പശ്ചാത്തലത്തിൽ യു.ജി.സി. 6 ാം പദ്ധതിയുടെ ഭാഗമായുള്ള റഗുലേഷൻ പുറത്തു വന്ന സാഹചര്യത്തിലും 2010 നവംബറിൽ മുൻ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന് നൽകിയ ഒരു നിർദ്ദേശത്തിലാണ് അധ്യാപകരുടെ പ്രവർത്തിഭാരം പുനർനിശ്ചയിച്ചു കൊണ്ടുള്ള നിർദ്ദേശം സർവ്വകലാശാലകൾക്ക് നൽകുവാൻ ശുപാർശ ചെയ്തിരുന്നത്. പ്രസ്തുത ശുപാർശ ഇടതുപക്ഷ സർക്കാരിന്റെ കാലയളവിൽ ഉത്തരവാക്കുവാൻ കഴിഞ്ഞിരുന്നില്ല. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ആ ശ്രമം പൂർത്തീകരിക്കുവാനാകാതെ പോയിരുന്നു. എന്നാൽ യു.ഡി.എഫ്. സർക്കാർ മേൽപ്പറഞ്ഞ ഉത്തരവിലൂടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശ ഉത്തരവാക്കി നടപ്പാക്കുകയായിരുന്നു. അതിൻ പ്രകാരം അസോസിയേറ്റ് പ്രൊഫസറുടെ പ്രവർത്തി ഭാരം ആഴ്ചയിൽ 14 മണിക്കൂറും അസിസ്റ്റന്റ് പ്രൊഫസർക്ക് 16 മണിക്കൂറുമാണ്. വ്യക്തിഗത ഡിപ്പാർട്ടുമെന്റുകളിൽ ഒരു തസ്തിക അംഗീകരിക്കുവാൻ കുറഞ്ഞത് ആറു മണിക്കൂർ പ്രവർത്തിഭാരം മതിയാകുമെന്നും തുടങ്ങിയ കാര്യങ്ങളാണ് പ്രസ്തുത ഉത്തരവിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും റഗുലേഷനുകളിൽ ഭേദഗതി വരുത്തണമെന്നും ഉത്തരവ് നിർദ്ദേശിച്ചിരുന്നു. ഈ ഉത്തരവാണ് ഇപ്പോൾ സർക്കാർ മറ്റൊരുത്തരവിലൂടെ മരവിപ്പിച്ചിരിക്കുന്നത്. അതനുസരിച്ച് കഴിഞ്ഞ വർഷത്തെ അവസ്ഥ പുനഃസ്ഥാപിക്കാനും ഉത്തരവ് നിർദ്ദേശിക്കുന്നു. അതായത് പ്രവർത്തി ഭാരം എല്ലാ അധ്യാപകർക്കും 16 ആയി മാറ്റുകയും ചെയ്തിരിക്കയാണ്. 16 മണിക്കൂറിൽ നിന്നും 14 മണിക്കൂറായി പ്രവർത്തിഭാരം കുറച്ചത് ഞങ്ങളാണെന്ന് അവകാശവാദം ഉയർത്തിയ സർക്കാർ വിലാസ സംഘടനകൾക്ക് ഇപ്പോൾ എന്താണ് പറയുവാനുള്ളത്? എ.കെ.പി.സി.ടി.എ. സമരങ്ങളിലൂടെയും സമ്മർദ്ദ തന്ത്രങ്ങളിലൂടെയും നേടിയെടുത്ത അവകാശങ്ങളുടെയെല്ലാം ആദ്യ ഉപഭോക്താക്കളും ഉപജ്ഞാതാക്കളുമായി സ്വയം ചമഞ്ഞിറങ്ങുന്ന എട്ടുകാലി മമ്മൂഞ്ഞിന്റെ പിൻമുറക്കാർക്ക് ഇക്കാര്യത്തിൽ എന്താണ് പറയുവാനുള്ളത്? ഉത്തരവ് പിൻവലിച്ചതിന്റെ ഉത്തരവാദിത്തം അവർ ഏറ്റെടുക്കുമോ? 6 ാം യു.ജി.സി. പ്രഖ്യാപിച്ച റഗുലേഷൻ വ്യവസ്ഥകൾ പൂർണ്ണമായും കേരളത്തിൽ നടപ്പിലാക്കി കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതാണ്. അതിന്റെ ഭാഗമായുള്ള പ്രവർത്തി ഭാരം പുനർനിർണ്ണയവും സംസ്ഥാന സർക്കാരിന് നടപ്പിലാക്കാൻ ബാധ്യതയുണ്ട്. അധ്യാപകരോടുള്ള സർക്കാരിന്റെ കടന്നാക്രമണമാണിത്. ഇതിലൂടെ യു.ജി.സി. റഗുലേഷൻ തന്നെ അട്ടിമറിച്ചിരിക്കയാണ്. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ അധ്യാപകർ തയ്യാറാകണം.



# പങ്കാളിത്ത പെൻഷൻ ഉത്തരവ് പിൻവലിക്കുക

**ഡോ.കെ.ശ്രീവത്സൻ**
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ




ജീവനക്കാരുടെ ഏറ്റവും മികച്ച സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് പെൻഷൻ. ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യ നാളുകൾ മുതൽ നിലവിൽ വന്നതാണ് ഇന്നിവിടെ നിലനിൽക്കുന്ന Statutery Pension പദ്ധതി. Contributory പ്രോവിഡന്റ് ഫണ്ടിനു പകരമായി നിലവിലുള്ള പെൻഷൻ പദ്ധതി 1920 ൽ ഇന്ത്യയിൽ നടപ്പിലാക്കി. 1957 ൽ ഇത് എല്ലാ സംസ്ഥാനങ്ങൾക്കും നിയമപരമായി ഇതു ബാധകമാക്കി. 1982 ഡിസംബർ 17 ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് Y.B. ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ഡിവിഷൻ ബഞ്ചിന്റെ സുപ്രധാന വിധി ജീവനക്കാർക്കു നൽകുന്ന പെൻഷനെ യാതൊരു വിധ വ്യാഖ്യാനങ്ങൾക്കും ഇട നൽകാത്ത വിധം വ്യക്തമായി നിർവചിച്ചിട്ടുണ്ട്. "പെൻഷൻ കഴിഞ്ഞ കാലത്ത് വിശ്വസ്ത സേവനം നടത്തിയതിനുള്ള നഷ്ടപരിഹാരം മാത്രമല്ല മറിച്ച് ശാരീരികവും മാനസികവുമായ അവശതകൾ അനുഭവിക്കുന്ന കാലത്ത് സ്വാഭാവികമായും ലഭിക്കേണ്ട സാമ്പത്തിക സുരക്ഷയാണ് പെൻഷൻ" പെൻഷൻ ഒരു ദാനമോ ഔദാര്യമോ അല്ല അതു നീതിയാണ്.

കാലാകാലമായി നിലനിന്നു വരുന്ന സർവ്വീസ് പെൻഷൻ പദ്ധതി അട്ടിമറിക്കാനും പകരം പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കാനുമുള്ള ഉമ്മൻചാണ്ടി സർക്കാരിന്റെ തീരുമാനം ജീവനക്കാർക്കും അധ്യാപകർക്കും എതിരെ മാത്രമല്ല, തൊഴിലെടുത്തു ജീവിയ്ക്കുന്ന സകല ജനവിഭാഗങ്ങൾക്കുമെതിരെയുള്ള യുദ്ധപ്രഖ്യാപനമാണ്. ജീവനക്കാരുടെ സംഘടിതമായ പോരാട്ടഫലമായാണ് വിവിധ ആനുകൂല്യങ്ങളും, അവകാശങ്ങളും നേടിയെടുക്കാൻ കഴിഞ്ഞത്. പങ്കാളിത്ത പെൻഷൻ അടുത്ത സാമ്പത്തിക വർഷത്തിൽ നിയമിക്കുന്നവർക്ക് മാത്രമേ ബാധകമാകൂ എന്നും, നിലവിലുള്ള ജീവനക്കാർക്ക് ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുമെന്ന വാദം കാപട്യമാണ്. കേന്ദ്രത്തിൽ 2003 ൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിക്കൊണ്ട് ഉത്തരവ് വരുന്നതിനു മുൻപു തന്നെ 2002 ജനുവരി 16 ന്റെ കറുത്ത ഉത്തരവിൽ (GO P No. 56/ 2002 Dt. 16.01.2002) 16 ാം ഇനമായി കേരളത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുമെന്ന് ഉത്തരവ് ഇറക്കിയിരുന്നു. ശ്രീ. ആന്റണിക്കു ശേഷം ഭരണത്തിൽ വന്ന ഉമ്മൻചാണ്ടി സർക്കാർ 2004 – 05 ന്റെ ബജറ്റ് നിർദ്ദേശങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയും ഉൾപ്പെടുത്തിയിരുന്നു. തുടർന്നു വന്ന ഇടതുപക്ഷ മുന്നണി സർക്കാർ ഈ നിർദ്ദേശങ്ങൾ തള്ളിക്കൊണ്ട് ഉത്തരവിറക്കി. എന്നാൽ 2001 ൽ അധികാരത്തിൽ വന്ന ഉമ്മൻചാണ്ടി സർക്കാർ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കാനുള്ള തീവ്രശ്രമങ്ങൾ നടത്തിവരികയാണ്. 2003 ൽ കേരളത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പി

ലാക്കാൻ ചരടു വലിച്ചതിൽ പ്രധാനിയാണ് അന്നത്തെ യു.ഡി.എഫ്. കൺവീനറും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻചാണ്ടി. എം.എൽ.എമാരുടെയും എം.പിമാരുടെയും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ അംഗങ്ങളുടെയും പെൻഷൻ, പങ്കാളിത്ത പെൻഷൻ സംവിധാനത്തിന്റെ കീഴിലാക്കാൻ തയ്യാറുണ്ടോ? പങ്കാളിത്ത പെൻഷൻ അനുകൂലിക്കുന്ന കോൺഗ്രസ്, ബി.ജെ.പി. നേതാക്കളും ഈ ചോദ്യത്തിന് മറുപടി പറയേണ്ടതുണ്ട്. തൊഴിലെടുക്കുന്നവർക്ക് ഒരു നിയമവും, ഭരണവർഗ്ഗത്തിന് മറ്റൊരു നിയമവും എന്നത് നീതിനിഷേധമല്ലേ?

ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ജീവനക്കാരുടെ പെൻഷൻ ഓഹരിക്കമ്പോളത്തിലെ ചൂതാട്ടത്തിനു വിട്ടുകൊടുക്കുന്ന PFRDA ബിൽ 2005 ലാണ് പാർലമെന്റിൽ ആദ്യമായി അവതരിപ്പിച്ചത്. എന്നാൽ ഇടതുപക്ഷത്തിന്റെ ശക്തമായ എതിർപ്പിനെത്തുടർന്ന് PFRDA ബിൽ നിയമമാക്കാൻ ഒന്നാം യു.പി.എ സർക്കാരിനു കഴിഞ്ഞില്ല. അതിനു മുമ്പു തന്നെ 2003 ഡിസംബർ 19 ന് എൻ.ഡി.എ സർക്കാർ പെൻഷൻ സ്വകാര്യവൽക്കരിക്കുന്ന ഉത്തരവിറക്കി. ഇതു പ്രകാരം 2004 ജനുവരി ഒന്നിനോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിക്കുന്ന സൈനികരൊഴികെയുള്ള എല്ലാ ജീവനക്കാർക്കും ഈ പദ്ധതി നിർബന്ധിതമാക്കി. 2005 ൽ ഇടതു പാർട്ടികളുടെ എതിർപ്പിനെത്തുടർന്ന് നിയമമാക്കാൻ കഴിയാതിരുന്ന PFRDA ബിൽ വലിയ മാറ്റങ്ങൾ ഒന്നുമില്ലാതെ 2011 മാർച്ച് 25 ന് വീണ്ടും പാർലിമെന്റിൽ അവതരിപ്പിച്ചു. ബില്ലവതരണത്തെ ഇടതു പാർട്ടികൾ എതിർത്തെങ്കിലും ബി.ജെ.പി. സഹായത്തോടെ ബില്ലിന് അവതരണാനുമതി ലഭിച്ചു. ഇപ്പോൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ് ഈ ബിൽ. PFRDA ബില്ലിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. നിയമപരമായ പിൻബലമില്ലാതിരുന്നിട്ടും 2004 ജനുവരി ഒന്നിനു ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും നിർബന്ധപൂർവ്വം പെൻഷൻ വിഹിതം പിടിച്ചുകൊണ്ടിരിയ്ക്കുകയാണ്. ഇരുപത്തിനാലു ലക്ഷം ജീവനക്കാർ നിലവിൽ പദ്ധതിയിലുണ്ട് എന്നാൽ മാച്ചിംഗ് ഫണ്ടായി യാതൊരു തുകയും സർക്കാർ നാളിതു വരെയും നൽകിയിട്ടില്ല. നിശ്ചിത ആനുകൂല്യം ഉറപ്പാക്കുന്ന (Defined Pension) പദ്ധതിയിൽ നിന്ന് നിശ്ചിത വിഹിതം (Defined Contribution) ഈടാക്കുന്ന പ്രതിലോമകരമായ മാറ്റമാണ് PFRDA ബിൽ ലക്ഷ്യമിടുന്നത്. വിപണി അധിഷ്ഠിത ഗ്യാരണ്ടിയല്ലാതെ പ്രത്യക്ഷമായോ പരോക്ഷമായോ എന്തെങ്കിലും ആനുകൂല്യം ഈ പദ്ധതി ഉറപ്പു നൽകുന്നില്ല. ഈ ബിൽ നടപ്പാക്കിയാൽ തൊണ്ണൂറുകളുടെ ആദ്യപാദത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയ ചിലി, അർജന്റീന തുടങ്ങിയ രാജ്യങ്ങളിലെ ജീവനക്കാരുടെ ഗതിയായിരിക്കും നമ്മുടെ ഇന്ത്യയിലും സംഭവിക്കാൻ പോകുന്നത്. 2008 ൽ പൊട്ടിപ്പുറപ്പെട്ട ലോകസാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഓഹരി കമ്പോളത്തിലുണ്ടായ തകർച്ചയുടെ ഫലമായി പെൻഷൻ ഫണ്ടുകൾ ഭൂരിപക്ഷവും അപ്രത്യക്ഷമായി. ഇതേത്തുടർന്ന് മാസങ്ങളായി റിട്ടയർ ചെയ്തവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ലോകരാജ്യങ്ങളിൽ നിലനിൽക്കയാണ്. 2012 ഫെബ്രുവരി 28 ലെ ദേശീയ പണിമുടക്കിൽ ഇന്ത്യയിലെ അധ്വാനിക്കുന്ന തൊഴിലാളികളും ജീവനക്കാരും പ്രകടിപ്പിച്ച ഐക്യം കാത്തുസൂക്ഷിച്ചു കൊണ്ട് ഉമ്മൻചാണ്ടി സർക്കാരിന്റെ പങ്കാളിത്ത പെൻഷൻ പദ്ധതി നമ്മൾ ചെറുത്തു തോൽപിക്കും.






## ഹൃദയകുമാരി കമ്മറ്റി റിപ്പോർട്ട്

# ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ മരണവാറണ്ട്


ഡോ.കെ.പി.സുകുമാരൻനായർ

*സെന്റ് ഡൊമനിക് കോളജ്, കാഞ്ഞിരപ്പള്ളി*

*വൈസ് പ്രസിഡന്റ്, എ.കെ.പി.സി.ടി.എ*

ബിരുദതല വിദ്യാഭ്യാസത്തിന്റ ഗുണമേന്മ ആഗോളനിരവാരത്തിലേക്കുയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി യു.ജി.സി. നിർദ്ദേശാനുസരണമാണ് ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം (സി.ബി.സി.എസ്.എസ്) കേരളത്തിലെ എല്ലാ സർവ്വകലാശാലകളും അംഗീകരിച്ചുനടപ്പാക്കിയത്. സെമസ്റ്റർ സമ്പ്രദായം, ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ്, പരീക്ഷാ പരിഷ്കരണം, പ്രവേശനരീതിയിലുള്ള പരിഷ്കരണം തുടങ്ങിയ കാര്യങ്ങൾ യു.ജി.സി. നിർദ്ദേശിച്ച അക്കാദമികവും ഭരണപരവുമായ പരിഷ്കാരങ്ങളുടെ അടിസ്ഥാനതത്വങ്ങളാണ്. 2009 മുതൽ ഈ പരിഷ്കാരങ്ങൾ നടപ്പാക്കണമെന്നാണ് യു.ജി.സി. സർവ്വകലാശാലകളോടാവശ്യപ്പെട്ടത്. കേരളത്തിൽ ഇദംപ്രഥമായി രൂപീകരിക്കപ്പെട്ട ഉന്നതവിദ്യാഭ്യാസ കൗൺസിൽ യു.ജി.സി. നിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സാമൂഹ്യനീതിയും ഉറപ്പാക്കുവാൻ സഹായകമാണെന്ന് വിലയിരുത്തുകയും ഈ നിർദ്ദേശങ്ങൾ നടപ്പാക്കണമെന്ന് സംസ്ഥാനസർക്കാരിനേയും സർവ്വകലാശാലകളേയും ഉപദേശിക്കുകയും മുൻകൈ എടുക്കുകയും ചെയ്തതിന്റെ ഫലമായാണ് ബിരുദതല പരിഷ്ക്കാരം നിലവിൽ വന്നത്. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സർവ്വകലാശാല ജീവനക്കാർ തുടങ്ങി ബന്ധപ്പെട്ട എല്ലാവരുമായും ചർച്ച നടത്തിയാണ് പരിഷ്കാരം യാഥാർത്ഥ്യമാക്കിയത്. ഓരോ സർവ്വകലാശാലയിലും ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ അഫിലിയേറ്റഡ് കോളജുകളിലെ അദ്ധ്യാപകരെ പങ്കെടുപ്പിച്ച് ശില്പശാലകൾ നടത്തിയാണ് പാഠ്യപദ്ധതിയും സിലബസ്സും രൂപപ്പെടുത്തിയത്. ഉന്നതവിദ്യാഭ്യാസ കൗൺസിൽ അദ്ധ്യാപകർക്കായി വിപുലമായ പരിശീലന പരിപാടികളും സംഘടിപ്പിച്ചിരുന്നു. സർവ്വകലാശാലതലത്തിലുള്ള അക്കാദമിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇത്രയും വിപുലമായ ജനാധിപത്യ പ്രക്രിയ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല.

ഏതൊരു പരിഷ്കാരവും ആദ്യമായി നടപ്പാക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉയർന്നു വരികതികച്ചും സ്വാഭാവികമാണ്. ബിരുദതല പരിഷ്കാരവുമായി ബന്ധപ്പെട്ട് ഉയർന്ന് വന്നിരിക്കുന്ന ഇത്തരം പ്രായോഗിക പ്രശ്നങ്ങൾ പഠിച്ച് പരിഷ്കാരത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടിയാണ് പ്രൊഫ. ബി. ഹൃദയകുമാരി അദ്ധ്യക്ഷയായ സമിതിയെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചത്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ പരിഷ്കാരം തന്നെ അനാവശ്യമാണെന്നാണ് കമ്മിറ്റിയുടെ വിലയിരുത്തൽ. ഇതിന് ന്യായീകരണമായി കമ്മിറ്റി ചൂണ്ടിക്കാട്ടുന്ന പ്രധാന കാരണങ്ങൾ ഇവയാണ്.

(1) ആഗോളതലത്തിൽ ചോയ്സ്

ബെയ്സ്ഡ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ സ്വീകാര്യത കുറഞ്ഞുവരുന്നു.

(2) നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ഈ പരിഷ്കാരത്തിന് അനുകൂലമല്ല.

(3) കേരളത്തിന്റെ സവിശേഷ സാഹചര്യം മൂലമുണ്ടാകുന്ന സാദ്ധ്യായ ദിവസങ്ങളുടെ നഷ്ടം സെമസ്റ്റർ സമ്പ്രദായത്തെ പ്രതികൂലമായി ബാധിക്കുന്നു.

(4) പരീക്ഷയുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന സർവ്വകലാശാലകൾക്കും കോളജുകൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

(5) ബിരുദതലത്തിൽ പഠിക്കുവാനെത്തുന്ന വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം പൊതുവെ മോശമാണ്. ക്രിഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം ഈ വിദ്യാർത്ഥികൾക്ക് അനുയോജ്യമല്ല.

കേരളത്തിലെ സവിശേഷസാഹചര്യങ്ങൾക്കിണങ്ങാത്തതാണെന്ന് അഭിപ്രായപ്പെടുമ്പോൾ തന്നെ കേന്ദ്രസർക്കാരും യു.ജി.സി.യുമൊക്കെ ശക്തമായി പിന്തുണയ്ക്കുന്ന ഒരു പരിഷ്കാരത്തെ നിരാകരിച്ചാൽ സംസ്ഥാന സർക്കാരിനും സർവ്വകലാശാലകൾക്കും ബുദ്ധിമുട്ടുണ്ടാകുമെന്നും ഇത് പരിഗണിച്ച് ഭേദഗതികളോടെ സി.ബി.സി.എസ്.എസ് തുടരാമെന്ന് കമ്മറ്റി ശുപാർശ ചെയ്യുന്നു. സി.ബി.സി.എസ്.എസ്സിന്റെ അടിസ്ഥാനഘടകങ്ങളായ സെമസ്റ്ററൈസേഷൻ, ആന്തരീകമൂല്യനിർണ്ണയം, ക്രിഡിറ്റ് ഗ്രേഡിംഗ് തുടങ്ങിയ കാര്യങ്ങളിൽ തികച്ചും വികലവും അശാസ്ത്രീയവുമായ ഭേദഗതികളാണ് കമ്മറ്റി നിർദ്ദേശിക്കുന്നത്.

## സെമസ്റ്ററൈസേഷൻ

ഓരോ സർവ്വകലാശാലയുടേയും കീഴിൽ രണ്ടോ മൂന്നോ കോളജുകളെ മികവിന്റെ കേന്ദ്രങ്ങളായി തിരഞ്ഞെടുത്ത് സ്വയംഭരണാവകാശം നൽകി ഈ സ്ഥാപനങ്ങളിൽ മാത്രം സി.ബി.സി.എസ്.എസ് പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കിയാൽ മതിയെന്നും മറ്റ് കോളേജുകൾ വാർഷിക സമ്പ്രദായത്തിന് സമാനമായ രീതിയിലേയ്ക്ക് മടങ്ങിപ്പോകണമെന്നും




കമ്മറ്റി ശുപാർശ ചെയ്യുന്നു. ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം നിഷേധിക്കുന്ന സമീപനമാണിത്. കമ്മറ്റിയുടെ പരിഗണനാവിഷയമല്ലാത്ത സ്വയംഭരണ കോളജുകളെ സംബന്ധിച്ച ശുപാർശ തികച്ചും അനാവശ്യവും അനവസരത്തിലുള്ളതുമാണ്. ഒരു സെമസ്റ്ററിൽ ലഭിക്കേണ്ട 90 സാദ്ധ്യായ ദിവസങ്ങളിൽ പകുതിപോലും യഥാർത്ഥത്തിൽ ലഭിക്കുന്നില്ലെന്നും അതുകൊണ്ട് ഇംഗ്ലീഷ്, കോർ വിഷയങ്ങൾ എന്നിവ വാർഷികരീതിയിലേയ്ക്ക് മാറ്റണമെന്നും അനുബന്ധവിഷയങ്ങൾക്കുമാത്രം സെമസ്റ്റർ രീതി തുടർന്നാൽ മതിയെന്നുമാണ് കമ്മറ്റിയുടെ മറ്റൊരു ശുപാർശ. ഇന്ത്യയിലെ പ്രശസ്തമായ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടികൾ, എൻ.ഐ.റ്റികൾ കേരളത്തിലെ തന്നെ എൻജിനീയറിംഗ് കോളജുകൾ എന്നിവിടങ്ങളിൽ ദശാബ്ദങ്ങളായി തുടർന്നുവരുന്ന സെമസ്റ്റർ സമ്പ്രദായത്തിന്റെ അന്തസത്തക്കെതിരാണ് ഈ ശുപാർശ. വാർഷിക സമ്പ്രദായത്തെ അപേക്ഷിച്ച് സെമസ്റ്റർ സമ്പ്രദായത്തിന് ഒട്ടേറെ മേന്മകൾ ഉണ്ട്. ഒരു വർഷം മുഴുവൻ പഠിക്കുന്ന കാര്യങ്ങൾ ഓർത്തിരുന്ന് വർഷാവസാനം നടത്തുന്ന പരീക്ഷയെഴുതുന്നത് വിദ്യാർത്ഥികൾക്ക് ഏറെ പ്രയാസകരമാണ്. സെമസ്റ്റർ സമ്പ്രദായത്തിൽ വിദ്യാർത്ഥികൾക്ക് എളുപ്പം പഠിക്കുവാനും പരീക്ഷയെഴുതുവാനും കഴിയത്തക്കവിധത്തിൽ ഓരോ പേപ്പറിന്റെയും ഉള്ളടക്കം ക്രമീകരിക്കുവാൻ കഴിയുന്നു. വാർഷികരീതിയെ അപേക്ഷിച്ച് സെമസ്റ്റർ രീതിയിൽ വിലയിരുത്തൽ പ്രക്രിയ കൂടുതൽ ഫലപ്രദമാണെന്നത് മറ്റൊരു നേട്ടമാണ്. വിദ്യാർത്ഥികൾ ഏറെ പ്രാധാന്യം കൊടുത്തുപഠിക്കുന്ന കോർവിഷയങ്ങൾ വാർഷിക രീതിയിലാക്കണമെന്ന ശുപാശ സി.ബി.സി.എസ്.എസ് പരിഷ്കാരത്തെ തകർക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ്. സെമസ്റ്ററിലെ സാദ്ധ്യായ ദിവസങ്ങളുടെ നഷ്ടം വാർഷികരീതിയിൽ എങ്ങനെയാണ് പരിഹരിക്കപ്പെടുക? ബിരുദതലത്തിൽ സെമസ്റ്റർ രീതി സി. ബി. സി. എ സ്. എസ്സുമായി ബന്ധപ്പെട്ടല്ല ആദ്യമായി നിലവിൽ വന്നതെന്ന് വിമർശകർ അറിയേണ്ടതുണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകൾ പുതുതലമുറ കോഴ്സുകളായ ബി.ബി.എ, ബി.സി.എ, ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.എസ്.സി. ബയോടെക്നോളജി, ബി.എസ്.സി. മൈക്രോബയോളജി തുടങ്ങിയ കോഴ്സുകൾ 1998 മുതൽ ആന്തരിക മൂല്യ നിർണ്ണയത്തോട് കൂടിയ സെമസ്റ്റർ രീതിയിലാണ് കോളജുകളിൽ നടന്നുവരുന്നത്. ബിരുദതലത്തിൽ വാർഷിക രീതിയിലും സെമസ്റ്റർ രീതിയിലുമുള്ള കോഴ്സുകൾ സമാന്തരമായി നടത്തിയിരുന്നത് കോളേജുകളിലും സർവ്വകലാശാലകളിലും അക്കാദമികവും ഭരണപരവുമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. ബിരുദതലത്തിലുള്ള എല്ലാ കോഴ്സുകളും സെമസ്റ്റർ രീതിയിൽ ഏകീകരിച്ചതുവഴി ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## ആന്തരിക തുടർമൂല്യനിർണ്ണയം

സെമസ്റ്റർ അന്ത്യത്തിൽ സർവ്വകലാശാല നടത്തുന്ന മൂല്യനിർണ്ണയത്തിനു പുറമെ സെമസ്റ്ററിലുട നീളം നടത്തുന്ന ആന്തരിക മൂല്യനിർണ്ണയം സെമസ്റ്റർ സമ്പ്രദായത്തിന്റെ അവിഭാജ്യഘടകമാണ്. ടെസ്റ്റ് പേപ്പറുകൾ, അസൈൻമെന്റുകൾ, സെമിനാറുകൾ, തുടങ്ങിയ രീതികളിലൂടെയാണ് ആന്തരികമൂല്യനിർണ്ണയം നടത്തുന്നത്. ആന്തരിക മൂല്യനിർണ്ണയം പഠനത്തിൽ കൂടുതൽ കൃത്യനിഷ്ഠ പുലർത്തുവാനും ശ്രദ്ധചെലുത്തുവാനും വിദ്യാർത്ഥികളെ നിർബന്ധിതരാക്കും. അതോടൊപ്പം വിദ്യാർത്ഥികൾക്ക് പാഠഭാഗങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നുണ്ടോ എന്നു വിലയിരുത്തി അദ്ധ്യാപനരീതിയിൽ ആവശ്യമായ മാറ്റം വരുത്തുവാൻ അദ്ധ്യാപകർക്കും കഴിയുന്നു. ചുരുക്കത്തിൽ അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം ഉയർത്തുവാൻ ആന്തരികമൂല്യനിർണ്ണയം വഴി സാദ്ധ്യമാകുന്നു. വർഷാവസാനം നടത്തുന്ന പരിക്ഷയിലൂടെ മാത്രം വിദ്യാർത്ഥിയുടെ ഒരു വിഷയത്തിലുള്ള അറിവ് പൂർണ്ണമായി വിലയിരുത്തുവാൻ കഴിയുകയില്ല. ആന്തരികമൂല്യനിർണ്ണയത്തിലൂടെ ഈ കുറവ് ഒരളവുവരെ പരിഹരിക്കുവാൻ കഴിയും. ഇത്രമാത്രം പ്രാധാന്യമുള്ള ആന്തരികമൂല്യനിർണ്ണയത്തെ സംബന്ധിച്ച് വളരെ വിചിത്രമായ സമീപനമാണ് കമ്മറ്റിക്കുള്ളത്. ഡിഗ്രിതലത്തിലേയ്ക്ക് വരുന്ന വിദ്യാർത്ഥികൾക്ക് ഭാഷാപരമായ കഴിവ് തീരെ കുറവാണെന്നും മോശം ഭാഷയിൽ കൈകാര്യം ചെയ്യുന്ന ടെസ്റ്റ് പേപ്പറുകൾ, അസൈൻമെന്റുകൾ,സെമിനാറുകൾ എന്നിവ പരിശോധിച്ച് തെറ്റുതിരുത്തിക്കൊടുക്കുവാൻ വിദ്യാർത്ഥി ബാഹുല്യം മൂലം അദ്ധ്യാപകർക്ക് കഴിയാറില്ലെന്നും ഇതുമൂലം മോശം ഭാഷയ്ക്ക് സ്വീകാര്യതയുണ്ടാകുന്ന കാര്യം പരിഗണിച്ച് അദ്ധ്യാപക -വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തുന്നതുവരെ ആന്തരികമൂല്യനിർണ്ണയം നിർത്തിവയ്ക്കണമെന്നുപോലും ചെയർപേഴ്സൺ പ്രൊഫ. ഹൃദയകുമാരി അഭിപ്രായപ്പെടുന്നു. വിദ്യാർത്ഥികൾ കൂടുതലുള്ള കോമൺലാംഗ്വേജ്, കോംപ്ലിമെന്ററി തുടങ്ങിയ വിഷയങ്ങൾക്ക് വിദ്യാർത്ഥികൾ കുറവുള്ള വിഷയങ്ങളിൽ നിന്നും വ്യത്യസ്തമായ ആന്തരികമൂല്യനിർണ്ണയരീതി (ഉദാ. ക്വിസ്, വൈവാവോസി, ഗ്രൂപ്പ് ഡൈനാമിക്സ് തുടങ്ങിയവ) അവലംബിച്ചാൽ വിദ്യാർത്ഥിബാഹുല്യം ഉയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാമെന്നിരിക്കെ, മേൽപ്പറഞ്ഞ നിർദ്ദേശം തികച്ചും അനുചിതമാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 1998 മുതൽ മുഴുവൻ ഡിഗ്രികോഴ്സുകൾക്കും ആന്തരിക മൂല്യനിർണ്ണയം പരാതികളില്ലാതെ ഭംഗിയായി നടന്നുവരുന്നുണ്ട്.

## ക്രഡിറ്റ്

കോർവിഷയങ്ങളിൽ പേപ്പറുകളുടെ എണ്ണം കുറയ്ക്കണമെന്നും എന്നാൽ ബിരുദപ്രോഗ്രാമുകളുടെ മൊത്തം ക്രഡിറ്റ് നിലവിലുള്ള 120 ആയി തന്നെ നിലനിർത്തണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. സെമസ്റ്ററിൽ ഒരു പേപ്പറിന് ആഴ്ചയിൽ നിശ്ചയിച്ചിരിക്കുന്ന അദ്ധ്യാപന സമയത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വെയിറ്റേജിനെയാണല്ലോ ക്രഡിറ്റ് എന്നു പറയുന്നത്. ഉദാഹരണത്തിന് ആഴ്ചയിൽ 4-5 മണിക്കൂർ പഠിക്കുന്ന ഒരു പേപ്പറിന് 4 ക്രഡിറ്റ്, 3-4 മണിക്കൂറിന് 3 ക്രഡിറ്റ്, 2-3 മണിക്കൂറിന് 2 ക്രഡിറ്റ് എന്നിങ്ങനെയാണ് ക്രഡിറ്റ് നൽകുന്നത്. സാധാരണ രീതിയിൽ ഒരു പേപ്പറിന് കൊടുക്കുന്ന പരമാവധി ക്രഡിറ്റ് 4 ആണെന്നിരിക്കെ മൊത്തം ക്രഡിറ്റ് 120 ആയി നിലനിർത്തി പേപ്പറുകളുടെ എണ്ണം കുറയ്ക്കണമെന്ന നിർദ്ദേശം പരസ്പരവിരുദ്ധവും അപ്രായോഗികവുമാണ്. ഓരോ പേപ്പറിനും സിലബസ്സിൽ വകയിരുത്തിയിരിക്കുന്ന അദ്ധ്യാപന സമയത്തിന് ആനുപാതികമായി വെയിറ്റേജ് ലഭിക്കുന്ന ക്രഡിറ്റ് സമ്പ്രദായം മാർക്ക് സമ്പ്രദായത്തെ അപേക്ഷിച്ച് കൂടുതൽ ശാസ്ത്രീയമാണ്. ഒരു വിദ്യാർത്ഥിക്ക് ബിരുദപഠനം പൂർത്തിയാക്കുന്നതിനു മുൻപ് ഒരു സർവ്വകലാശാലയിൽ നിന്നും മറ്റൊരു സർവ്വകലാശാലയിലേക്ക് മാറേണ്ടിവന്നാലും അതുവരെ സമ്പാദിച്ച ക്രഡിറ്റുകൾ നിലനിർത്തി ബാക്കി ക്രഡിറ്റുകൾ മാത്രം എടുത്ത് 120 ക്രഡിറ്റ് തികച്ച് ബിരുദം നേടുവാൻ കഴിയുന്ന ക്രഡിറ്റ് ട്രാൻസ്ഫർ സമ്പ്രദായം സി.ബി.സി.എസ്.എസ്സിന്റെ ഒരു സവിശേഷതയാണ്.

## ഗ്രേഡിംഗ്

സി.ബി.സി.എസ്.എസ്സിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സർവ്വകലാശാലകളും അവലംബിച്ചിരിക്കുന്ന 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗിനു പകരം ഇൻഡയറക്ട് ഗ്രേഡിംഗ് നടപ്പാക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. വിദ്യാർത്ഥികളെ അവരുടെ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി തംതിരിക്കുന്ന സമ്പ്രദായമാണ് ഗ്രേഡിംഗ്. മൂല്യനിർണ്ണയത്തിലെ വ്യക്തിനിഷ്ഠത, പരീക്ഷാദിവസങ്ങളിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അവിചാരിത ബുദ്ധിമുട്ടുകൾ, ചോദ്യപ്പേപ്പറിലെ അപാകത തുടങ്ങി വിവിധ ഘടകങ്ങൾ വിദ്യാർത്ഥിയെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനുവേണ്ടിയാണ് ഗ്രേഡിംഗ് മൂല്യനിർണ്ണയരീതി അവലംബിക്കുന്നത്. ഉത്തരങ്ങളെ അവയുടെ നിലവാരമനുസരിച്ച് A, B, C, D, E എന്നീ ലറ്റർ ഗ്രേഡുകൾ കൊടുത്ത് തരംതിരിക്കുന്ന രീതയാണ് ഡയറക്ട് ഗ്രേഡിംഗ്. മാർക്കിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയ ശേഷം മാർക്കിന്റെ ശതമാനത്തെ സ്ലാബുകളായി തരംതിരിക്കുന്ന രീതിയാണ് ഇൻഡയറക്ട് ഗ്രേഡിംഗ്. ഇൻഡയറക്ട് ഗ്രേഡിംഗിനെ അപേക്ഷിച്ച് ഗ്രേഡിംഗിന്റെ അടിസ്ഥാന തത്വങ്ങളോട് കൂടുതൽ നീതി പുലർത്തുന്നത് ഡയറക്ട് ഗ്രേഡിംഗ് ആണ്. B, C ഗ്രേഡുകളുടെ റേഞ്ചിന്റെ വലുപ്പം കൂടുതലാണെന്ന ആക്ഷേപം ഗ്രേഡ് പോയിന്റിനു പകരം ഓരോ പേപ്പറിന്റെയും ഗ്രേഡ് പോയിന്റ് ആവറേജിന്റെ (GPA) അടിസ്ഥാനത്തിൽ സെമസ്റ്റർ ഗ്രേഡ്പോയിന്റ് ആവറേജും, (SGPA), ക്യുമിലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജും (CGPA) കണക്കാക്കിയാൽ ഒഴിവാക്കാവുന്നതെയുള്ളൂ. കണ്ണൂർ, എം.ജി., കേരള സർവ്വകലാശാലകൾ ഈ രീതിയാണ് തുടരുന്നത്. ഇതിനോടകം അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സർവ്വകലാശാലാ ജീവനക്കാർക്കും സുപരിചിതമായിത്തീർന്ന ഡയറക്ട് ഗ്രേഡിം

ഗിനു പകരം ഇതിനേക്കാൾ മെച്ചമല്ലാത്ത ഇൻഡയറക്ട് ഗ്രേഡിംഗ് കൊണ്ടുവരുന്നത് അനാവശ്യമാണ്.

### പരീക്ഷാ പരിഷ്കരണം

സമഗ്രമായ പരീക്ഷാപരിഷ്കരണം ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ വിജയത്തിന് അനുപേക്ഷണീയമാണ്. ഓൺലൈൻ രജിസ്ട്രേഷൻ, ഓൺലൈൻ ഹാൾടിക്കറ്റ്, ആൻസർ ബുക്കുകളുടെ ബാർകോഡിംഗ്, വികേന്ദ്രീകൃത മൂല്യനിർണ്ണയക്യാമ്പുകൾ, മൂല്യനിർണ്ണയഫലങ്ങളുടെ ഓൺലൈൻ ടാബുലേഷൻ തുടങ്ങിയ നടപടികളിലൂടെ പരീക്ഷയും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തുവാൻ എം.ജി., കണ്ണൂർ സർവ്വകലാശാലകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ മാതൃക അംഗീകരിക്കുന്നതിനു പകരം പരീക്ഷാ ബാഹുല്യം സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ മറികടക്കുവാൻ 1,3,5 സെമസ്റ്റർ പരീക്ഷകൾ കോളജുകൾ തന്നെ നടത്തണമെന്ന് ഹൃദയകുമാരി കമ്മറ്റി ശുപാർശ ചെയ്യുന്നു. പരീക്ഷ സംബന്ധിച്ച പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുവാൻ മാത്രമേ ഈ നിർദ്ദേശം ഉപകരിക്കൂ. അദ്ധ്യാപകരുടെ സഹകരണത്തോടെ ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കപ്പെടുന്ന ചോദ്യബാങ്കിൽ നിന്നും ചോദ്യങ്ങൾ തെരഞ്ഞെടുത്ത് സർവ്വകലാശാലാ പരീക്ഷകൾക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കിയാൻ ചോദ്യപേപ്പറുകളെ സംബന്ധിച്ച ആക്ഷേപം ഒഴിവാക്കുവാനും ഉന്നത നിലവാരം ഉറപ്പാക്കുവാനും കഴിയും.

### വെക്കേഷൻ പുന:ക്രമീകരണം

സി.ബി.സി.എസ്.എസ് നടപ്പാക്കുന്നതിന്റെ ഭാഗമായി വാർഷിക സമ്പ്രദായത്തിലെ ഏപ്രിൽ- മെയ് വെക്കേഷൻ നവംബർ, മെയ് മാസങ്ങളിലായി പുന:ക്രമീകരിക്കണമെന്ന് എല്ലാ സർവ്വകലാശാലകളുടേയും റഗുലേഷൻ അനുശാസിക്കുന്നു. ഈ പരിഷ്കാരം 2011 -12 അദ്ധ്യയന വർഷം മുതൽ എം.ജി.സർവ്വകലാശാലയിൽ നിലവിൽ വന്നു. അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുത്താതെ അദ്ധ്യാപകർക്ക് പരീക്ഷ സംബന്ധിച്ച ജോലികൾ ഭംഗിയായി ചെയ്യുവാൻ ഈ പരിഷ്കാരം ഏറെ സഹായകമാണ്. പഠനത്തിന്റെ പിരിമുറുക്കത്തിൽ നിന്ന് ഒരു മാസത്തേയ്ക്ക് മോചനം ലഭിക്കുന്നത് വിദ്യാത്ഥികൾക്കും നല്ലതാണ്. വെക്കേഷൻ പുനക്രമീകരണം ഒഴിവാക്കി പഴയപടി നിലനിർത്തണമെന്നാണ് ഹൃദയകുമാരി കമ്മിറ്റി ശുപാർശ ചെയ്യുന്നത്. ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന നിർദ്ദേശമാണിത്.

### സിലബസിലെ അപാകത പരിഹരിക്കൽ

സി.ബി.സി.എസ്.എസ്. പരിഷ്ക്കാരം 3 വർഷം പിന്നിട്ടസാഹചര്യത്തിൽ സിലബസ് പുനരവലോകനം ചെയ്ത് പോരായ്മകൾ പരിഹരിക്കേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ല. ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസുകൾ ഇക്കാര്യം അടിയന്തിരമായി ചെയ്യേണ്ടതാണ്. എം.ജി. സർവ്വകലാശാലയിൽ ഇതിനോടകം ഏതാണ്ട് എല്ലാവിഷയങ്ങളിലും റിവ്യൂ ശില്പശാലകൾ നടന്നുകഴിഞ്ഞു. മെതഡോളജി പേപ്പറുകൾ പാടെ ഒഴിവാക്കേണ്ടതാണെന്ന ഹൃദയകുമാരി കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചാൽ അത് ബിരുദതല വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കും. കോർ വിഷയങ്ങളിലെ അറിവുല്പാദനത്തിന്റെ രീതിശാസ്ത്രം പരിമിതമായതോതിലെങ്കിലും ബിരുദതല വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. അതുപോലെ തന്നെ അദ്ധ്യയനത്തിലും അദ്ധ്യാപനത്തിലും വിവരസാങ്കേതികവിദ്യക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇൻഫർമാറ്റിക്സും നിലനിർത്തേണ്ടതാണ്.

### പി.ജി. കരിക്കുലം പരിഷ്കാരം

ബിരുദതല പരിഷ്കാരത്തിന്റെ സ്വാഭാവിക തുടർച്ചയെന്ന നിലയിൽ പി.ജി.കരിക്കുലം അടിയന്തിരമായി സി.ബി.സി.എസ്.എസ് മാതൃകയിൽ പരിഷ്കരിക്കേണ്ടതുണ്ട്. ഒരു ദശാബ്ദത്തിലധികമായി ആന്തരിക മൂല്യനിർണ്ണയത്തോടുകൂടിയ സെമസ്റ്റർ രീതിയിലാണ് പി.ജി.കോഴ്സുകൾ സടന്നുവരുന്ന്. ഇതോടൊപ്പം ക്രഡിറ്റും ഗ്രേഡിംഗും കൂടി ഏർപ്പെടുത്തിയാൽ ബിരുദതല പരിഷ്കാരത്തിന്റെ തുടർച്ച പി.ജി.തലത്തിലും സാദ്ധ്യമാകും. എന്നാൽ പി.ജി.കരിക്കുലം പരിഷ്കാരം ഉടൻ നടപ്പാക്കേണ്ടതില്ലെന്നാണ് ഹൃദയകുമാരി കമ്മറ്റിയുടെ അഭിപ്രായം. ഒരു ദശകത്തിന് മുൻപ് തയ്യാറാക്കിയ പാഠ്യപദ്ധതിയും സിലബസും മാറ്റമില്ലാതെ തുടരണമെന്നു വാദിക്കുന്നത് കഷ്ടമാണ്.

ചുരുക്കത്തിൽ ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെ അടിസ്ഥാനതത്വങ്ങളെ നിരാകരിക്കുന്ന, അടിമുടി ആശയക്കുഴപ്പം സൃഷ്ടിക്കുന്ന, പരസ്പര വിരുദ്ധമായ, അപ്രായോഗികമായ നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ടാണ് ഹൃദയകുമാരി കമ്മറ്റി സമർപ്പിച്ചിരിക്കുന്നത്. ഈ റിപ്പോർട്ട് ഉന്നതവിദ്യാഭ്യാസത്തിന്റെയും ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിന്റെയും മരണവാറണ്ടാണ്. തുടക്കം മുതലേ ഈ പരിഷ്കാരത്തെ എതിർത്തു പോന്നവരും പരിഷ്കാരത്തിനെതിരെ കേസുമായി കോടതിയെ സമീപിച്ചവരുമൊക്കെ അടങ്ങുന്ന ഹൃദയകുമാരി കമ്മിറ്റി തികച്ചും പക്ഷപാതപരവും, മുൻവിധിയോടും കൂടിയാണ് പ്രവർത്തിച്ചത്. പരിഷ്കാരത്തെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സമർപ്പിക്കപ്പെട്ട ക്രിയാത്മക നിർദ്ദേശങ്ങളെ പാടേ അവഗണിച്ച് സദുദ്ദേശപരമായി ചൂണ്ടിക്കാട്ടിയ പോരായ്മകളെ പർവ്വതീകരിച്ചു കാണിക്കുന്ന സമീപനമാണ് കമ്മിറ്റി സ്വീകരിച്ചിരിക്കുന്നത്. ഹൃദയകുമാരി കമ്മറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് രൂക്ഷമായ പ്രതികരണങ്ങളാണ് അക്കാദമിക സമൂഹത്തിൽ നിന്നും ഉയർന്ന് വന്നിരിക്കുന്നത്. എന്നാൽ ഈ വിമർശനങ്ങളെ സംബന്ധിച്ച് യാതൊരു ചർച്ചയ്ക്കും തയ്യാറാകാതെ ഏകപക്ഷീയമായി റിപ്പോർട്ടിനെ അംഗീകരിക്കുന്ന സമീപനമാണ് ഉന്നതവിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ചിരിക്കുന്നത്. റിപ്പോർട്ടിലെ വിവാദ നിർദ്ദേശങ്ങൾ പലതും നടപ്പാക്കണമെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ സർക്കാരിന് ശുപാർശ സമർപ്പിച്ചി

രിക്കുകയാണ്.

## എക്സിക്യൂട്ടീവ് കൗൺസിൽ സർക്കാരിനു സമർപ്പിച്ചിരിക്കുന്ന ശുപാർശകൾ

1. ഡയറക്ട് ഗ്രേഡിംഗിനു പകരം മാർക്കിനെ അടിസ്ഥാനമാക്കിയുള്ള ഇൻഡയറക്ട് ഗ്രേഡിംഗ് നടപ്പാക്കുക.
2. സെമസ്റ്ററിലുടനീളം നടത്തുന്ന ആന്തരികമൂല്യനിർണ്ണയത്തിനു പകരം സെമസ്റ്റർ അവസാനം മാത്രം ആന്തരിക മൂല്യ നിർണ്ണയം നടത്തുക. ടെസ്റ്റ് പേപ്പർ - 10 മാർക്ക്, അസൈൻമെന്റ് അല്ലെങ്കിൽ സെമിനാർ - 5 മാർക്ക്, അറ്റന്റൻസ് - 5 മാർക്ക് എന്നിങ്ങനെ മൊത്തം 20 മാർക്ക് ആന്തരിക മൂല്യനിർണ്ണയ രീതിയിൽ നൽകുക.
3. കോർവിഷയങ്ങൾ, ഇംഗ്ലീഷ്, പ്രാക്ടിക്കൽ എന്നിവയ്ക്ക് 2,4,6 സെമസ്റ്ററുകളുടെ അന്ത്യത്തിൽ മാത്രം സർവ്വകലാശാലാ പരീക്ഷകൾ നടത്തുകയും ഇതിന് കേന്ദ്രീകൃതമൂല്യനിർണ്ണയം ഏർപ്പെടുത്തുകയും ചെയ്യുക.
4. കോംപ്ലിമെന്ററി, ഇലക്ടീവ്, അഡീഷണൽ ലാംഗ്വേജ്, ഓപ്പൺ എന്നീ കോഴ്സുകളുടെ പരീക്ഷ എല്ലാ സെമസ്റ്ററിലും നടത്തുക. ഇതിന് സർവ്വകലാശാല തയ്യാറാക്കുന്ന ചോദ്യപേപ്പറുകൾ ഉപയോഗിക്കുകയും മൂല്യനിർണ്ണയത്തിന് ഹോം ഇവാലേഷൻ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.
5. രണ്ടു മാസത്തെ സമ്മർ വെക്കേഷൻ അതേപടി നിലനിർത്തുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് ഓരോ സെമസ്റ്ററിനും ശേഷം പരമാവധി 10 ദിവസത്തെ സെമസ്റ്റർ ബ്രേക്ക് അനുവദിക്കുക.
6. എൻ.എസ്.എസ്., എൻ.സി.സി., കലാ-കായിക പ്രവർത്തനങ്ങൾ തുടങ്ങിയ കോകരിക്കുലർ, എക്സ്ട്രാകരിക്കുലർ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ സെമസ്റ്ററിലും പരമാവധി 4 ക്രഡിറ്റ് നൽകുക.
7. ക്രഡിറ്റ് ബാങ്കിൽ ചുരുങ്ങിയത് 20 ക്രഡിറ്റ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയിൽ യൂണിവേഴ്സിറ്റികൾ തമ്മിലും യൂണിവേഴ്സിറ്റിക്കുള്ളിലും വിദ്യാർത്ഥികൾക്ക് ക്രഡിറ്റ് ട്രാൻസ്ഫർ സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ട വകുപ്പുകൾ സർവ്വകലാശാലാ നിയമത്തിൽ ഉൾപ്പെടുത്തുക.
8. സി.ബി.സി.എസ്.എസ്. പരീക്ഷകളിൽ മോഡറേഷൻ അനുവദിക്കരുത്
9. ഇൻഫർമാറ്റിക്സ് കോഴ്സുകൾക്ക് യോഗ്യരായ ആദ്ധ്യാപകരുടെ സേവനവും മതിയായ ലാബോറട്ടറി സൗകര്യവും ലഭ്യമാക്കുക.
10. മെതഡോളജി കോഴ്സുകൾ ഡിഗ്രിതലത്തിൽനിന്നും പിജി തലത്തിലേക്ക് മാറ്റുക.
11. സെമസ്റ്റർ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ മാറ്റങ്ങൾ സിലബസിലും പാഠപുസ്തകങ്ങളിലും, കോഴ്സുകളുടെ എണ്ണത്തിലും വരുത്തുവാൻ ബോർഡ് ഓഫ് സ്റ്റഡീസുകൾ തയ്യാറാകണം. ഇതു സംബന്ധിച്ച് ആദ്ധ്യാപകരുടെയും സ്വദേശത്തും വിദേശത്തുമുള്ള വിദഗ്ദ്ധരുടെയും അഭിപ്രായങ്ങൾ ആരായണം. പാഠപുസ്തകങ്ങളിൽ രാഷ്ട്രീയ പക്ഷപാതിത്വമില്ലെന്ന് ഉറപ്പാക്കണം.

ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളുടെ യോഗം 2012 ഒക്ടോബർ 16ന് വിളിച്ചു ചേർക്കുകയാണ്. കേരള സർവ്വകലാശാല ഒഴികെയുള്ള സർവ്വകലാശാലകളിലെ മുഴുവൻ സിൻഡിക്കേറ്റ് അംഗങ്ങളും സർക്കാരിന്റെ നോമിനികളാണ്. സർക്കാർ നോമിനേറ്റ് ചെയ്യുന്നവർ സർക്കാരിന്റെ ഇംഗിതത്തിനൊത്ത് പ്രവർത്തിച്ചില്ലെങ്കിൽ അവരെ പുറത്താക്കുമെന്ന സർവ്വകലാശാല നിയമഭേദഗതി യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്നിരിക്കുന്ന സാഹചര്യത്തിൽ മേല്പറഞ്ഞ വിവാദനിർദ്ദേശങ്ങൾ സർവകലാശാലാ തലത്തിൽ അംഗീകരിക്കപ്പെടാനാണ് സാദ്ധ്യത. ഫലത്തിൽ പ്രൊഫ. കെ.എൻ. പണിക്കർ വൈസ് ചെയർമാനായിരുന്ന ഒന്നാം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഉപദേശപ്രകാരം നടപ്പിലാക്കിയ സി.ബി.സി.എസ്.എസ്. പരിഷ്കാരത്തിന്റെ ആരാച്ചാരായി മാറിയിരിക്കുകയാണ് ഡോ. ടി. പി. ശ്രീനിവാസന്റെ നേതൃത്വത്തിലുള്ള രണ്ടാം കൗൺസിൽ. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

2012 -13 വർഷത്തെ മെമ്പർഷിപ്പ് തുക അടിയന്തിരമായി സംസ്ഥാന ട്രഷററെ നേരിട്ടോ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ എത്തിക്കേണ്ടതാണ്.

ട്രഷററുടെ മേൽവിലാസം
**പ്രൊഫ. ആർ.മോഹനകൃഷ്ണൻ**
ടി.സി.10/1967 (2), കെ.ആർ.ഡബ്ല്യൂ.എ -70
ശിവാരം, വട്ടിയൂർക്കാവ്, തിരുവനന്തപുരം -695013
**മൊബൈൽ: 9497592458**



# An Open Letter to Prof. Hridayakumari

## in Defence of the English Course Books under the Restructured Syllabus

എ.സി. ശ്രീഹരി
പയ്യന്നൂർ കോളജ്, പയ്യന്നൂർ



The questioning of a literary text as a narrative of reality was the epistemological break that the post colonial interventions in the academia brought about in the English class room. This led to an inquiry of reality into the cultural realms. The cultural critique, which considered the historicity of a text, would attempt to 'write back the Empire' that literary reality constructed. It is in such a context that the restructuring of the syllabus in the universities in Kerala is ought to be seen. The CCSS Curriculum introduced by The Higher Education Council under Dr. K.N. Panikar and the course books designed for the Universities in Kerala in this context is an attempt to subvert the colonial politics to a great extent.

Knowledge is not a neutral category that gets circulated in a society in an unmediated way. English studies in Colleges and Universities in Kerala get greater dimensions by virtue of the history of their colonial association, the fact being that that it was a major apparatus to civilise the natives. Canons of literature are constructed as normative, which however are argued to be part of a project of the West which only serves to freeze the 'Oriental' subject, while giving an unquestioning authority to the 'Enlightened' European patriarchal subject. The ideologies of the reform movements and educational enterprises in Kerala could not be extricated from the notion of academics in that, the colonizers undertook much of their humanizing and civilizing activities in the colonies with the help of literary works that were notified as carrying material of enormous aesthetic and universal value.

Europeans have used their knowledge of the Orient to overpower it. Dr. P.P. Raveendran argues that these may be referred to as aesthetic mythologisations through



*Dr. K.N. Panikkar*

which several Euro-centric notions are smuggled into the imaginaries of the subject. Macaulay, who laid the foundation of English education in India through his Minutes, made clear that the coloniser's objective in spreading English education was to form a class "Indian in blood and colour, but English in taste, in opinions, in morals and in intellect." With their political and intellectual authority, the British could succeed in realising what they envisaged. The colonial authority masqueraded itself as a set of universal values about truth, rationality and knowledge. The codes of orientalism that came to be internalised by the elite of the colonies retain legitimacy even now.

There was a consensus that English should be studied in schools and in the universities in order that we must keep ourselves in touch with "the living stream of ever-growing knowledge". Further, even in the global post-liberation/liberalisation period, in regional universities, English studies proceeded for a period along the colonial paradigm in the selection as well as interpretation of texts. The curriculum was in the line of legitimizing the pedagogic practice extant under the colonial education system which inv(f)ested English literature with 'universal values' and a timeless human significance by disengaging it from the circumstances out of which the text has emerged as well as from the ethos in which it was being received. The result was that Macaulay's ill-famous statement, that dubbed the entire native literature of India and Arabia as worth nothing more than "a single shelf of a good European library," got acceptance and English Literature was taught to civilize the barbaric Indians - to make people part of the West.



*Dr.E.V. Ramakrishnan*

The introduction of English studies is to be seen as a political project and the purpose of this has been spelt out in a somewhat crude way by an English official called J. Farish in a Minute that he issued for the Bombay Presidency: "The natives must either be kept down by a sense of our power, or they must willingly submit from a conviction that we are more wise, more just, more humane and more anxious to improve their condition than any other rulers they could possibly have." This perception was at the heart of ancient Sanskrit poetics as well, which obviously was one reason why the European view found immediate acceptability in the Oriental world in the era of modernity and colonization. At the same time the Europeans were quick to patent their poetics with its scientific claim. A thick division of science and non science was made, such that literature would lose to the more credible, useful and utilitarian based science. A comment by the late Steve Jobs, an ambassador of the Apple Computers/ multimedia, as to how the



*Dr.P.P. Raveendran*

Indian philosophical talk about darkness and light becomes obsolete with the invention of the electric bulb by Edison, is significant in this respect that even today such ideas are getting circulated about the East, says C. Padmanabhan.

Empires needed to know about the colonies – geology, geography, cartography, and statistics. What was left to plunder was their prime motive, both material and otherwise. Imperialism must have come to an end, but not the 'Empire,' which remains as a huge network of cultural production and exchange whose logic of rule, in step with the process of globalization, brings the entire world under its command.

The incorporation of Indian English texts, regional literature texts in translation, comparative literature and translation studies etc. into the curriculum didn't guarantee anything as the theoretical paradigm of these studies was in keeping with the colonial hegemony. The literary historians would be co-opted by the aesthetic ideology and reproduce the identical ideology. Literary histories have been acting as important means of disseminating and appropriating cultural capital in colonial and post colonial Kerala. We were almost having a cultural amnesia, forgetful of the 'cultural roots' of the local languages, focusing on global mobility.

Dr. E.V. Ramakrishnan notes that while English came to represent truth, modernity, secularism and rationality, Indian languages became synonymous with backwardness, superstition and obscurantism. Gauri Viswanathan says on the beginning of English literary studies in the country that the British colonial administrators, provoked by missionaries on the one hand and fears of native insubordination on the other, discovered an ally in English literature to support them in



*Dr.K.C. Muraleedharan*

maintaining control of the natives under the guise of a liberal education. This applies equally to the introduction of English language studies, as well as that of all kinds of Eurocentric academic discourses.

Although many people say that literature and other works depicting the East are only done with honest and sincere fascination, the truth is that many times those authors and artists can depict the East in a very biased way. Percy Ozymandias, one of the most anthologized poems of P.B. Shelley, the English Romantic poet, and son of a British parliamentarian, in Universities, may be interpreted to say that ancient Egyptians, and colonial-period Egyptians by extension, were barbarians, passionate in their anger and lust for power, sinful hedonists, and eventually doomed due to all of their uncivilized ways of life. People may continue to debate the validity of Edward Said's discussion of orientalism , but in the mean time, one might do well to try and be sensitive and aware of why and how they are getting represented in colonial literature and other discursive forms like films still in circulation through the curriculum in the postcolonial scenario. Studies on orientalism have demonstrated that the political control of colonies was facilitated by interventions in matters of culture, education and law. The range and reach of colonial discourses that inform the sites of the postcolonial nation have been extensive. Orientalism as the unwritten ideology of the colonial state apparatus, set in motion a large number of stereotypes, myths and fantasies about the 'East' and invested them with the stamp of official truth through the machinery of political power.

An analysis of some of the poems that have found their way in the syllabi of various universities in Kerala may be quite revealing in the way in



*John Keats*

which it carries on the process of orientalizing. "Ozymandias" by P.B. Shelley is usually anthologized as a masterful sonnet. The poem is "usually read as a radical critique of tyranny and a statement of the transience of temporal power". The book edited by Dr. K.C. Muraleedharan for Kannur University is the first of its kind to problematise *Ozimandias* in these lines in Kerala. New readings suggest, he says, that Shelley was deeply influenced by the orientalist perception of the Egyption ruler as an exponent of oriental despotism.

The teachers and students would take the central theme of "Ozymandias" for the inevitable decline of all leaders, and of the empires they build, however mighty in their own time. A symptomatic reading of the poem would bring out the colonial politics that underpins the imagination of the English poet. Fredric Jameson, the American Marxist critic commanded to "always historicize!" Egypt is widely regarded by the West as an important political and cultural nation of the Middle East. The 2008 edition of the travel guide (Lonely Planet's guide) to Egypt says that the poem was inspired by the fallen statue of Ramesses II at the Ramesseum, a memorial temple built by Ramesses at Thebes, near Luxor in Upper Egypt. This statue, however, does not have "two vast and



*Shakespeare*

trunkless legs of stone", nor does it have a "shattered visage" with a "frown and wrinkled lip, and sneer of cold command." (In fact, it is said, all statues of Egyptian kings have a uniform expression of serene benevolence.) Nor does the base of the statue at Thebes have any inscription, although Ramesses's name is inscribed on the statue itself.

The Old Testament image of Egypt as the land of enslavement for the Hebrews predominated, and 'Pharaoh' became a synonym for despotism and oppression in the 19th century. However, Enlightenment thinking and colonialist explorations in the late 18th century renewed their interest in ancient Egypt as both a model for, and an exotic alternative to, Western culture. The poem thus can be read out as a cultural construct of the vested interest of the West. Such a cruel male could never be tolerated with. The British kings were 'benevolent despots' of the Tudor dynasty, according to their own on historians. Or they have constructed a history of such a West to be taught in Indian schools and colleges. Moreover, they have constructed a history for us as well, depicting the indigenous kings as despots. It became their humanitarian duty to free we people from the clutches of such unruly rules and civilize us.

For centuries, people of western cultures have been travelling to the eastern countries after hearing about the wonders that others have encountered here. When European nations began colonizing Asian countries, they took with them their




*Meena Kandasami*

own ideals and moral values and projected them onto the new cultures which they were 'discovering'. The fact that many of those works construct a twisted image of their subjects to degrade and colonize Asian countries should be studied systematically.

This construction happened right before the colonization of Asian countries when the colonizers looked for all the possible evidence that they could find which would support a view of the natives as 'barbarians.' By turning people of Asian and Middle-Eastern cultures into the 'other,' the unfamiliar groups of peoples who did not know about civilized ways of living, it was easier for countries looking for new lands to justify the invasion and colonization of those cultures.

For Karl Marx, Oriental Despotism was a quality ascribed to the large cities of the Middle East and Asia, which could not have been truly independent, mainly due to their geographical location. He described the


Satchidanandan

phenomena as an "Asiatic Mode of Production", which prevented such states from progressing and required an outside (Western) force to enforce 'progressive' reforms. Romila Thaper is of the opinion that Marx was totally opposed to the interests of British imperialism. However Marx had believed that the coming of the British was the means by which despotism in India could be terminated.

Orientalism was not only about constructing the traditions of East as barbaric, despotic, but also about propagating what real 'progress' was. One of the


P. Sainath

most significant ways in which this was done was to perpetuate normative models of genders. As per this Oriental discourse, gendered identities and sexualities were constructed in terms of a heterosexual paradigm defined by a patriarchal tradition. This was to put in place the passive femininity and the macho masculinity as its protagonists, which was to find their way into the


P.B. Shelley


literary texts that form the canon.

One of the best-known of 154 sonnets written by William Shakespeare, another much anthologized poem, "Shall I compare thee to a summer's day?" have been typically taught in our class rooms as discussing the love and beauty of a beloved, often an unattainable love. The sonnet becomes part of the elitist and enlightened white culture which is male centred. Woman is marginal to this world. All 'great' works of Shakespeare have been considered to be tragedies where the male reign supreme. The female is peripheral to the world of 'significant' men.

When woman comes to the centre in the romantic period as a subject of poetry, she is cast from the male perspective. An example could be Keats' frequently anthologized poem, "La Belle Dame sans Merci," the title of an early fifteenth-century French poem which belongs to the tradition of courtly love. Keats appropriates this phrase for a ballad which has been


generally read as the story of a seductive and treacherous woman who tempts men away from the real world and then leaves them, their dreams unfulfilled and their lives blighted. A fatal woman conventionally tempts man with her beauty and ultimately causes his destruction. Keats allies himself with the male against the female, making the knight a helpless victim. The male voice both appropriates and silences the female. We never hear what the dame thought or felt. This poem thus becomes a case of 'Harassing the muse,' an unwarranted sexual and verbal assault upon a female whose response is neither listened to nor recorded.

All the three poems discussed above have intentionally been included by the editor, Dr. K.C. Muraleedharan, in the anthology, *Reading Literature in English*, to address such issues. It took a long time to make the women's voice heard in our syllabi. Meena Kandaswami and a host of other new generation female writers are given a space in the present Kannur University B.A. English Main syllabus by the Board of Studies. The book *Literature and Contemporary Issues* which has been criticized for its anti globalization articles by a poet Satchidanandan and The Hindu 'rural reporter' P. Sainath and the whole syllabus could be analysed one by one, for the way in which it puts forward a constructive critique of its politics of neo colonization.


*ozymandias*

The only request to Professor Hridayakumari, daughter of the great activist poet of the freedom struggle, Bodheswaran, is to go through the books open heartedly. It is irrational though to expect a constructive approach from the elder sister of poet Sugathakumari, who couldn't tolerate a poem of Meena Alexander on Gandhiji.

Prof. Hridayakumari, who taught Shakespeare, Shelley and Keats for decades in various colleges in Kerala, shouldn't leave these facts unnoticed. If she had known things in detail, her committee would never have asserted that the methodology courses are irrelevant. It would be an irresponsible statement that decreasing the depth and increasing the breadth would sabotage the fundamental aims of higher education, when one considers the 'politics' of the text. It is not all apolitical and one might be blissfully unaware that no text is free from politics. One's duty is to address and analyse them. The first verdict of her committee that the breaking down of knowledge-oriented subjects into small capsules prevented any in-depth study becomes faulty because of this. That the syllabus and the textbooks are not prepared with a comprehensive outlook and do not have depth and integrity on the subject, leaving the students and the teachers frightened by the names of texts given for reference can be a criticism possible to be raised only by Rip Van Winkles who have been pretending to be sleeping.



*Macaulay*

At the very outset, the committee mentions in its report why the credit-and-semester system was put to a halt in the U.K. almost a decade earlier, the argument being that the experience in the U.K. shows a contrary picture, leading to a going back to annual examinations to avoid malpractice. One would not wonder if the committee recommends the government to invite rulers of the U.K. to take charge of the state of Kerala, take the 'barbaric' people once again to civilization, as in the days of Macaulay!

EMERGING
KERALA

# വികസനകാഴ്ചപ്പാട്
## എമർജിങ് കേരളയുടെ പശ്ചാത്തലത്തിൽ

**നിശാന്ത് എ**
*പയ്യന്നൂർ കോളേജ്, പയ്യന്നൂർ*



എമർജിങ് കേരള എന്ന നിക്ഷേപസംഗമത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ രണ്ട് തരം വികസന കാഴ്ചപ്പാടുകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. അതിൽ ആദ്യത്തേത് മുതലാളിത്ത വികസനത്തെ പിന്തുണക്കുന്ന നവലിബറൽ നയങ്ങളാണ്. മറ്റൊന്ന് ജനപക്ഷവികസനമെന്ന ബദൽനയമാണ്. ആദ്യത്തേത് വളരെ വ്യക്തമായും സമ്പന്ന വർഗ്ഗത്തെയും രണ്ടാമത്തേത് അടിസ്ഥാന വർഗത്തെയും മധ്യവർഗത്തെയും പ്രതിനിധാനം ചെയ്യുന്നു. സമ്പത്തിന്റെ അസന്തുലിതമായ കേന്ദ്രീകരണമാണ്, സമ്പന്നൻ കൂടുതൽ സമ്പന്നനാകുന്നതാണ് നവലിബറലിസം. സമ്പത്തിന്റെ വിതരണമാണ് അഥവാ ദാരിദ്ര്യനിർമ്മാർജ്ജനമാണ് ജനപക്ഷവികസനം. ജനപക്ഷവികസനത്തെ ഇടതുപക്ഷം പിന്തുണക്കുമ്പോൾ സമ്പന്നന്റെ വളർച്ചയുടെ തോതിൽ വലതുപക്ഷം വികസനത്തെ വിലയിരുത്തുന്നു. ദേശീയസമ്പത്തിന്റെ എൺപത്ശതമാനത്തിലേറെ കൈയടക്കിവെച്ച കേവലം ഇരുപത് ശതമാനം പേരുടെ വളർച്ചയെ കേന്ദ്രീകരിച്ച് രാജ്യപുരോഗതി വിലയിരുത്തുമ്പോൾ ദാരിദ്ര്യം ഇല്ലായ്മ ചെയ്തിരിക്കുന്നുവെന്ന അവകാശവാദം ഉയരുന്നു. സമ്പന്നരുടെ ആസ്തിയല്ല ദേശീയ പുരോഗതിയുടെ മാനദണ്ഡം.

ഇരുപത്രൂപയുടെ പ്രതിദിനവരുമാനം പോലും ഇല്ലാതെ വിശപ്പ് മാത്രം തിന്ന് ജീവിക്കുന്നവന്റെ കൊടിയ വേദനയേക്കാൾ എണ്ണക്കമ്പനിക്കാരന്റെ കള്ളക്കണക്കുകൾക്കാണ് ഇന്ത്യയിൽ ഇന്ന് മുന്തിയ പരിഗണന. അടിസ്ഥാനവർഗമെന്നത് ഒരു വർഗമേയല്ല എന്ന സമീപനത്തിന്റെ വക്താക്കളാണ് ഇന്ത്യ ഭരിക്കുന്ന യു.പി.എയും കേരളം ഭരിക്കുന്ന യു.ഡി.എഫും. വൻകിട കുത്തക കമ്പനികളുടെ ആഗ്രഹങ്ങളാണ് ഇവിടെ ഭരണകൂടത്തിന്റെ നയങ്ങളായി രൂപപ്പെടുന്നത്. സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണം പോലും കുത്തകകൾക്കാണ്. കേരളത്തിന്റെ വികസനത്തെ നിയന്ത്രിക്കുന്നത് തന്നെ ഭൂമി കച്ചവടലോബികൾ, വിദ്യാഭ്യാസ കച്ചവടക്കാർ, വൻകിട റിസോർട്ടുടമകൾ, കരാറുകാർ എന്നിവരെല്ലാമാണ്. ഇത് കേവലമായ ഒരു നിഗമനമോ പ്രസ്താവനയോ അല്ല. അവരെയൊക്കെ സന്തോഷിപ്പിക്കുന്ന, അവർക്ക് മാത്രം പ്രതീക്ഷകൾ നൽകുന്ന വികസനപ്രവർത്തനങ്ങളാണ് എമർജിങ് കേരളയിലൂടെ പുറത്തുവരുന്നത്.

വികസനമെന്നാൽ സാമൂഹ്യനീതിയും സുസ്ഥിരതയും ഗുണമേന്മയും ഉറപ്പുവരുത്തുന്ന പ്രവൃത്തിയാണ്. യഥാർത്ഥത്തിൽ ഒരു രാഷ്ട്രീയപ്രവർത്തനമാണത്. ധനികനും ദരിദ്രനും തമ്മിലുള്ള വിടവ് ഇല്ലാതാക്കുന്ന സോഷ്യലിസ്റ്റ് കാഴ്ചപ്പാടാണ് യഥാർത്ഥ രാഷ്ട്രീയം അഥവാ വികസനം. അത് ഉറപ്പാക്കേണ്ടത് ഏതൊരു പൗരസമൂഹത്തിന്റെയും പ്രാഥമിക ഉത്തരവാദിത്തമാണ്. ഇതൊന്നുമല്ല, മറിച്ച് ധനികവൽക്കരണമാണ് വികസനമെന്ന സാമ്രാജ്യത്വ ആഗോളീകരണ കാഴ്ചപ്പാടാണ് നമ്മുടെ ഭരണകൂടങ്ങളുടെ

ജനപക്ഷവികസനത്തിന്റെ വഴിയായ ജനകീയാസൂത്രണ പ്രസ്ഥാനത്തെ പോലും വെല്ലുവിളിച്ചുകൊണ്ട് ഇന്നാട്ടിലെ വികസനം അടച്ചിട്ട എ.സി. മുറിയിൽ വിദേശികളും സ്വദേശികളുമായ മാനേജ്മെന്റ് വിദഗ്ധർ തീരുമാനിക്കുന്ന ഗതികേട് ഈ ജനാധിപത്യ കേരളത്തിന് കൈവന്നിരിക്കുന്നു. അത് തന്നെയാണ് ഇടതു-വലതുപക്ഷങ്ങളുടെ വികസനകാഴ്ചപ്പാടുകളിലെ അടിസ്ഥാനപരമായ വൈരുദ്ധ്യം.



നയം. കൊടിയ ദാരിദ്ര്യവും അസറിരതയും അസമത്വവും മാത്രമാണ് ഈ നയത്തിന്റെ ഉൽപന്നം. സമീപഭാവിയിൽതന്നെ രൂക്ഷമായേക്കാവുന്ന രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധികൾക്കൊപ്പം ഒട്ടേറെ സാമൂഹ്യപ്രശ്നങ്ങൾക്കും അസാംസ്കാരിക പ്രവണതകൾക്കും നാം ഇരകളാകേണ്ടിവരും.

ഭാവികേരളത്തിന്റെ വികസനമെന്നാൽ വിദേശകമ്പനികളുടെയും നിക്ഷേപകരുടെയും റിസോർട്ടുകളോ ബാർഹോട്ടലുകളോ സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളോ അല്ല. വ്യവസായ സ്ഥാപനങ്ങളോ ഷോപ്പിങ് മാളുകളോ വേണ്ടന്നല്ല. എമർജിങ് കേരളയിൽ ചർച്ച ചെയ്യപ്പെട്ടതെല്ലാം തെറ്റാണ് എന്നുമല്ല. ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ നടത്തിയ മാനേജ്മെന്റ് ഉത്സവത്തിനപ്പുറം രാഷ്ട്രീയമാനങ്ങൾ നൽകിയിട്ടുള്ള ജനാധിപത്യപരമായ യാതൊരു ചർച്ചയും ഇല്ലാതെയാണ് എമർജിങ് കേരള നടന്നത്. പഴയ ഗ്ലോബൽ ഇൻവസ്റ്റ്മെന്റ് മീറ്റിന്റെ അരാഷ്ട്രീയത തന്നെ ഇവിടെയും ആവർത്തിച്ചു. യു.ഡി.എഫിനകത്തുപോലും ചർച്ച ചെയ്യാതെ, വേണ്ടത്ര ഗൃഹപാഠം ചെയ്യാതെയാണ് ഇതും നടത്തപ്പെട്ടത്. വ്യക്തമായ പ്രോജക്ടുകൾ പോലുമില്ലാതെ പലതും കരാറുകളായി.

കേരളത്തിന്റെ പരിസ്ഥിതിവീക്ഷണത്തെയാകെ തകിടം മറിക്കുന്ന തീരുമാനങ്ങളാണ് ഉണ്ടായിരിക്കുന്നത്. കായലോരങ്ങളും കടൽത്തീരങ്ങളും പുഴകളും വയലുകളുമെല്ലാം നഷ്ടപ്പെടുമ്പോൾ വൻ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കും. നിശാനൃത്തശാലകളിൽ തകർത്താടുന്ന കാബറെ നൃത്തങ്ങൾ ഇവിടെ വികസനത്തിന്റെ ആധുനിക സൂചികകളായി മാറുകയാണ്. രാഷ്ട്രീയപ്രവർത്തകരെ വാർത്തെടുക്കാൻ വേണ്ടി അക്കാദമികൾ വരുന്നുണ്ടത്രെ. അനുഭവങ്ങളോ പ്രവർത്തനങ്ങളോ ഒന്നുമല്ല, മാനേജ്മെന്റ് സൂക്തങ്ങളാണത്രേ പുതിയ കാലത്തെ രാഷ്ട്രീയ പ്രവർത്തനത്തിനാവശ്യം!

അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വളർച്ചയും ആണ് വികസനത്തിന്റെ കാതൽ. എല്ലാവർക്കും ലഭിക്കുന്ന വിദ്യാഭ്യാസം, ആഹാരം, പാർപ്പിടം, വസ്ത്രം, സാമൂഹ്യസുരക്ഷ മനുഷ്യാവകാശ സംരക്ഷണം, ആരോഗ്യപരിരക്ഷ എന്നിവയെല്ലാം ചേർന്നാണ് വികസനം സാധ്യമാകുക. ജനങ്ങൾക്ക് ഇവയെല്ലാം നിഷേധിക്കാത്ത അവസ്ഥ വളരെ പ്രധാനമാണ്. സാമൂഹ്യസുരക്ഷയുടെ മാനദണ്ഡമായ പെൻഷൻപോലും നിർത്തലാക്കുന്ന ഒരു സർക്കാറാണ് പുതിയ വികസനമന്ത്രങ്ങൾ ഉരുവിടുന്നത്. 2013 ഏപ്രിൽ 1 മുതൽ ജോലിക്ക് ചേരുന്നയാളുടെ അടിസ്ഥാനശമ്പളവും ഡി.എയും ചേർന്ന തുകയുടെ ചുരുങ്ങിയത് പത്ത് ശതമാനം പിരിച്ചെടുക്കാനും ഷെയർ മാർക്കറ്റിന്റെ ചൂതാട്ടത്തിലേക്ക് ജീവിതത്തെ എടുത്തെറിയാനും ആഗസ്ത് 8 ന് വാറോല ഇറക്കിയവരാണ് ഇവിടെ വികസനത്തിന്റെ വക്താക്കൾ. ഇനി ശമ്പളംപോലും വെട്ടിക്കുറക്കാൻ മടി കാണിക്കാത്തവർ കേരളത്തെ വല്ലാതെയങ്ങ് എമർജ് ചെയ്യാനൊരുങ്ങുന്നു.

കൊടിയ ദാരിദ്ര്യത്തിന്റെ ഭാഗമായ കർഷക ആത്മഹത്യകൾ തടയുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. കാർഷിക ഉൽപന്നങ്ങൾക്ക് കർഷകന് കിട്ടുന്ന താങ്ങുവില അടിക്കടി കുറയുന്നു. എന്നാൽ സാധനങ്ങളുടെ വില മാർക്കറ്റിൽ വല്ലാതെ കൂടുന്നു. ഈ വൈരുദ്ധ്യത്തെ അഭിമുഖീകരിക്കാൻ നവലിബറൽ സംഹിതകൾക്കാകുന്നില്ല. കേരളത്തിൽ ഇന്നുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ എമർജിങ് കേരള വെച്ച നിർദ്ദേശങ്ങൾക്കൊന്നും സാധിക്കില്ല. കാരണം തൊഴിൽ രഹിതരുടെ കഴിവിനെ പറ്റി പഠിച്ചു കൊണ്ടല്ല പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നത്. പാവപ്പെട്ടവർ ഏറെ പഠിക്കുന്ന ആർട്സ് & സയൻസ് മേഖലയെ ക്രിയാത്മകമായി പരിഷ്കരിച്ച എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന മാറ്റങ്ങളെയെല്ലാം തകർത്ത് തരിപ്പണമാക്കാൻ നിലപാടെടുത്ത് നിൽക്കുന്നവർ വിദേശ സർവ്വകലാശാലകളുടെ കോഴ്സുകൾക്ക് വാതിൽ തുറന്നുകൊടുത്തിരിക്കുന്നു.


ജനപക്ഷവികസനത്തിന്റെ വഴിയായ ജനകീയാസൂത്രണ പ്രസ്ഥാനത്തെ പോലും വെല്ലുവിളിച്ചുകൊണ്ട് ഇന്നാട്ടിലെ വികസനം അടച്ചിട്ട എ.സി. മുറിയിൽ വിദേശികളും സ്വദേശികളുമായ മാനേജ്മെന്റ് വിദഗ്ധർ തീരുമാനിക്കുന്ന ഗതികേട് ഈ ജനാധിപത്യ കേരളത്തിന് കൈവന്നിരിക്കുന്നു. അത് തന്നെയാണ് ഇടതു-വലതുപക്ഷങ്ങളുടെ വികസനകാഴ്ചപ്പാടുകളിലെ അടിസ്ഥാനപരമായ വൈരുദ്ധ്യം.




എഴുത്തുകാരനെ ഭീഷണിപ്പെടുത്തി വരുതിയിലാക്കാനുള്ള, തങ്ങൾ നിർദ്ദേശിക്കുന്ന ആശയലോകത്തെ രൂപകല്പന ചെയ്യാനും പത്രാധിപന്മാർതന്നെ മുന്നിട്ടിറങ്ങുന്നു എന്നൊരു പ്രത്യേകതയും ഇവിടെ സംഭവിക്കുന്നുണ്ട്. എന്തായാലും എഴുത്തുകാരിൽനിന്ന് ഉണ്ടാകാവുന്ന ഒരു ചെറുത്തുനിൽപ്പിനെ ഭയപ്പെട്ടുകഴിഞ്ഞ നമ്മുടെ പത്രാധിപരെ വല്ലാതെ അത്ഭുതപ്പെടുത്തുന്നതായിരുന്നു എഴുത്തിന്റെ ലോകത്തുനിന്നുള്ള പ്രതികരണം! രാജാവിനെക്കാൾ വലിയ രാജഭക്തരായി അവർ പ്രതികരണത്തിന്റെ കെട്ടഴിച്ചുവിട്ടു.

# എരിയുന്ന പുരയിൽ തീകായുന്നവർ


**ഡോ.സി. ഉണ്ണികൃഷ്ണൻ**
*ദേവസ്വംബോർഡ് കോളജ്, ശാസ്താംകോട്ട*



ഭീരുവിന് കിട്ടുന്ന എച്ചിൽപ്പൊതിയാണ് ജീവിതം, കൈകൊണ്ട് മുഖം മറച്ച് ഞാനതു തിന്നുകൊണ്ടേയിരിക്കുന്നു. ടി. പി. ചന്ദ്രശേഖരന്റെ മരണം സ്ഥിരീകരിച്ച് മണിക്കൂറു കൾക്കുള്ളിൽ കുറിച്ചിട്ട വരികളാണിത്. കേരള മനസാക്ഷിയെ വല്ലാതെ ഞെട്ടിച്ച ഒരു മഹാപാതകമായിരുന്നു ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകം. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ വല്ലാത്ത ആഘാതമാണ് അത് സൃഷ്ടിച്ചത്. ഈ സംഭവത്തെ ദീർഘായുസ്സുള്ള സംവാദമാക്കുന്നതിൽ മാധ്യമങ്ങൾ മത്സരബുദ്ധിയോടെ പ്രവർത്തിച്ചു. രാഷട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽനിന്ന് സാംസ്കാരികലോകത്തിലേക്ക് ഇതിനെ പരാവർത്തനം ചെയ്യാനുള്ള സംഘടിത പരിശ്രമങ്ങളുണ്ടായി. വ്യത്യസ്തദർശനങ്ങളോടെയും , മത്സര ബുദ്ധിയോ ടെയും പ്രവർത്തിച്ചുകൊണ്ടിരുന്ന അച്ചടി -ദൃശ്യമാധ്യമങ്ങൾക്ക് ഒരേ കാഴ്ചയും ഒരേ സ്വരവും ഈ സംഭവത്തിൽ രൂപപ്പെടുകയുണ്ടായി.

നമ്മുടെ സാഹിത്യത്തിൽ, ജീവിച്ചിരുന്ന ടി. പി. ചന്ദ്രശേഖരൻ ഒരിക്കലും ഒരു സ്വാധീനവും ചെലുത്തിയിരുന്നില്ല. എന്നാൽ കൊലക്കത്തിക്കിരയായ ചന്ദ്രശേഖരൻ വേഗത്തിൽ സാഹ ിത്യത്തിലെ ഉപധാനമായി മാറി. കഥയിലും കവിതയിലും മാത്രമല്ല. സാഹിത്യത്തെ സ്പർശിക്കുന്ന എല്ലാ ചർച്ചകളിലും ചന്ദ്രശേഖരൻ കടന്നുവരുന്നു. സാമൂഹ്യജീവിതത്തെ സ്വാധീനിക്കുന്ന സംഭവങ്ങൾ സാഹിത്യത്തിന്റെ അപനിർമ്മാണത്തിന് എന്നും വഴിയൊരുക്കിയിട്ടുണ്ട്. എന്നാലത് സഹജാവബോ ധത്തിന്റെ ഫലമെന്ന നിലയിൽ അകൃത്രിമമായി രൂപപ്പെടുന്നതാണ്. നാക്കിനും വാക്കിനും ഒന്നുപോലെ വിലക്കേർപ്പെടുത്തിയ അടിയന്തിരാവസ്ഥയിൽ നൂറുകണക്കിന് സാഹിത്യസൃഷ്ടികൾ ഇന്ത്യയിലെമ്പാടും പിറവികൊണ്ടു. ആഹ്വാനങ്ങൾക്കിടമില്ലാത്ത ഇരുൾപ്പടപ്പുകളിൽ സർഗ്ഗാത്മകതയുടെ പുതുവെളിച്ചം സമസ്തസ്വാതന്ത്ര്യത്തിന്റെയും പ്രതീകമെന്നോണം തിരി തെളിച്ചു. മുഖ്യധാരാമാധ്യമങ്ങൾ കണ്ണടച്ചിട്ടും. അവയുടെ പ്രകാശം എത്തേണ്ടിടത്ത് എത്തുകതന്നെ ചെയ്തു.

മാധ്യമങ്ങൾക്ക് ഒരു വിലക്കും ഇല്ലാത്ത കാലഘട്ടത്തിലാണ് ഇന്ദിരാ ഗാന്ധിയും രാജീവ് ഗാന്ധിയും നിഷ്ഠൂരമായി കൊലചെയ്യപ്പെടുന്നത്. ഇന്ത്യൻ മനസ്സിൽ വല്ലാത്ത വികാരമാണ് ആ ദേശീയ നേതാക്കളുടെ കൊലപാതകം സൃഷ്ടിച്ചത്. എന്നാൽ നമ്മുടെ സാഹിത്യരംഗത്ത് അതുണ്ടാക്കിയ അനുരണനം തുലോം പരിമിതമായിരുന്നു. വികാരപരമായ ചില ആചാരങ്ങൾക്കൊണ്ട് മാധ്യമങ്ങൾ ആ ദേശീയ ദുരന്തങ്ങളെ പാർശ്വവൽക്കരിച്ചു. പ്രിയദർശിനിയുടെ കൊലപാതകത്തേക്കാൾ നമ്മുടെ എഴുത്തുകാരെ സ്വാധീനിച്ചത് സിഖുവംശത്തിന്റെ ഭീതിദമായ അവസ്ഥാവിശേഷങ്ങളായിരുന്നു. രാജീവ് ഗാന്ധിയുടെ വധത്തേക്കാൾ അവരെ ഭരിച്ചത് തമിഴ് ദേശീയതയോടുള്ള വികാരവായ്പായിരുന്നു



> രാഷ്ട്രീയത്തിന്റെ ശക്തി കുറയുകയും മാധ്യമങ്ങളുടെ ശക്തി ഏറുകയും ചെയ്തു എന്നതാണ് ലോക സാമൂഹ്യാവ സ്ഥയുടെ പൊതുസ്വഭാവമെന്ന് ഒറ്റവാക്കിൽപ്പറയാം. മറ്റൊരുതര ത്തിൽ പറഞ്ഞാൽ ജനാധിപത്യം ദുർബ്ബലമാവുകയും പണാധിപത്യം ശക്തമാവുകയും ചെയ്തിരിക്കുന്ന ഒരു കാലഘട്ടം രൂപപ്പെട്ടിരിക്കുന്നു.

. സ്വാതന്ത്ര്യാനന്തരമുണ്ടായ കലാപങ്ങളും തുടർന്ന് മഹാത്മാവിന്റെ അരും കൊലയും സൃഷ്ടിച്ച സാമൂഹ്യാവസ്ഥയെ പിന്തുടർന്ന എഴുത്തുകാരന്റെ പ്രതികരണങ്ങളിലും ഈ വൈരുദ്ധ്യം പ്രകടമായിരുന്നു. ഭരണകൂടശാഠ്യങ്ങ ളോ, മുഖ്യധാരാമാധ്യമങ്ങളുടെ താൽപ്പര്യങ്ങളോ ഒരു കാലത്തും എഴുത്തിന്റെ ഗതി നിയന്ത്രിച്ചിരുന്നില്ല എന്നതിന്റെ ഉദാഹരണങ്ങളിൽ ചിലത് മാത്രമാണിത്.

രാഷ്ട്രീയത്തിന്റെ ശക്തി കുറയുകയും മാധ്യമങ്ങളുടെ ശക്തി ഏറുകയും ചെയ്തു എന്നതാണ് ലോക സാമൂഹ്യാവസ്ഥയുടെ പൊതുസ്വഭാവമെന്ന് ഒറ്റവാക്കിൽപ്പറയാം. മറ്റൊരുതരത്തിൽ പറഞ്ഞാൽ ജനാധിപത്യം ദുർബ്ബലമാവുകയും പണാധിപത്യം ശക്തമാവുകയും ചെയ്തിരിക്കുന്ന ഒരു കാലഘട്ടം രൂപപ്പെട്ടിരിക്കുന്നു. ഇവിടെ രാഷ്ട്രീയത്തിന്മേൽ, മൂലധനശക്തികളാൽ നയിക്കപ്പെടുന്ന മാധ്യമങ്ങൾ അധീശത്വം നേടുന്നത് സ്വാഭാവികമാണ്. എന്നാൽ സാഹിത്യത്തിൽ പ്രത്യക്ഷമായ ഒരു ഇടപെടലിന് മാധ്യമങ്ങൾ ആവേശം കാട്ടാറില്ല. അതുകൊണ്ടുതന്നെ എഴുത്തിൽ രാഷ്ട്രീയം പാടില്ലെന്ന് അവർ നിരന്തരം വാദിച്ചുകൊണ്ടിരുന്നു. ഒരു എഴുത്തുകാരന്റെ അമിതഭോഗാസക്തിയേക്കാൾ ആപത്ക്കരമാണ് അയാളുടെ രാഷ്ട്രീയം എന്ന് നിരീക്ഷിച്ച. കെ .പി.അപ്പന്റെ നിഗമനങ്ങളെ പിൻപറ്റാൻ എന്നും മലയാള മാധ്യമങ്ങൾ താൽപ്പര്യം കാട്ടിയിട്ടുണ്ട്.

ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തോടെ നമ്മുടെ മാധ്യമങ്ങൾ എഴുത്തുകാരന്റെ രാഷ്ട്രീയ നിലപാടുകളെ സംബന്ധിച്ച് ഇന്നുവരെ അവർ പുലർത്തിയ നിലപാടുകളിൽനിന്ന് പിൻവാങ്ങാനും സാഹിത്യത്തിൽ രാഷ്ട്രീയത്തിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്താനും തുടങ്ങിയിരിക്കുന്നു. ഒരു പടികൂടി കടന്ന് രാഷ്ട്രീയ സംഭവങ്ങളിൽ പ്രതികരിക്കാത്തവർ കാര്യശേഷിയില്ലാത്തവരാണെന്ന് സ്ഥാപിച്ചെടുക്കാനും അവർ ശ്രമിക്കുന്നു. കേരളത്തിലെ ജ്ഞാനപീഠ ജേതാക്കളുടെ ജ്ഞാനത്തെ സംബന്ധിച്ച സംശയം ഒരു പത്രാധിപർ തന്നെ പരസ്യമായി ഉന്നയിക്കുന്നതു ശ്രദ്ധിക്കുക. ജ്ഞാനപീഠ ജേതാക്കൾ ഉൽപ്പാദിപ്പിക്കേണ്ട ജ്ഞാനം തങ്ങൾ കാംക്ഷിക്കുന്നതുപോലെയാകണമെന്നും അല്ലെങ്കിൽ ആ ജ്ഞാനപ്പെരുമയെ തങ്ങൾ കുത്തിക്കെടുത്തുമെന്നുമാണ് പറഞ്ഞതിന്റെ പൊരുൾ. എന്നിട്ടും അവരുടെ പ്രതികരണം പ്രതീക്ഷിച്ചതുപോലെയാകാത്തതിനാൽ മറ്റൊരു ജ്ഞാനപീഠജേതാവിനെ തന്നെ കണ്ടെത്തി തങ്ങളുടെ ചിന്തകൾക്ക് ചിറക് നൽകുന്നതും കണ്ടു. ഇതൊരു താക്കീതാണ്. മാധ്യമങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആശയമണ്ഡലത്തിലേക്ക് നിങ്ങളെക്കാളും പ്രശസ്തരെ അണിനിരത്താൻ കഴിയുമെന്ന താക്കീത് . ഏറെ യോഗ്യമെന്ന് പത്രാധിപർതന്നെ പ്രശംസിച്ച് പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന പ്രഭാവർമ്മയുടെ ശ്യാമമാധവം നിർത്തിവെയ്ക്കാൻ ആ പത്രാധിപർതന്നെ തയ്യാറായതിന്റെ പിന്നിലും ഈ താക്കീതും ഭയപ്പെടുത്തലുമാണുള്ളത്. എഴുത്തുകാരനെ ഭീഷണിപ്പെടുത്തി വരുതിയിലാക്കാനുള്ള, തങ്ങൾ നിർദ്ദേശിക്കുന്ന ആശയലോകത്തെ രൂപകല്പന ചെയ്യാനും പത്രാധിപന്മാർതന്നെ മുന്നിട്ടിറങ്ങുന്നു എന്നൊരു പ്രത്യേകതയും ഇവിടെ സംഭവിക്കുന്നുണ്ട്. എന്തായാലും എഴുത്തുകാരിൽനിന്ന് ഉണ്ടാകാവുന്ന ഒരു ചെറുത്തു നിൽപ്പിനെ ഭയപ്പെട്ടുകഴിഞ്ഞ നമ്മുടെ പത്രാധിപരെ വല്ലാതെ അത്ഭുതപ്പെടുത്തുന്നതായിരുന്നു എഴുത്തിന്റെ ലോകത്തുനിന്നുള്ള പ്രതികരണം! രാജാവിനെക്കാൾ വലിയ രാജഭക്തരായി അവർ പ്രതികരണത്തിന്റെ കെട്ടഴിച്ചുവിട്ടു. വസന്തത്തിന്റെ ഇടിമുഴക്കം സൃഷ്ടിച്ച ഇരുത്തം വന്ന കവികൾ മുതൽ പത്രാധിപരുടെ ഹസ്തതാഡനം കൊതിക്കുന്ന പുതിയ കവികൾ വരെ ഒരേ ആശയത്തിന്റെ വ്യതിരിക്ത സൃഷ്ടികളുമായി രംഗപ്രവേശം ചെയ്തു. മാധ്യമങ്ങളുടെ ഇച്ഛയ്ക്കൊത്ത് പ്രതിഭയെ പ്രകാശിപ്പിക്കാൻ കഴിയുമെന്ന ഒരു പുതിയ സാഹിത്യ സിദ്ധാന്തം കൂടി നമ്മുടെ കവികൾ എഴുതിച്ചേർത്തിരിക്കുന്നു. അമ്പതിലധികം കവിതകളാണ് ടി. പി. ചന്ദ്രശേഖരൻ വധത്തിന്റെ പശ്ചാത്തലത്തിൽ പിറന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ആ കൊലപാതകത്തെ പ്രതിപാദിക്കുന്ന കവിതകളല്ലാതെ മറ്റൊന്നും മുഖ്യാധാരാ മാധ്യമങ്ങളിൽ വരാതായി. (കവിതയില്ലാതെ ഇറങ്ങിയാൽ കുടിയും)

കെ. ജി. ശങ്കരപ്പിള്ളയുടെ വെട്ടുവഴി ടി. പി. ചന്ദ്രശേഖരനെ സംബോധന ചെയ്തുകൊണ്ടാണ് ആരംഭിക്കുന്നത് (മാതൃഭൂമി വാരിക മെയ് 27) ഒറ്റുമ്മ എന്നൊരു പുതിയ അനുഭവസംജ്ഞ മലയാളത്തിന് നൽകിയ ഈ കവിത ഹിംസയോട് വല്ലാത്ത വെറുപ്പാണുണർത്തുന്നത്.

അവര് വെട്ടിക്കുന്ന വെട്ടൊക്കെ
അവരിലും കൊള്ളുന്നതെന്ത്?

എന്ന് അവസാനിക്കുന്ന കവിത മാർക്സിസം പ്രതിനിധാനം ചെയ്യുന്ന മാനുഷിക മൂല്യങ്ങൾ എടുത്തുകാട്ടുന്നെങ്കിലും രാഷ്ട്രീയമായ കടന്നുക

യറ്റത്തിന് മുതിരുന്നില്ല. കാവ്യസന്ദർഭത്തിനും വിചാരധാരകൾക്കും മാറ്റമുണ്ടെങ്കിലും മഹസ്സർ (മാധ്യമം വാരിക ജൂൺ 4) എന്ന കവിതയുടെ പശ്ചാത്തലവും ഇതിൽനിന്ന് ഭിന്നമല്ല. കൊലയും ആത്മഹത്യയും ബംഗാളിന്റെ കവിയെ വല്ലാതെ വീർപ്പുമുട്ടിക്കുന്നതിന് തെളിവാണിത്. അടിയന്തിരാവസ്ഥയിൽ നിർഭയനായി നിന്ന് നാവുമരം സൃഷ്ടിച്ച സച്ചിദാനന്ദൻ വേണ്ടവിധം പ്രതികരിക്കുന്നില്ലെന്ന് വലിയ ആക്ഷേപമുയർന്നു ആ ആക്ഷേപത്തിൽനിന്ന് സ്വയം മുക്തനായി തന്റെ പ്രതികരണക്കരുത്ത് ചോർന്നുപോയിട്ടില്ലെന്ന് വ്യക്തമാക്കാൻ സൃഷ്ടിച്ച കവിതയാണ് ബലി (മാതൃഭൂമി വാരിക ജൂൺ 10)

ഒരു നാട് മുഴുവൻ ഒരേ സമയം ദുഃസ്വപ്നം കാണുന്നു.
ഒരു നാട് മുഴുവൻ ഒരേ സമയം കൈ കഴുകുന്നു. കഴുകുംതോറും ചോര പരക്കുന്നു.

എന്നെഴുതി ഈ കൊലപാതകം സൃഷ്ടിച്ച ആഘാതത്തിന്റെ പെരുപ്പം എത്രയാണെന്ന് അദ്ദേഹം എടുത്തു കാട്ടുന്നു.

ഉമേഷ്ബാബു കെ. സി. യുടെ മനുഷ്യൻ (മലയാളം വാരിക മേയ് 25) ഞങ്ങൾ (മാധ്യമം ജൂൺ 18) എന്നീകവിതകൾ ഈ പശ്ചാത്തലത്തിൽ രചിച്ചതാണ്. പുരോഗമന പ്രസ്ഥാനത്തിന്റെ ധീരനായ ആക്ടിവിസ്റ്റായിരുന്നു ഉമേഷ് ബാബു. അഹിംസയുടെ പാഠങ്ങളൊന്നും ആ പൂർവ്വവിപ്ലവകാരനിൽനിന്ന് അന്ന് മുഴങ്ങിക്കേട്ടിരുന്നില്ല. പക്ഷേ, ഇന്ന് ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകം അദ്ദേഹത്തെ വല്ലാതെ പ്രകോപിപ്പിക്കുന്നു. എത്ര എഴുതിയിട്ടും തീരാത്ത ക്രോധമാണ് അദ്ദേഹത്തിൽനിന്ന് പുറത്തുവരുന്നത്.

സാംസ്കാരത്തിലെ പുലയാടികളേ
, കാണുന്നുണ്ടോ?
അമ്പത്തൊന്നുവെട്ടുകളാൽ പുതപ്പിക്കപ്പെട്ട
ഒരു ധീരന്റെ ശവം
മനുഷ്യസ്നേഹത്തിന്റെ ഉറവക്കരികിൽ തീ പടർത്തിക്കിടക്കുന്നത്? (മനുഷ്യർ)

തന്റെ ആശയലോകത്ത് അദ്ദേഹം ഒരെതിരാളിയെ കാണുന്നുള്ളു. അത് താൻ ഇറങ്ങിപ്പോന്ന പ്രസ്ഥാനമാണ്. കവിതയുടെ കണിശതകൊണ്ട് കവി കണക്കുതീർക്കുന്നു.

ഞങ്ങളൊന്നും പഠിപ്പിക്കുന്നില്ല.
ശ്മശാനത്തിലായിരിക്കുമ്പോൾ
ഒരാൾ ആരെ എന്തുപഠിപ്പിക്കാനാണ്?
(ഞങ്ങൾ)

എന്നിങ്ങനെനിസ്സഹായമായ ഒരു വെറുപ്പും ഉമേഷ് ബാബുവിന്റെ കവിത സൃഷ്ടിക്കുന്നുണ്ട്.

ശിഹാബുദ്ദീൻ പൊയ്ത്തും കടവിന്റെ ബൈക്ക് യാത്രക്കാരൻ (മാധ്യമം ജൂൺ 11), പവിത്രൻ തീക്കുനിയുടെ കൊല്ലപ്പെടും മുമ്പ് (മാധ്യമം ജൂൺ, 4) എൽ. തോമസ്കുട്ടിയുടെ ക്രൂരകവിത (മലയാളം വാരിക ജൂൺ 1 ) സോമൻ കടലൂരിന്റെ കാരിരുമ്പ് (മാധ്യമം ജൂൺ 4 ) സെബാസ്റ്റ്യന്റെ മരണപ്പാച്ചിൽ (മാധ്യമം ജൂൺ 18), പി. എൻ. ഗോപീകൃഷ്ണന്റെ പിടികിട്ടാപ്പുള്ളി (മാതൃഭൂമി ജൂൺ 24), ജി. ബിജുവിന്റെ എറുമ്പും സൂര്യനും (മലയാളം മേയ് 25) വിജയലക്ഷ്മിയുടെ ഒരു മുത്തശ്ശിക്കഥ ( മാധ്യമം മേയ് 28), ജയപാലൻ കാര്യട്ടിന്റെ നൊമ്പരങ്ങൾ (കലാകൗമുദി ജൂൺ 10), എം. ജി. ശശിയുടെ റെനഗേഡ് (മാധ്യമം ജൂൺ 25) പി. എസ്. വെൺമണിയുടെ കത്തി (കലാകൗമുദി ജൂൺ 24), ആലങ്കോട് ലീലാകൃഷ്ണന്റെ കൊന്നവന്റെ ശമ്പളം (മാധ്യമം മേയ് 21), അമ്പലപ്പുഴ ഗോപകുമാറിന്റെ കുലംകുത്തികൾ (മലയാളം ജൂൺ 8) ഇങ്ങനെ എടുത്തുപറയേണ്ട ഏറെക്കവിതകളാണ് മേയ് 4 ന് ശേഷം മലയാള കാവ്യലോകത്ത് പിറവികൊണ്ടിരിക്കുന്നത്.


പ്രസിദ്ധീകരണത്തിന്റെ നിലപാട് കൃത്യമായി ഉൾകൊണ്ടാണ് ഓരോ കവിയും കാവ്യരചനയിലേർപ്പെട്ടതെന്ന് കവിതയുടെ ആശയവും കാഴ്ചപ്പാടും വ്യക്തമാക്കുന്നുണ്ട്. നടനെ മുൻനിർത്തി കഥാപാത്രങ്ങളെ സൃഷ്ടിക്കുന്ന കമ്പോള സിനിമയുടെ വഴിയിലാണ് ഇപ്പോൾ മലയാള കവിതയുടെ പ്രയാണം. ആശയങ്ങൾ നൽകുന്നത് മാധ്യമങ്ങളാണ്. ആവിഷ്ക്കരിക്കുക എന്ന ഒറ്റ ധർമ്മമേ ഇന്ന് കവിക്കുള്ളൂ. പ്രസിദ്ധീകരിക്കലും ആസ്വാദനം തയ്യാറാക്കലുമെല്ലാം പത്രാധിപന്മാർ ഏറ്റെടുത്തുകൊള്ളും . ആലങ്കോട് ലീലാകൃഷ്ണന്റെ കൊന്നവന്റെ ശമ്പളം പ്രസിദ്ധീകരിച്ചത് മാധ്യമം വാരികയിൽ. അതേറെ ആസ്വദിച്ചുകൊണ്ടെഴുതിയത് മാതൃഭൂമി പത്രാധിപർ. ആശയതലത്തിലും പ്രചാരവേലയിലും പരസ്പരം മത്സരിച്ചുകൊണ്ടിരുന്ന നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളെ ഇങ്ങനെ ഒന്നിപ്പിച്ച ശക്തിവിശേഷം എന്താണ്? ടി. പി. ചന്ദ്രശേഖരന്റെ വധാനന്തരം രൂപപ്പെട്ട കേരളീയന്റെ പൊതുവികാരത്തെ ഏകോപിപ്പിച്ച്, ഇടതുപക്ഷമനോഭാവമുള്ള കേരളീയമനസ്സിനെ ദുർബ്ബലപ്പെടുത്തുക എന്നല്ലാതെ ഇതിന് മറ്റൊരർത്ഥവും നൽകാനാവില്ല. ഇതിന് ഉത്സാഹം കാട്ടുന്ന മാധ്യമങ്ങളുടെ ഐക്യവും, ഇതിൽ ആവേശം കൊണ്ട് അണിചേരുന്ന കവികളുടെ സൃഷ്ടികളുമാണ് ഇന്ന് മലയാള കവിതയെ നയിക്കുന്നത്. പ്രസ്ഥാനത്തെ കടന്നാക്രമിക്കുകയും ഇടതുപക്ഷവിരുദ്ധാശയങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നവർ ഇന്ന് പുരോഗമനവാദികളായി കൊണ്ടാടുന്നു. അവർ ധീരരും എല്ലുറപ്പുള്ളവരുമായി വാഴ്ത്തപ്പെടുന്നു. കാവ്യരംഗത്തെ കൈത്തഴക്കം ഇവിടെ പ്രശ്നമേയല്ല. കവിതയുടെ മൂല്യം ഗണ്യമാക്കാനുമില്ല. പ്രസ്ഥാനത്തെ ശകാരിക്കുന്ന വാക്കുകൾ കവിതയാകും . എം. ജി. ശശിയുടെ റെനഗേഡും (മാധ്യമം വാരിക) അമ്പലപ്പുഴ ഗോപകുമാറിന്റെ കുലംകുത്തികളും (മലയാള വാരിക) മറ്റും നോക്കുക.

പാദുകത്തിന്റെ അളവ് നോക്കി പാദം മുറിക്കുന്നവനല്ല കവി. ധീരമായ തന്റെ ദർശനങ്ങൾ പുതുവെളിച്ചമായി സമൂഹത്തിന് നൽകേണ്ടവനാണ്. നിർഭയത അവന്റെ ആദർശമാണ്. തന്റെ നിർഭയത്വം കൊണ്ടാണ് സമൂഹത്തിന്റെ ഭയവിഹ്വലതകൾ കവി തുടച്ചു മാറ്റേണ്ടത്. ധൃതരാഷ്ട്രരുടെ മനോവികാരമറിഞ്ഞല്ല സഞ്ജയൻ കുരുക്ഷേത്രത്തിന്റെ സ്ഥിതി വർണിച്ചത്. ഒരാവിഷ്ക്കരണവും പരാധീനമാകാൻ പാടില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു . നോബൽ സമ്മാനം വേണ്ടെന്ന് പറയാൻ എഴുത്തുകാരനായ സാർത്രിനേ കഴിയൂ. തൂക്കുകയറിന്റെ കുടുക്കിലേക്ക് കണ്ണ് പായിക്കുമ്പോഴും ബഞ്ചമിൻ മൊളോയിസിന് ചിരിക്കാൻ കഴിഞ്ഞത് അദ്ദേഹം ഭയരഹിതനായ കവിയായതുകൊണ്ടാണ്. എന്നാൽ ഇവിടെ പത്രാധിപന്മാർ കൊളുത്തിയ പ്രലോഭനത്തിന്റെ വിളക്കുതേടി ഈയാംപാറ്റകളെപ്പോലെ ചിലർ കവിതയുടെ ചിറകുമുളപ്പിച്ച് എത്തുന്നു. മറ്റ് ചിലർ എരിയുന്ന പുരയിൽ തീകായുന്നു.

# സെക്രട്ടറിയേററ് മാർച്ചും ധർണയും

**2012 ആഗസ്റ്റ് 18**

എ കെ പി സി ടി എ, എ കെ ജി സി ടി, എഫ് യു ടി എ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സർവകലാശാല- കോളജ് അധ്യാപകർ സെക്രട്ടറിയേററ് മാർച്ചും ധർണയും നടത്തി. യു.ജി.സി ശമ്പള കുടിശ്ശികയും പി എച്ച് ഡി അഡ്വാൻസ് ഇൻക്രിമെൻറും നൽകുക, ജനവിരുദ്ധ വിദ്യാഭ്യാസ നയം പൊളിച്ചെഴുതുക, പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചായിരുന്നു ധർണ. സി പി ഐ എം പൊളിററ് ബ്യൂറോ അംഗം എം എ ബേബി ധർണ ഉദ്ഘാടനം ചെയ്തു. കോളജുകളും സർവകലാശാലകളും വിജ്ഞാനകേന്ദ്രങ്ങളായി മാറണമെന്ന അഭിലാഷത്തെ തകർക്കുന്ന നയമാണ് സർക്കാർ പിന്തുടരുന്നതെന്ന് അദ്ദേഹം പറഞ്ഞു. അധ്യാപകരെ തെരുവിലിറക്കി സമരം ചെയ്യാൻ നിർബന്ധിതരാകുന്ന സമീപനം ശരിയല്ല. ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കില്ലെന്നാണ് സർക്കാർ നിലപാട്. സാധാരണക്കാരുടെയും സർക്കാർ ജീവനക്കാരുടെയും ആവശ്യങ്ങൾക്കു മുന്നിൽ കൈമലർത്തുന്ന സർക്കാർ വൻ അഴിമതിക്ക് കൂട്ട് നിൽക്കുന്നതിൻെറ വാർത്തകളാണ് പുറത്തുവരുന്നതെന്നും എം എ ബേബി പറഞ്ഞു.




എഫ് യു ടി എ ജനറൽ സെക്രട്ടറി ഡോ. എ രാജൻ അധ്യക്ഷനായി. എ കെ ജി സി ടി ജനറൽ സെക്രട്ടറി പ്രൊഫ. കെ ജയകുമാർ, സംസ്ഥാന പ്രസിഡൻറ് പ്രൊഫ. എസ് സുദർശൻപിള്ള, എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ . കെ ശ്രീവത്സൻ, പ്രസിഡൻറ് ഡോ. പി മന്മദ്, എൻജി ഒ യൂണിയൻ സംസ്ഥാന പ്രസിഡൻറ് പി എച്ച് എം ഇസ്മയിൽ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് സെക്രട്ടറി അശോക്കുമാർ, സെക്രട്ടറിയേററ് എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറി ഉമ്മൻ എന്നിവർ സംസാരിച്ചു.

# എം ജി സർവ്വകലാശാലയുടെ ഓഫ് കാമ്പസ് കച്ചവടനീക്കം ഉപേക്ഷിക്കുക

ഓഫ് കാമ്പസ് കേന്ദ്രങ്ങൾ വ്യാപകമാക്കുവാനുള്ള നീക്കത്തിൽ നിന്നും എം ജി സർവ്വകലാശാലാ സിൻെറിക്കേററ് പിന്തിരിയണമെന്ന് എ കെ പി സി ടി എ പ്രവർത്തക സമിതി ആവശ്യപ്പെട്ടു. നൂറോളം പുതിയ ഓഫ് കാമ്പസ് കേന്ദ്രങ്ങൾ അനുവദിക്കുവാനുള്ള നീക്കം അണിയറയിൽ തകൃതിയായി നടക്കുകയാണ്. ഓഫ് കാമ്പസ് കോഴ്സുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ചും പരീക്ഷാനടത്തിപ്പിനെ കുറിച്ചുമൊക്കെ അക്കാദമിക സമൂഹം ഉയർത്തിയ ശക്തമായ വിമർശനങ്ങളെ തുടർന്ന് അഫിലിയേററഡ് കോളജുകളിൽ ഓഫ് കാമ്പസ് കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതി നൽകാതിരിക്കുക, ഓഫ് കാമ്പസ് കോഴ്സുകളുടെ പരീക്ഷകൾ സർവ്വകലാശാല നേരിട്ടു നടത്തുക , ഓഫ് കാമ്പസ് കേന്ദ്രങ്ങൾ തമ്മിൽ പഞ്ചായത്ത് മേഖലയിൽ ചുരുങ്ങിയത് 15 കിലോമീററും മുനിസിപ്പാലിററിയിൽ 5 കിലോ മീററും ദൂരപരിധി നിശ്ചയിക്കുക തുടങ്ങി ശ്രദ്ധേയമായ പല നടപടികളും സർവ്വകലാശാല സ്വീകരിച്ചിരുന്നു. ഈ തീരുമാനങ്ങളൊക്കെ അട്ടിമറിച്ച് ഓഫ് കാമ്പസ് കേന്ദ്രങ്ങൾ വ്യാപകമാക്കുവാനുള്ള വ്യഗ്രതയിലാണ് യു ഡി എഫ് സിൻെറിക്കേററ്. ഇതിനെതിരെ നിലവിൽ ഓഫ് കാമ്പസ് കോഴ്സുകൾ നടത്തുന്നവരിൽ നിന്നു പോലും പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ചില പ്രത്യേക മേഖലകളിൽ ബിനാമി പേരുകളിൽ ഒരേ ഏജൻസിക്കു തന്നെ മൂന്നും നാലും കേന്ദ്രങ്ങൾ അനുവദിക്കുവാനുള്ള നീക്കവും നടക്കുന്നുണ്ട്. സർവ്വകലാശാലയുടെ സ്വന്തം സ്ഥാപനമെന്ന തെററിദ്ധാരണ ബോധപൂർവ്വം സൃഷ്ടിക്കുന്നതിനു വേണ്ടി മഹാത്മാ ഗാന്ധിയുടെ പേരിൽ പോലും ഓഫ് കാമ്പസ് കേന്ദ്രം അനുവദിക്കുവാനുള്ള നീക്കം അങ്ങേയററം അപലപനീയമാണ്. മാനദണ്ഡങ്ങൾ കാററിൽ പറത്തി ഓഫ് കാമ്പസ് കച്ചവടം വ്യാപിപ്പിക്കാനുള്ള നീക്കത്തിൽ നിന്നും പിൻവാങ്ങിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭപരിപാടികൾക്കും ആവശ്യമെങ്കിൽ നിയമനടപടിക്കും സംഘടന തയ്യാറാകും.

# യൂണിവേഴ്സിററിയുടെ പിടിപ്പുകേട്
## അധ്യാപകരുടെ തലയിൽ കെട്ടിവയ്ക്കരുത്



കഴിഞ്ഞ മുപ്പതുവർഷത്തിലേറെയായി തുടർന്നു വന്നിരുന്ന പരീക്ഷാനടപടി ക്രമങ്ങൾ ആകെ അട്ടിമറിച്ചു കൊണ്ട് കേരള സർവ്വകലാശാല പരീക്ഷാ കൺട്രോളർ നടപ്പിലാക്കിയ പരിഷ്ക്കാരം മൂലം ബിരുദ, ബിരുദാനന്തര തലത്തിലെ രണ്ടും, നാലും സെമസ്റ്ററിന്റെ മൂല്യനിർണ്ണയ ക്യാമ്പുകളാകെ അവതാളത്തിലായിരിക്കുകയാണ്. കേരള സർവ്വകലാശാല പരിധിയുടെ കീഴിലുള്ള സർക്കാർ, എയ്ഡഡ് കോളജുകളിലെ അധ്യാപകർ, കോളജുകൾ അടച്ചിട്ട് സെപ്റ്റംബർ 13 ന് ക്യാമ്പുകളിൽ ഹാജരാകാനുള്ള കൺട്രോളറുടെ അറിയിപ്പ് സെപ്റ്റംബർ 11,12 തിയതികളിലാണ് കോളജുകളിൽ ലഭിക്കുന്നത്. സെപ്റ്റംബർ 13ന് അധ്യാപകർ മൂല്യനിർണ്ണയത്തിനുള്ള സൂചികകൾ പോലും ലഭ്യമായിരുന്നില്ല. ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ യൂണിവേഴ്സിറ്റി ജീവനക്കാരെ പോലും സർവ്വകലാശാല പലയിടത്തും വിന്യസിച്ചിരുന്നില്ല.

മിക്ക വിഷയങ്ങളുടെയും പരീക്ഷാ ചെർമാൻമാരെ പരീക്ഷാ, സംബന്ധമായ നടപടികൾ രേഖാമൂലം അറിയിക്കാതെയാണ് ക്യാമ്പുകൾ തുടങ്ങിയത്. പരീക്ഷാ നടത്തിപ്പിന്റെ ബാലപാഠം പോലുമറിയാത്ത ചിലർ സർവ്വകലാശാലാ തലപ്പത്തിരിക്കുന്നതിന്റെ ദുർവിധി സഹിക്കേണ്ടി വരുന്നത് അധ്യാപകരും ജീവനക്കാരും വിദ്യാർത്ഥികളുമാണ്.

പരീക്ഷാസംബന്ധമായ ജോലികളിൽ അധ്യാപകരെ വിന്യസിക്കുന്നതിന് സർവ്വകലാശാല വർഷങ്ങളായി അടിസ്ഥാനമാക്കുന്നത് വർഷാവർഷം അധ്യാപകർ പൂരിപ്പിച്ചു നൽകുന്ന പരീക്ഷാ ഇൻഡക്സ് ഫോമുകളിലെ വിവരങ്ങളാണ്. എത്രവർഷം അധ്യാപന പരിചയം ഉണ്ടെന്നു തുടങ്ങി, ഏതു പേപ്പറിനും, ഏതു മൂല്യനിർണ്ണയ കേന്ദ്രത്തിനുമാണ് പ്രഥമ പരിഗണന നൽകുന്നതെന്നതുൾപ്പെടെയുള്ള വിവരങ്ങൾ അധ്യാപകരിൽ നിന്നെഴുതി വാങ്ങിവെച്ചിട്ട്, തന്നിഷ്ടം പോലെ അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ദ്രോഹകരമായവിധം കാര്യങ്ങൾ നടപ്പിലാക്കിയതു ദുഷ്ടലാക്കോടെയാണ്.

തങ്ങൾ ചോദിക്കാത്ത ക്യാമ്പുകളിലേക്ക് അധ്യാപകരെ നിർബന്ധപൂർവ്വം പറഞ്ഞയയ്ക്കാനുള്ള തീരുമാനത്തെ സിൻറിക്കേററിലെ എ കെ പി സി ടി എ , എ കെ ജി സി ടി അംഗങ്ങൾ ശക്തമായി എതിർക്കുകയുണ്ടായി. ആലപ്പുഴക്കാർ കൊല്ലത്തും, തിരുവനന്തപുരത്തുകാർ ആലപ്പുഴയിലും പോയി മൂല്യനിർണ്ണയം നടത്തണമെന്ന തുഗ്ളക്കിന്റെ പരിഷ്ക്കാരമാണ് കൺട്രോളർ ഇക്കുറി നടപ്പിലാക്കിയത്. വലതുപക്ഷ അധ്യാപക സംഘടനയുടെ പ്രതിനിധികൾ ഇത്തരത്തിലുള്ള അധ്യാപക വിരുദ്ധ തീരുമാനങ്ങളെ അനുകൂലിച്ചത് ലജ്ജാകരമാണ്. മുഴുവൻ ക്യാമ്പുകളിലും അതുകൊണ്ടു തന്നെ എ കെ പി സി ടി എ വിരുദ്ധ സംഘടനകളിലെ അധ്യാപകർ പോലും, സർവ്വകലാശാലാ തീരുമാനത്തിനെതിരായി എ കെ പി സി ടി എയുടെ പ്രക്ഷോഭത്തിനെ പിൻതാങ്ങി രംഗത്തു വരികയുണ്ടായി. കാലാകാലങ്ങളായി തങ്ങൾ മൂല്യ നിർണയം നടത്തുന്ന കേന്ദ്രങ്ങളിൽ നിന്ന് അധ്യാപകരെ പുറത്താക്കാനുള്ള നീക്കം നടത്തുന്ന മാന്യന്മാർ എ കെ പി സി ടി എയുടെ ചരിത്രം വായിച്ചുനോക്കണം. മുൻകാലങ്ങളിൽ അധികാരമത്തു പിടിച്ച പല ഭരണാധികാരികളെയും, ഏകാധിപതികളെയും അവരുടെ മടയിൽ എതിർത്തു തോൽപിച്ച ചരിത്രമുള്ള സംഘടനയാണ് എ കെ പി സി ടി എ. ചെറിയ പ്രശ്നങ്ങളെ പരിഹരിച്ചു മുന്നോട്ട് പോകേണ്ട അധികാരികൾ, അവരുടെ പിടിപ്പുകേടും വിവരമില്ലായ്മയും മൂലം കാര്യങ്ങൾ ആകെ അവതാളത്തിലായപ്പോൾ ചില മാധ്യമ സുഹൃത്തുക്കൾക്ക് വ്യാജ വാർത്തകളെഴുതിക്കൊടുത്ത് അധ്യാപകരെ അപമാനിക്കാനാണ് ശ്രമിച്ചത്. വിദ്യാർത്ഥികളുടെ ഭാവിയെകരുതി ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും, പരാതികളും മാററിവെച്ചും സഹക

രിക്കാൻ തയ്യാറായ മുഴുവൻ അധ്യാപകരെയും പണക്കൊതിയന്മാരും, സ്വാർത്ഥമോഹികളുമായി ചിത്രീകരിച്ച് തകർത്തുകളയാമെന്ന് ആരും കരുതരുത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആർട്ട്സ് ആൻറ് സയൻസ് കോളജുകളിൽ വിദ്യാഭ്യാസം തേടിയെത്തുന്നത് സാധാരണക്കാരൻെറയും പാവപ്പെട്ടവൻെറയും കുട്ടികളാണ്. അവരുടെ ഭാവി പന്താടാനുള്ള ഏതു നീക്കത്തെയും എ കെ പി സി ടി എ, പുരോഗമന അധ്യാപക, വി[illegible]ർത്ഥി പ്രസ്ഥാനങ്ങൾക്കൊപ്പം നിന്ന് പോരാടി തോൽപ്പിക്കും.

ബിരുദതലത്തിൽ ഗുണപരമായ മാററങ്ങൾ സൃഷ്ടിച്ച സെമസ്റ്റർ സമ്പ്രദായത്തെ അട്ടിമറിക്കാനുള്ള യു ഡി എഫ് സർക്കാരിൻെറയും, ഉന്നത വിദ്യാഭ്യാസ കൗൺസിലിൻെറയും രഹസ്യ അജണ്ട നടപ്പിലാക്കാനാണോ സിൻറിക്കേററിലെ ചില പ്രമാണിമാരെ കൂട്ടുപിടിച്ച് ഇത്തരം അരക്ഷിതാവസ്ഥ ഉണ്ടാക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ബിരുദ, ബിരുദാനന്തര പരീക്ഷകൾ നടത്തിയിട്ട് മാസങ്ങളോളം മൂല്യനിർണ്ണയം നടത്താതെ പരീക്ഷാപേപ്പറുകൾ സർവ്വകലാശാലയിൽ കെട്ടിയിടുക, അധ്യാപകർ പേപ്പർ മൂല്യനിർണ്ണയം നടത്തിയാലും ഏഴും, എട്ടും മാസങ്ങൾ കഴിഞ്ഞു മാത്രം പരീക്ഷാ ഫലം പുറത്തു കൊണ്ടുവരിക എന്നിവയ്ക്ക് മാററം വരുത്തണമെന്ന് എ കെ പി സി ടി എ പ്രതിനിധികൾ നിരന്തരം ആവശ്യപ്പെടുന്നതു തെററാണോ?

ഓപ്ഷനു വിരുദ്ധമായി മൂല്യനിർണ്ണയത്തിനെത്താൻ ബുദ്ധിമുട്ടുള്ളവർ അതാതു കോളജുകളിൽ തന്നെ ഹാജരായാൽ മതിയെന്ന പുതിയ ഒരു നിർദ്ദേശവുമായി സർവ്വകലാശാല രംഗത്തു വന്നത് മൂക്ക് മുറിഞ്ഞാലും ആരാൻെറ ശകുനം മുടക്കിയേ തീരൂ എന്ന രീതിയിലുള്ള ഈ ദുർവാശിയാണ് കാര്യങ്ങൾ കുഴപ്പത്തിലാക്കിയത്. അടുത്ത പ്രാവശ്യം മുതൽ അദ്ധ്യാപകരുടെ താത്പര്യം കൂടി കണക്കിലെടുത്തായിരിക്കും അവരെ ക്യാമ്പുകളിലേക്ക് നിയോഗിക്കുക എന്ന സർവ്വകലാശാലയുടെ അറിയിപ്പു തന്നെ അവരുടെ തീരുമാനം തെററായിരുന്നു എന്നതിൻെറ കുററസമ്മതമാണ്.

ഇത്തരം അധ്യാപക വിദ്യാർത്ഥി വിരുദ്ധ നടപടികളുമായി മുന്നോട്ട് പോയാൽ ശക്തമായ സമര പരിപാടികൾ എ കെ പി സി ടി എയുടെ നേതൃത്വത്തിൽ നടത്തുമെന്ന് സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്നവർക്ക് മുന്നറിയിപ്പു നൽകുന്നു

# 2012 ആഗസ്റ്റ് 21 ലെ പണിമുടക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കാനുള്ള കേരള സർക്കാരിൻെറ തീരുമാനം പിൻവലിക്കുക എന്ന ആവശ്യവുമായി കേരളത്തിലെ മുഴുവൻ ജീവനക്കാരും അദ്ധ്യാപകരും ആഗസ്റ്റ് 21 പണിമുടക്കി. കേരളത്തിലെ ബഹുഭൂരിപക്ഷം സ്വകാര്യ കോളജ് അധ്യാപകരും പണിമുടക്കിൽ പങ്കെടുത്തു.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

**ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.**

**വാർഷിക വരിസംഖ്യ 100 രൂപ മാത്രം**


**ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ എഡിററിൽ നിന്നോ ലഭിക്കുന്നതാണ്.

*ചീഫ് എഡിററുടെ വിലാസം*
**ഡോ. എസ്. ജയരാജ്കുമാർ**
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004. Mob: 9447140004

*മാനേജിംഗ് എഡിററുടെ വിലാസം*
**ഡോ.ജി.എസ്.സുരേഷ്**
ദേവിപ്രിയ, ടി.സി.36/403(1),
പാൽക്കുളങ്ങര, തിരുവനന്തപുരം- 695 024
ഫോൺ: 0471-2452225

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35 Phone: 0471- 2463494, Fax: 0471-2468984,
Mobile:09495425219 e-mail:akpctatvm@gmail.com www.akpcta.org




# അല്പം സൂര്യ കാര്യം

ഡോ.എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*



പ്രഭാതഗോപുര വാതിൽ തുറന്ന് പണ്ടു മനുഷ്യൻ ഭൂമിയിൽ വരുന്നതിന് മുമ്പ്, ഏതിൽ നിന്ന് ഒരു ചുടു തീക്കുടമായി ശൂന്യാകാശപഥത്തിൽ വീണ് തണുത്ത് മയങ്ങി ഭൂമി ഉണർന്നുവോ, അതാണ് ഭൂമിയെ സനാഥയാക്കുന്നത്. അത് തന്നെയാണ് ഒരു കാവ്യകാരന്റെ വ്യക്തിനിഷ്ട കല്പനയിൽ തെളിയുന്ന ഭൂമിയുടെ നാഥൻ, സാക്ഷാൽ സൂര്യൻ. വിഷ്ണു പുരാണത്തിൽ കശ്യപന്റെ മകനും വിശ്വകർമ്മാവിന്റെ മകൾ സംജ്ഞയുടെ ഭർത്താവുമായ സൂര്യൻ. അനേകം പര്യായങ്ങളായി നമ്മുടെ ഭാഷയിൽ പ്രത്യക്ഷപ്പെടുന്ന സൂര്യൻ. കശ്യപ പത്നിയായ അദിതിയിൽ ജനിച്ച ആദിത്യൻ.

ഭൂമിയിലെ സമസ്ത ജീവജാലങ്ങൾക്കും സർവ്വനാഡീബന്ധമുള്ള സൂര്യൻ എന്ന ശ്രേഷ്ട നക്ഷത്രം ഇനി



മാർട്ടിൻ ഷ്വാർട്സ് ചൈൽഡ്

**സൂര്യനെ ആരാധനാ മൂർത്തിയായി കണ്ട് പ്രാർത്ഥിച്ച മനുഷ്യ വർഗ്ഗം തന്നെയാണ് ഉഗ്ര താപത്താൽ ചീറിക്കൊണ്ടിരിക്കുന്ന സൗരമുഖം കണ്ടെത്തിയത്. അനേകം പ്രകാശ വർഷങ്ങൾ കൊണ്ട് സൂര്യൻ ഉൾപ്പെട്ട 'മിൽക്കി വേ' എന്ന നക്ഷത്ര വ്യൂഹത്തിന്റെ മദ്ധ്യബിന്ദുവിനെ വിശാലമായി പ്രദക്ഷിണം വയ്ക്കുന്ന സൂര്യൻ ഭീഷണമായ ഒരു സാന്നിദ്ധ്യം കൂടിയാണ് നമുക്ക് എന്ന് ഓർക്കുക.**

വരുന്ന ഫെബ്രുവരിയിൽ സൗരപാരമ്യത്തിലേക്ക് (Solar Maximum) പ്രവേശിക്കും. മനുഷ്യൻ ശൂന്യാകാശത്തും ഭൂപ്രതലത്തിലും നാട്ടിയിട്ടുള്ള ഉപകരണ ഉപഗ്രഹാദികളെ താറുമാറാക്കിയേക്കാവുന്ന ഒരു പ്രതിഭാസമത്രേ സോളാർ മാക്സിമം. സൂര്യനെ സംബന്ധിക്കുന്ന ഈ കാര്യ വിചാരത്തിന്റെ നിദാനവും അതുതന്നെ.

**ഉള്ളടക്കം**

ഉഗ്രതാപത്താൽ വെളിച്ചം വമിക്കുന്ന (Incandescent) വാതകവ്യൂ


ഹം സദാ പൊട്ടിത്തെറിയും ചീറ്റലും ക്ഷിപ്ര വിസർജ്ജനവും കൊണ്ട് ചലന സജീവമായ അപൂർവ്വ കാഴ്ച - അതത്രെ സാമാന്യ നിരീക്ഷണത്തിൽ സൂര്യൻ. ഈ പ്രതലക്കാഴ്ചയ്ക്ക് വഴിയൊരുക്കുന്നതോ സൂര്യന്റെ മദ്ധ്യത്ത് നിന്നുള്ള ബല ക്രിയകളും

സൂര്യന്റെ വ്യാസം (Diameter) 1,392,684 കിലോമീറ്റർ ആണ്. ഭൂമിയുടെ 109 മടങ്ങ് ഉണ്ട് സൂര്യന്റെ വ്യാസം. പിണ്ഡം (Mass) ആകട്ടെ $2 \times 10^{30}$ കിലോഗ്രാം - ഭൂമിയുടെ പിണ്ഡത്തിന്റെ 3.3 ലക്ഷം മടങ്ങ് ആണ്. സൂര്യന്റെ രാസപരമായ ഉള്ളടക്കത്തിന്റെ മൂന്നിൽ ഒരു ഭാഗം ഹൈഡ്രജൻ ആണ്. ശേഷിക്കുന്ന ഒരു ഭാഗം ഹീലിയം ആണെങ്കിലും ഓക്സിജൻ, കാർബൺ, ഇരുമ്പ്, നിയോൺ, നൈട്രജൻ, സിലിക്കൺ, മഗ്നീഷ്യം , സൾഫർ എന്നിവയുടെ സാന്നിദ്ധ്യവുമുണ്ട്.

## പുരാണം

അത്ഭുതം കൂറുന്ന കണ്ണുകളുമായി സൂര്യനെ നിരീക്ഷിച്ചു തുടങ്ങിയ ആദിമ കാലം മുതൽ തന്നെ മനുഷ്യന്റെ പ്രജ്ഞ സൂര്യകാന്തിപ്പൂവിനെ പ്പോലെ സൂര്യനെ അനുധാവനം ചെയ്യുകയായിരുന്നു. സൂര്യന് ഗോളാകൃതി ആണെങ്കിലും കൃത്യമായി എലിപ്സിന്റെ (അണ്ഡാകൃതി) രൂപമെന്ന് പറയത്തക്ക മേജർ, മൈനർ ആക്സിസുകൾ ഉണ്ട്. മേജർ ആക്സിസും മൈനർ ആക്സിസും തമ്മിൽ പത്ത് കിലോമീറ്റർ വ്യത്യാസമേ ഉള്ളൂ.

സൂര്യ പ്രതലത്തിൽ വെളിച്ചത്തിന്റെ അത്യാധിക്യമാണ്. പുരാണത്തിൽ പറയുന്നത്, ഈ ചൂടും വെളിച്ചവും താങ്ങാൻ കെല്പില്ലാതെ സൂര്യന്റെ സഹധർമ്മിണി സംജ്ഞ സ്ഥലം വിട്ടു എന്നാണ്. തന്റെ സ്ഥാനത്ത് ഛായ എന്ന സ്ത്രീയെ ഏൽപ്പിച്ചിട്ടാണ് സംജ്ഞ പോയത്. സൂര്യൻ വർഷങ്ങളോളം ഇക്കാര്യം അറിഞ്ഞതുമില്ല. സംജ്ഞയിൽ സൂര്യന് പിറന്ന യമനെ ഒരു ദിവസം, ദേഷ്യം വന്ന് ഛായ ശപിച്ചു. സ്വന്തം മകന്റെ നേർക്ക് ഒരു അമ്മയും ശാപവചസ്സുകൾ ഉതിർക്കയില്ലല്ലോ എന്ന് വിചാരിച്ച് സൂര്യൻ കാര്യങ്ങൾ തിരക്കിയപ്പോഴാണ്,




സംജ്ഞ പോയതും തൽസ്ഥാനത്ത് ഛായ എത്തിയതും തിരിച്ചറിഞ്ഞത്. അന്വേഷിച്ചപ്പോൾ സംജ്ഞ തന്റെ ചൂട് സഹിക്കാൻ കഴിയാതെ കാട്ടിൽ ഒരു പെൺകുതിരയായി കഴിഞ്ഞു കൂടുന്നു എന്ന് സൂര്യൻ മനസ്സിലാക്കി. അപ്പോൾ സൂര്യൻ ഒരു ആൺകുതിരയായി രൂപാന്തരം ചെയ്ത് സംജ്ഞയുടെ കൂടെക്കൂടി. കുതിര ജീവിതം ക്രമേണ അവർക്ക് മടുത്തപ്പോൾ, ദേവശില്പിയായ സംജ്ഞയുടെ അച്ഛൻ വിശ്വകർമ്മാവ് , സൂര്യന്റെ പ്രകാശം ലഘൂകരിച്ച് മകൾക്ക് സഹനീയമായ തോതിലാക്കാൻ നിശ്ചയിച്ചു. അതിനായി സൂര്യനെ പിടിച്ച് കല്ലിൻമേൽ ഉരച്ച് ഉരച്ച്, വെളിച്ചം, മുമ്പ് ഉണ്ടായിരുന്നതിന്റെ എട്ടിൽ ഒന്നാക്കി ചുരുക്കി. ഉരച്ച് മാറ്റിയ അംശങ്ങൾ കൊണ്ടത്രെ വിശ്വകർമ്മാവ് വിഷ്ണുവിന് ചക്രായുധവും, ശിവന് ത്രിശൂലവും, സുബ്രഹ്മണ്യന് വേൽ ആയുധവും കുബേരന് വിവിധ ആയുധങ്ങളും നിർമ്മിച്ച് നൽകിയത്.

ഈ പുരാണ കഥയ്ക്ക് നിദാനം സൂര്യനിൽ കാണുന്ന കലകളും പൊട്ടുകളും കളങ്കങ്ങളുമാണ്. പൗരാണിക കാലത്തെ സൗരനിരീക്ഷണം കൊണ്ട് കണ്ടെത്തിയ സൂര്യനിലെ വെളിച്ചത്തുരുത്തുകൾക്കും കറുത്തപാടുകൾക്കും ഈ പറഞ്ഞ കഥയിലൂടെ ഒരു കാല്പനിക വ്യാഖ്യാനം നൽകിയതാവണം. എന്നാൽ 1885 ൽ ജാൻസൺ എന്നൊരു ഫ്രഞ്ച് ജ്യോതിശാസ്ത്രജ്ഞൻ സൂര്യന്റെ ഫോട്ടോകൾ എടുത്ത് സൂക്ഷ്മ നിരീക്ഷണം നടത്തി. അതിന് വേണ്ടി ആ ചിത്രങ്ങൾ എൻലാർജ് ചെയ്യുകയും ചെയ്തു. 1957 ൽ മാർട്ടിൻ ഷ്വാട്സ് ചൈൽഡ് (പ്രിൻസ്ടൺ യൂണിവേഴ്സിറ്റി) സാഹസികമായി സൂര്യന്റെ ചില ഫോട്ടോകൾ എടുത്തു. ആരു ബലൂണിൽ ഒരു ടെലസ്കോപ്പ് ഘടിപ്പിച്ച് 80,000 അടി ഉയരത്തിൽ എത്തിച്ച് ചിത്രങ്ങൾ എടുത്തു. സൂര്യന്റെ പരുക്കൻ മുഖം ജാൻസനേക്കാൾ വ്യക്തതയോടെ ഒപ്പിയെടുക്കാൻ മാർട്ടിന് കഴിഞ്ഞു. കണ്ണു വേദനിപ്പിക്കുന്ന വെളിച്ചം ആ ഇരുണ്ട പാടുകളിലുണ്ട് എങ്കിൽ, കാഴ്ച തകർക്കുന്ന വെളിച്ചമാണ് ആ വെളിച്ച ത്തുരുത്തുകളിൽ എന്ന് ഈ ചിത്രങ്ങൾ കാട്ടിക്കൊടുത്തു. ഇരുണ്ട പാടുകൾ ഒന്നു ചേർന്ന് കലകൾ (Spots) ഉണ്ടാവുന്നു. ഇവയാണ് സൺ സ്പോട്ടുകൾ അഥവാ സൗരപ്പൊട്ടുകൾ അല്ലെങ്കിൽ സൗരകളങ്കങ്ങൾ.

## സൺസ്പോട്ടുകൾ

സൂര്യൻ സ്വയം സ്വന്തം അച്ചുതണ്ടിൽ തിരിയുന്നു എന്ന തിരിച്ചറിവ് നമുക്ക് നൽകിയത് സൺസ്പോട്ടുകൾ സഞ്ചരിക്കുന്നു എന്ന കാഴ്ചയാണ്. സൺസ്പോട്ടുകളല്ല യഥാർത്ഥത്തിൽ സഞ്ചരിക്കുന്നത് സൂര്യന്റെ പ്രതലത്തിൽ സ്ഥിര സ്ഥാനത്തിരിക്കുന്ന അവ സഞ്ചരിക്കുന്നു എന്ന തോന്നലാണ് ഉണ്ടാക്കിയത്. സൂര്യൻ സ്വന്തം അച്ചുതണ്ടിൽ തിരിയുന്നത് മൂലം സൂര്യന്റെ മദ്ധ്യരേഖയിലുള്ള (Sun's equator) ഒരു

സ്പോട്ട് ഒന്ന് ചുറ്റി പൂർവ്വ സ്ഥാനത്ത് വരുവാൻ കഷ്ടിച്ച് ഇരുപത്തിയഞ്ച് ദിവസമെടുക്കും. സൂര്യധ്രുവങ്ങൾക്കടുത്ത സ്പോട്ട് മുപ്പത് ദിവസവും ധ്രുവങ്ങൾക്കും മദ്ധ്യരേഖയ്ക്കും ഇടയിലുള്ള സ്പോട്ട് ഇരുപത്തിയേഴ് ദിവസവുമാണ് ഒന്ന് ചുറ്റിക്കറങ്ങി വരുവാൻ എടുക്കുക.

പക്ഷേ സൺസ്പോട്ടുകൾ അല്പായുസ്സുകളാണ്. തീരെ ചെറിയ സ്പോട്ടുകൾ ഒരു ചുറ്റ് തികയ്ക്കാറില്ല. സ്പോട്ടുകളിൽ 10 ശതമാനം മാത്രമെ ഒന്ന് ചുറ്റി കറങ്ങി എത്തുവോളം നിലനിൽക്കാറുള്ളു. 150 വർഷം മുമ്പ് ഒരു ഭീമൻ സ്പോട്ട് പതിനെട്ട് മാസം നിലനിൽക്കുകയും ഇരുപത് വലത്ത് വയ്ക്കുകയും ചെയ്തു. സൂര്യധ്രുവങ്ങളിൽ സ്പോട്ടുകൾ ഉണ്ടാകുന്നില്ല.

സാമുവൽ ഹെയ്ൻറിച്ച് ഷ്വാബ് എന്ന ജർമ്മനിക്കാരൻ സ്പോട്ടുകളുടെ കാലം, ചക്രം, തരം എന്നിവ ഇരുപത് വർഷക്കാലം ശ്രദ്ധാപൂർവ്വമായി തുടർച്ചയായി നിരീക്ഷിക്കുകയുണ്ടായി. സ്പോട്ടുകൾ ഏറി നിൽക്കുന്നതും, കുറഞ്ഞ് ഇല്ലാതെ തന്നെ നിൽക്കുന്നതുമായ ഘട്ടങ്ങൾ ഷ്വാബിന് കാണാൻ കഴിഞ്ഞു. ഈ ഘട്ടങ്ങൾക്ക് ചാക്രിക സ്വഭാവമുണ്ടെങ്കിലും ദൈർഘ്യത്തിൽ കൃത്യത ഇല്ല. ഷ്വാബിന്റെ നിരീക്ഷണങ്ങളുടെ പിന്തുടർച്ച മറ്റുള്ളവർ നൂറിൽ ഏറെ വർഷം തുടർന്നു. അതിൽ പ്രമുഖൻ റുഡോൾഫ് വുൾഫ് ആയിരുന്നു.

സ്പോട്ടുകൾ വർദ്ധിതമായി കാണുന്ന ഘട്ടങ്ങളെ സോളാർ മാക്സിമം എന്നും സ്പോട്ടുകൾ പ്രായേണ കുറഞ്ഞ് ഇല്ലാതാകുന്ന ഘട്ടങ്ങളെ സോളാർ മിനിമം എന്നു വിളിക്കുന്നു. ഒരു സോളാർ മാക്സിമം മുതൽ അടുത്ത സോളാർ മാക്സിമം വരെയുള്ള ഘട്ടത്തെ സോളാർ സൈക്കിൾ അഥവാ സൗരചക്രം എന്ന് വിളിക്കുന്നു.

**ഘടന**

സൂര്യൻ പ്ലാസ്മാ അവസ്ഥയിലാണ്. താപനിലവർദ്ധനവിന് അനുസൃതമായി ഖര, ദ്രവ, വാതക അവസ്ഥകളിലേയ്ക്ക് പദാർത്ഥം മാറി മാറിപ്പോകുന്നത് നമുക്ക് അറിയാം. എന്നാൽ വാതക അവസ്ഥയിലുള്ള പദാർത്ഥത്തെ വളരെയധികം ചൂടാക്കി അതിന്റെ ഘടനയിലുള്ള ഇലക്ട്രോണുകൾ പൊഴിഞ്ഞ് പോവുകയും ന്യൂക്ലിയസ് ശൈഥില്യം സംഭവിക്കാതെ നിലനിൽക്കുകയും ചെയ്യുന്ന അവസ്ഥ സൃഷ്ടിച്ചാൽ, പ്ലാസ്മ എന്ന അവസ്ഥയായി. സൂര്യനിലെ മൂലകങ്ങൾ പ്ലാസ്മാ അവസ്ഥയിലാണ്.

സൂര്യന്റെ അന്തർഭാഗത്ത് നിന്ന് താപോർജ്ജം ബഹിർഗമിക്കുന്നു. പുറത്തേയ്ക്ക് വികിരണമായി തള്ളപ്പെടുന്ന ഈ ഊർജ്ജം സൂര്യന്റെ ഗുരുത്വാകർഷണ ബലത്തെ അതിജീവിച്ചാണ് പോകുന്നത്. ഊർജ്ജത്തിന് ആധാരമായ സൗത്ധനം (പ്ലാസ്മ അവസ്ഥയിലുള്ള സൂര്യന്റെ ഉള്ളടക്കം) പുറത്തേയ്ക്ക് പോകാതെ ഈ ഗുരുത്വാകർഷണത്താൽ ആണ് സൗരഗോളം നിലനിർത്തുന്നത്. പുറത്തേയ്ക്കുള്ള ഊർജ്ജപ്രവാഹ ബലവും അകത്തേക്കുള്ള ഗുരുത്വാകർഷണ ബലവും തുല്യതയിൽ സൂര്യഗോളത്തെ നിലനിർത്തുന്നു എന്ന് സാരം.

സൂര്യപ്രതലം ഫോട്ടോസ്ഫിയർ എന്ന് അറിയപ്പെടുന്നു. ഇതിന് പുറത്ത് ക്രോമമോസ്ഫിയറും, ക്രോമോസ്ഫിയറിൽ തന്നെ റിവേഴ്സിംഗ് ലേയറും ഉണ്ട്. പിങ്ക് നിറമുള്ള ക്രോമോസ്ഫിയറിന്റെ താഴത്തെ ഭാഗത്ത് സ്പെക്ട്രൽ റിവേഴ്സൽ (വർണ്ണരാജീവിപര്യാസം) സംഭവിക്കുന്നു. (എമിഷൻ സ്പെക്ട്രം അബ്സോപ്ഷൻ സ്പെക്ട്രം ആകുന്നു) ആഭാഗത്തെയാണ് റിവേഴ്സിംഗ് ലേയർ എന്നു പറയുന്നത്. ഗ്രഹണ സമയത്ത് മാത്രമേ ക്രോമോസ്ഫിയർ കാണാൻ കഴിയുകയുള്ളു. കൊറോണഗ്രാഫ് എന്നൊരു ഉപകരണം ഉപയോഗിച്ചും



സാമുവൽ ഹെയ്ൻറിച്ച് ഷ്വാബ്

ക്രോമോസ്ഫിയർ കാണാം. ക്രോമോസ്ഫിയറിൽ ഹൈഡ്രജൻ മേഘങ്ങൾ അതിവേഗം ചലിക്കുന്ന പ്രതിഭാസമുണ്ട്. ഇതിനെ Prominence എന്ന് വിളിക്കുന്നു. സൂര്യന് പുറത്ത് രൂപം കൊണ്ട് ഉള്ളിലേക്ക് പെയ്യുന്നവയും (Active prominence), ക്രോമോസ്ഫിയറിൽ നിന്ന് പൊട്ടിത്തെറിച്ച് ഉയരുന്നവയും (Eruptive Prominence) ആയ രണ്ടിനങ്ങൾ ഉണ്ട്. സൺസ്പോട്ടുകളുമായി ബന്ധപ്പെട്ട പ്രോമിനൻസുകളും ഉണ്ട് (Sun spot prominences).

ക്രോമോസ്ഫിയറിന് പുറത്താണ് കൊറോണ (Corona) ചിതറിയ മേഘം പോലെ കൊറോണ സൺ സ്പോട്ട് മാക്സിമ ഘട്ടത്തിൽ കൂടുതൽ പുറത്തേയ്ക്ക് പരക്കുന്നു.

പ്രോമിനൻസുകൾ 80,000 മുതൽ 1,40,000 മൈൽ വരെ ചീറ്റി ഉയരാം. പ്രോമിനൻസുകൾ പോലെ സവിശേഷ കാഴ്ച അല്ലെങ്കിലും തീവ്രത കുറഞ്ഞ സ്വഭാവത്തിലുള്ളവയാണ് സൗരജ്വാലകൾ (Solar flares). ഇവ 30,000 മുതൽ 40,000 മൈൽ വരെ ഉയരാം. പിന്നെ അവ ക്രോമോസ്പിയറിലേയ്ക്ക് മടങ്ങാം. സൂര്യന്റെ പ്രതലം മുതൽ 2 ലക്ഷം കിലോമീറ്റർ ഉള്ളിൽ വരെയുള്ള അതാര്യമെന്ന് കരുതാവുന്ന പ്ലാസ്മ, വികിരണത്തിലൂടെ (Radiation) ഊർജ്ജം പുറത്തേയ്ക്ക് കൈമാറാൻ പ്രാപ്തമല്ല. അതിനാൽ സംവഹനത്തിലൂടെ (Convection) ആണ് അത് ചെയ്യുക. ഈ ഭാഗത്തെ കൺവെക്ടീവ് സോൺ എന്ന് വിളിക്കുന്നു. ഇതിനും ഉള്ളിലേക്ക് കടക്കുമ്പോൾ ഊർജ്ജ കൈമാറ്റം വികിരണത്തിലൂടെ നടക്കും. ഈ ഭാഗത്തെ റേഡിയേറ്റീവ് സോൺ എന്ന് വിളിക്കും. ഇവിടെ സൂര്യന്റെ കാന്തിക ശക്തി ആവിർഭവിക്കുന്നു എന്നാണ് അനുമാനം. സൂര്യന്റെ ഉൾക്കാമ്പ് (Core) മദ്ധ്യത്ത് നിന്ന് വ്യാസാർദ്ധത്തിന്റെ (Radius) 25 ശതമാനത്തോളം വ്യാപിച്ച് സ്ഥിതിചെയ്യുന്നു. ജലത്തിന്റെ 150 മടങ്ങ് സാന്ദ്രതയും 15.7 ദശലക്ഷം ഡിഗ്രി കെൽവിൻ ഊഷ്മാവും ഉൾക്കാമ്പിന് ഉണ്ട്. പ്രോട്ടോൺ - പ്രോട്ടോൺ സംയോജന ശൃംഖല അഭിക്രിയമാണ് (Proton - Proton

fusion chain reaction) ഇവിടെ നടക്കുന്നത്. ഇത് തന്നെയാണ് സൂര്യന്റെ 99.2 % ഊർജ്ജത്തിനും കാരണം. കാർബൺ - നൈട്രജൻ - ഓക്സിജൻ ചക്രത്തിലൂടെ 0.8% ഊർജ്ജവും ഉൽപാദിപ്പിക്കപ്പെടുന്നു. സൂര്യപ്രതലത്തിലെ ഊഷ്മാവ് 5800 ഡിഗ്രി കെൽവിൻ മാത്രമാണ്.

**സൗരജ്വാലകൾ**

സൺസ്പോട്ടുകൾ തീവ്രമായ കാന്തിക പ്രവർത്തനത്തിന്റെ കേന്ദ്രങ്ങളാണ്. ഉള്ളിൽ നിന്ന് സംവഹനം ചെയ്യപ്പെടുന്ന ഊർജ്ജത്തെ ഈ കാന്തിക പ്രവർത്തനം തടയുന്നു. തന്മൂലം കൊറോണ അമിതമായി ചൂടുപിടിക്കുന്നു. ഇത് സൗരജ്വാലകൾ ഉണ്ടാകുന്നതിനും (Solar flares) കൊറോണ തന്നെ തിളച്ചു പൊന്തുന്നതിനും (Coronal Mass Ejection ) ഇടവരുത്തുന്നു. കാന്തിക സ്വഭാവത്തിന്റെ പ്രത്യേകത എന്ന വണ്ണം സൺ സ്പോട്ടുകൾക്ക് കാന്തിക ധ്രുവങ്ങളുണ്ട്. സൺ സ്പോട്ട് മാക്സിമത്തിൽ ചില സ്പോട്ടുകളുടെ വ്യാസം 10,000 മുതൽ 80,000 കിലോമീറ്റർ വരെ വളരാൻ ഇടവരുന്നു. കാന്തിക ധ്രുവ വൈരുദ്ധ്യമുള്ള സൺസ്പോട്ട് ജോഡികളുമുണ്ടാവുന്നു. സൺ സ്പോട്ടുകൾ നമ്മുടെ ഭൂമിയുടെ വ്യാസത്തിന്റെ ആറ് മടങ്ങ് വരെ വളരാം. ഇതിന്റെ താപനില ഏകദേശം 4000 കെൽവിൽ മാത്രമാണ്.

സൺ സ്പോട്ടുകളുടെ മദ്ധ്യം കൂടുതൽ ഇരുണ്ടും (അബ്ര), പ്രതലത്തോടടുത്ത ഭാഗം അൽപം കൂടി പ്രകാശമാനമായും (പെനമ്പ്ര) കാണപ്പെടുന്നു. അബ്രയിലെ കാന്തിക ക്ഷേത്രം സൂര്യ പ്രതലത്തിനും ലംബമായിരിക്കും. പെനമ്പ്രയിലേതു ആകട്ടെ വക്രിച്ചിരിക്കും.

നാസയുടെ നക്ഷത്ര ബംഗ്ലാവായ SOHO (Solo Heleospheric observatory) യുടെ നിരീക്ഷണ നിഗമനം 11 വർഷമാണ് ഒരു സോളാർ സൈക്കിൾ എന്നാണ് (14 വർഷം വരെ നീളാം). 17 ാം നൂറ്റാണ്ടിൽ അനേകം ദശാബ്ദത്തോളം സൺ സ്പോട്ടുകൾ അപ്രത്യക്ഷങ്ങളായിരുന്നു. അക്കാലത്ത് യൂറോപ്പിൽ അസാധാരണ



Pierre Janssen

ശീതാവസ്ഥ നിലവിൽ വന്നു. (Manuar minimum അല്ലെങ്കിൽ (Little Ice Age).

സൗരചക്രം ഭൂമിയിലെ കാലാവസ്ഥയെ സ്വാധീനം ചെയ്യും എന്ന് സാരം. സൺ സ്പോട്ടുകളുടെ ആധിക്യവും ക്രമരാഹിത്യവും വൻ സ്ഫോടനങ്ങൾ അനുബന്ധിയായ സൗരജ്വാലകൾ എന്നിവ സൃഷ്ടിക്കും. ഇവയ്ക്ക് 10 കോടി കെൽവിൻ ഊഷ്മാവ് ഉണ്ടാവും . ഇലക്ട്രോണുകൾ, അയോണുകൾ, എക്സറേ, യു.വി. വികിരണ വാതകങ്ങൾ എന്നിവ സൗരജ്വാലകളിൽ അടങ്ങിയിരിക്കും. പ്രകാശവേഗതയിൽ ഇവ ഭൗമാന്തരീക്ഷത്തിൽ പ്രവേശിച്ചാൽ നാം ഉയർത്തിയിരിക്കുന്ന വാർത്താ വിനിമയ സംവിധാനം, വൈദ്യുതി വിതരണ സംവിധാനം എന്നിവയും , നാം സഞ്ചാരപഥങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന ഉപഗ്രഹങ്ങളും ശൂന്യാകാശ പരീക്ഷണ ശാലകളും താറുമാറാകാം. ഭൂമിയിലേക്ക് അവ കടന്നു വന്നാൽ ജീവൻ തന്നെ അപടത്തിലാകാം. പക്ഷേ ഭൂമിയുടെ കാന്തിക മണ്ഡലം സൗരവാതത്തിലെ ചാർജ്ജിത കണങ്ങളെ നിർവീര്യപ്പെടുത്തും. ഭൗമധ്രുവങ്ങൾക്ക് മേലെയുള്ള വായുവുമായി ഏറ്റുമുട്ടി വർണ്ണ പ്രകാശ പൂരം സൃഷ്ടിക്കും. ഉത്തര ധ്രുവത്തിലെ ഈ ദീപ്തിയ്ക്ക് Aurora borealis എന്നും ദക്ഷിണധ്രുവത്തിലേതിനെ Aurora australis എന്നും വിളിക്കുന്നു.

2010 ആഗസ്റ്റ് ഒന്നിന് ഭൂമിയുടെ അമ്പത് ഇരട്ടി വ്യാസമുള്ള ഒരു സൗരജ്വാല (Coronary Mass Ejection) പുറപ്പെട്ട് ആഗസ്റ്റ് 3 നും 4 നും ഭൂമിയുടെ കാന്തിക മണ്ഡലവുമായി ഏറ്റുമുട്ടി. അതിനെ ഭൂമി നിർവീര്യമാക്കിയതിന്റെ ഫലം ഉത്തര - ദക്ഷിണ ധ്രുവ ദീപ്തികളായി അന്ന് പ്രത്യക്ഷപ്പെട്ടു.

2000 ൽ ഉണ്ടായ സോളാർ മാക്സിമത്തിനു ശേഷം 2000 മദ്ധ്യം കഴിഞ്ഞ് സോളാർ മിനിമത്തിലേക്ക് കൂപ്പു കുത്തുകയായിരുന്നു സൂര്യൻ. സൗരജ്വാലകളാൽ ശൗര്യം പൂണ്ട ഒരു ഉഗ്ര പാരമ്യത്തിലേക്ക് മടങ്ങാൻ 2008 ആയിട്ടും പ്രതീക്ഷിച്ചതു പോലെ സൂര്യന് കഴിഞ്ഞിട്ടില്ല. 2008 ൽ സൂര്യൻ 73 ശതമാനവും സൺ സ്പോട്ട് രഹിതമായിരുന്നു.

ഇനിയൊരു സോളാർ മാക്സിമം പ്രതീക്ഷിക്കുന്നത് 2013 ഫെബ്രുവരിയിൽ ആണ്. ഈ പശ്ചാത്തലത്തിൽ 1928 ന് ശേഷം ഉണ്ടാകുന്ന ഏറ്റവും ദുർബലമായ സോളാർ മാക്സിമം ആയിരിക്കും ഇത് എന്നതിനാൽ ഇപ്പോൾ നാം ഭയപ്പെടേണ്ടതില്ല എന്ന് ഓർത്ത് സമാധാനിക്കാം.

**ഭീഷണം**

സൂര്യനെ ആരാധനാമൂർത്തിയായി കണ്ട് പ്രാർത്ഥിച്ച മനുഷ്യവർഗ്ഗം തന്നെയാണ് ഉഗ്രതാപത്താൽ ചീറിക്കൊണ്ടിരിക്കുന്ന സൗരമുഖം കണ്ടെത്തിയത്. പണ്ട് കവി പാടിയതു പോലെ 'മണ്ണിലെ ജീവിത ഖനികളിൽ മുഴുവൻ പൊന്നു വിളഞ്ഞതു' കണ്ടിട്ടാണോ 'സൂര്യൻ കോപം കൊണ്ട് ജ്വലിക്കുന്നത്?' അനേകം പ്രകാശ വർഷങ്ങൾ കൊണ്ട് സൂര്യൻ ഉൾപ്പെട്ട 'മിൽക്കി വേ' എന്ന നക്ഷത്ര വ്യൂഹത്തിന്റെ മദ്ധ്യബിന്ദുവിനെ വിശാലമായി പ്രദക്ഷിണം വയ്ക്കുന്ന സൂര്യൻ ഭീഷണമായ ഒരു സാന്നിദ്ധ്യം കൂടിയാണ് നമുക്ക് എന്ന് ഓർക്കുക.

*വിവരങ്ങൾക്ക് കടപ്പാട്*

1. Captures of the Sun - James . S. Pickering - Dold, Mead & Co Newyork
2. Wikipedia
3. Hindu Mythology - W.J. Wilkins - Heritage Publishers, New Delhi
4. പുരാണിക് എൻസൈക്ലോപീഡിയ - വെട്ടം മാണി - കറന്റ് ബുക്സ്, കോട്ടയം.

KERALA PRIVATE
COLLEGE TEACHER




# Baynote Holiday Shopping Survey

Dr. P.S. Mohanakumar




Data from the "2nd Annual Baynote Holiday Shopping Survey" indicates that the leading attribute cited by online shoppers for making their experience positive was the checkout experience, rated very important by 48.1% and important by one-third. Site navigation and product comments and reviews closely followed, voted very important or important by 81% and 78.1% of respondents, respectively. By contrast, receiving advice and recommendations from live chat support was important to just 20.4% of respondents, and very important to only 13.6%. The proportion of online shoppers who say that the personalization of their shopping experience on smartphones (16.8%) or tablets (15.5%) did not meet their expectations during the 2011 holiday season far exceeds those who felt that way about their experience on a traditional e-commerce site (6.64%), according to] a survey released in January 2012 by Baynote. Facebook also lagged, with 15.7% saying the personalization of their experience on the social network did not meet their expectations. Facebook fared the worst in terms of privacy, with 21% saying that it did not meet their expectations, ahead of smartphones (15%), tablets (12.7%), and e-commerce sites (5%).



# Five Indian firms in Forbes' list of top innovators

Five Indian companies — Larsen & Toubro, Hindustan Unilever, Infosys, Tata Consultancy and Sun Pharma — have made it to the list of 100 most innovative firms in the world, prepared by US business magazine *Forbes*. Engineering giant L&T is ranked among the top ten companies, ahead of Google and Starbucks. L&T is ranked ninth in the list. US-based Salesforce.com tops the rankings. Fast moving consumer goods company Hindustan Unilever is positioned 12th, while global technology services firm Infosys holds the 19th slot. TCS is placed at the 29th position. Specialty pharma company Sun Pharmaceutical Industries is ranked at the 38th position. *Forbes* used the "**Innovation Premium**" which is calculated first by projecting a company's income from existing businesses, plus anticipated growth from those businesses, and look at the net present value of those cash flows. To be considered in the list, at least seven years of financial data for a given firm are needed. Besides, firms with market value greater than $10 billion and those which make some investment in R&D were considered



# Shome panel on GAAR & tax evasion

The expert committee on GAAR (General Anti Avoidance Rules), under the chairmanship of ICRIER chief Parthasarathi Shome, is in a bid to fine-tune what has been hitherto been viewed as controversial provisions and usher in more clarity and transparency in the draft guidelines mainly with the objective of checking tax evasion

The key recommendations of expert committee are as under:

1) GAAR should be deferred by three years;
2) GAAR should be applicable only if a tax benefit of Rs. 3 crore and above has been obtained by the taxpayer;
3) In case of deferral of tax benefit, present value of tax benefit should be considered;
4) Non-applicability of GAAR on a resident of Mauritius holding valid tax residency certificate;
5) GAAR should not be applicable if FII offers to be taxed under domestic laws;
6) GAAR should not be applicable if non-resident invests in listed securities through FIIs;
7) Abolition of tax on gains arising from transfer of listed securities (both capital gains and business income);
8) Grandfathering of existing structures or investment. In other words, only income arising after implementation of GAAR should be subject to provisions;
9) GAAR should not be allowed to over-ride the anti-avoidance provisions of treaties (i.e. limitation of benefit, etc.);
10) Onus should be on revenue to prove if a transaction is impermissible avoidance agreement;
11) Amendment to the Act to provide that only arrangements with sole purpose (and not one of the main purpose) of obtaining tax benefit should be covered under GAAR;
12) Tax consequences of 'impermissible avoidance arrangements' should be limited to the tainted part of the transaction;

With Best Compliments from:

H & C
STORES



# ഹൈസൻബർഗിന്റെ **അനിശ്ചിതത്വ സിദ്ധാന്തം** ചോദ്യം ചെയ്യപ്പെടുന്നു

**ഡോ.എം.ആർ.സുദർശനകുമാർ**
*എം.ജി.കോളജ്, തിരുവനന്തപുരം*



1927 ലാണ് സൈദ്ധാന്തിക ഭൗതിക ശാസ്ത്രജ്ഞനായ വെർണർ ഹൈസൻബർഗ് അനിശ്ചിതത്വ സിദ്ധാന്തത്തിന് രൂപം നൽകിയത്. ക്വാണ്ടം മെക്കാനിക്സിന്റെ ആധാരശിലകളിലൊന്നാണിത്. ഏറ്റവും പരിമിതമായ രൂപത്തിൽ ഈ സിദ്ധാന്തത്തെ ഇങ്ങനെ പ്രസ്താവിക്കാം "ഒരു സൂക്ഷ്മ കണത്തിന്റെ രണ്ടു സ്വാഭാവങ്ങൾ (ഉദാഹരണത്തിന് സംവേഗവും സ്ഥാനവും) ഒരേ സമയം പൂർണ കൃത്യതയോടെ നിർണയിക്കുക അസാധ്യമാണ്. ഒരു കണത്തിന്റെ സ്ഥാനം കൃത്യതയോടെ നിർണയിക്കുമ്പോൾ അതിന്റെ സംവേഗം വ്യത്യാസപ്പെടും. ക്വാണ്ടം ലോകത്ത് ഒരു പ്രതിഭാസത്തെ നിരീക്ഷിക്കുന്നതു തന്നെ അതിനെ വ്യത്യാസപ്പെടുത്തുമെന്ന ആശയമാണിത്. ക്വാണ്ടം മെക്കാനിക്സിൽ ഒരു നൂറ്റാണ്ടോളമായി അചഞ്ചല സ്ഥാനമുള്ള ഈ സിദ്ധാന്തത്തെയാണ് ടോറന്റോ സർവകലാശാലയിലെ ഗവേഷണ സംഘം ഈയടുത്ത കാലത്ത് ഒരു പരീക്ഷണത്തിലൂടെ ചോദ്യം ചെയ്തത്.

ഫോട്ടോൺ ജോഡിയുടെ ധ്രുവണം (Polarisation) അളക്കാനുള്ള ഉപകരണമാണ് ക്വാണ്ടം ഒപ്റ്റിക്സ് ഗ്രൂപ്പിലെ പ്രൊഫസറായ Aephraim steinberg ഉം അദ്ദേഹത്തിന്റെ പി.എച്ച്.ഡി വിദ്യാർത്ഥിയായ Lee Rozema യും അടങ്ങിയ സംഘം വികസിപ്പിച്ചെടുത്തത്. ഈ ഉപകരണത്തിൽ ഫോട്ടോൺ ജോഡി പ്രവേശിക്കുന്നതിനു മുമ്പും ശേഷവും ഗവേഷണ സംഘം ജോഡിയുടെ ധ്രുവണം നിർണയിച്ചു

ഉപകരണത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് ധ്രുവണം നിർണയിച്ചപ്പോൾ അതിന്റെ മൂല്യത്തിന് വ്യത്യാസം വരാത്ത രീതിയിലുള്ള ദുർബലമായ സാങ്കേതിക വിദ്യയാണുപയോഗിച്ചത്. പിന്നീട് ഉപകരണത്തിൽ പ്രവേശിച്ചതിനു ശേഷവും ഫോട്ടോൺ ജോഡിയുടെ ധ്രുവണം നിർണയിച്ചു. ശാസ്ത്ര സംഘം രണ്ടും താരതമ്യം ചെയ്തപ്പോൾ ഹൈസൻബർഗ് സിദ്ധാന്തമനുസരിച്ചുള്ളത്ര വ്യത്യാസം ഇവ തമ്മിലില്ലെന്ന് കണ്ടെത്തി.

ആദ്യമായിട്ടല്ല ഹൈസൻബർഗിന്റെ അനിശ്ചിതത്വ സിദ്ധാന്തം ചോദ്യം ചെയ്യപ്പെടുന്നത്. 2003ൽ Nagoya University യിലെ Masonao Ozana അനിശ്ചിതത്വ സിദ്ധാന്തം അളവുകളിൽ പ്രയോഗിക്കുവാൻ സാധിക്കുകയില്ലെന്ന് നിർദ്ദേശിച്ചു. പക്ഷേ പരോക്ഷമായ മാർഗത്തിലൂടെ മാത്രമാണ് അദ്ദേഹത്തിനിതു സ്ഥിരീകരിക്കുവാൻ സാധിച്ചത്. 2010 Griffith University യിലെ ശാസ്ത്രജ്ഞരായ Austin Land ഉം Howard wiseman ഉം ദുർബലമായ അളവുകളിലൂടെ ക്വാണ്ടം ലോകത്തെ പ്രക്രിയകളെ മനസിലാക്കാമെന്നു വെളിപ്പെടുത്തി. ഇതു പ്രയോഗത്തിൽ വരുത്തുവാൻ ബുദ്ധിമുട്ടുകളേറെയായിരുന്നു. ഇതിന് ചെറിയ ക്വാണ്ടം കമ്പ്യൂട്ടറിന്റെ ആവശ്യമുണ്ട്. അത് നിർമ്മിക്കുക ദുഷ്കരമാണ്. Land ന്റെയും Wiseman ന്റെയും ആശയം പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയാണ് ഗവേഷക സംഘം ചെയ്തത്. ക്വാണ്ടം ലോകം ഇന്നും അനിശ്ചിതത്വം കൊണ്ടു നിറഞ്ഞതാണ്. പക്ഷേ നാം ചിന്തിച്ചത്രയും അനിശ്ചിതത്വമില്ലെന്നാണ് ഇവരുടെ ഗവേഷണം ചൂണ്ടിക്കാട്ടുന്നത്. അടിസ്ഥാന ക്വാണ്ടം മെക്കാനിക്സിലും ക്വാണ്ടം ക്രിപ്റ്റോഗ്രഫിയിലും ഈ ഗവേഷണ ഫലം ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നത് നിസംശയമാണ് "Physical Review Letters" ലാണ് ഈ പഠനം പ്രസിദ്ധീകരിച്ചത്.



# പോരാട്ടം
## അകത്തും പുറത്തും

**എ.ജി.ഒലീന**
*എൻ.എസ്.എസ് കോളജ്,കരമന*



ലിംഗപരമായ അസമത്വം സമൂഹത്തിന് ദൂരവ്യാപകമായ ദോഷം ചെയ്യുന്നതാണ്, സ്ത്രീക്ക് മാത്രമായി ചേതം വരുത്തന്നതല്ല. ഈ സാമൂഹ്യമായ തിരിച്ചറിവ് അടിയന്തിരമാണ്, അതിപ്രധാനവുമാണ്.

അമർത്യസെൻ- 2005 ൽ

(Women and men Page 250

ഏതാണ്ട് കഴിഞ്ഞ നൂററാണ്ടിൻെറ എഴുപതുകൾ മുതൽ തന്നെ കേരളത്തിലെ സ്ത്രീകൾ, സമൂഹത്തിലെ ലിംഗ പദവിപരമായ അസമത്വത്തിനെതിരെ എഴുതിയും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. സാക്ഷരതാ പ്രസ്ഥാനവും കുടുംബശ്രീ പദ്ധതിയും സാധാരണക്കാരായ ധാരാളം സ്ത്രീകൾക്ക് ആത്മബോധവും കരുത്തും പകർന്നു നല്കിയിട്ടുമുണ്ട്. രേഖപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ ഒട്ടേറെ സമരങ്ങളിലെ പങ്കാളിത്തവും പുരോഗമന പ്രസ്ഥാനങ്ങളുടെ സാന്നിധ്യവും സ്ത്രീകളുടെ മനോവീര്യം വർധിപ്പിച്ചിട്ടുമുണ്ട്. ഇങ്ങനെ ധാരാളം ശുഭചിന്തകൾ പങ്കുവയ്ക്കുമ്പോഴും ഇപ്പോഴും സ്ത്രീയുടെ സാമൂഹ്യപദവി രണ്ടാം നിരയിൽ തന്നെ തുടരുന്നു എന്നതാണ് യാഥാർത്ഥ്യം.

സ്ത്രീകൾക്കു വോട്ടവകാശവും തൊഴിൽ സ്വാതന്ത്ര്യവും നിയമത്തിനു മുന്നിൽ തുല്യാവകാശവും ഉണ്ടെങ്കിലും ഈ മണ്ഡലങ്ങളിൽ പോലും അദൃശ്യവും അബോധപൂർവ്വവുമായ നിയന്ത്രണവും പാർശ്വവൽക്കരണവും ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നു. വ്യക്തി, പൗര, തൊഴിലാളി എന്നീ നിലകളിൽ സ്ത്രീയുടെ പദവി നിർവ്വചിക്കുന്നതിലോ നിർണയിക്കുന്നതിലോ ഭരണഘടനയുൾപ്പെടെയുള്ള നിയമസംഹിതകളിൽ വിവേചനമില്ലെങ്കിലും നിർവ്വഹണത്തിൽ വൈരുധ്യമുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത്തരമൊരു സാഹചര്യത്തിൽ തൊഴിലാളി സ്ത്രീയെ തന്നെയാണ് വനിതാവേദി ഈ ലക്കം പരിശോധിക്കുന്നത്.

തൊഴിലാളിയെക്കുറിച്ചും തൊഴിലവകാശങ്ങളെക്കുറിച്ചുമുള്ള കൃത്യമായ ബോധ്യത്തിൽ നിന്നാണ് തൊഴിൽ സംഘടനകൾ രൂപപ്പെടുന്നത്. സ്വാഭാവികമായും തൊഴിലാളി സ്ത്രീയും അത്തരം പ്രവർത്തനങ്ങളുടെ ഭാഗമാവുക അനിവാര്യവും. കേരളത്തിൻെറ വ്യത്യസ്തമായ സാമൂഹ്യസാഹചര്യത്തിൽ ഉയർന്ന ജനാധിപത്യബോധവും അവകാശചിന്തയും ഏതാണ്ട് എല്ലാ തൊഴിൽ മേഖലകളിലും സർവ്വീസ് സംഘടനകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നു നമുക്കറിയാം. തൊഴിലാളി വർഗ താല്പര്യ സംരക്ഷണത്തിനപ്പുറം സാമൂഹ്യബോധത്തിൻെറയും രാഷ്ട്രീയബോധത്തിൻെറയും പ്രതീകങ്ങൾ കൂടിയാണ്, നമ്മുടെ സർവ്വീസ് സംഘടനകൾ. ഈ സംഘടനകളിലെ സ്ത്രീകളുടെ സാന്നിധ്യം അന്വേഷിക്കുമ്പോൾ മററു പല രംഗങ്ങളിലെന്ന പോലെ തികച്ചും പരിതാപകരമായ ഉത്തരങ്ങളാണ് കിട്ടുന്നത്. തൊഴിലെടുക്കുന്ന ഏത് സ്ത്രീയും തൊഴിലാളി സ്ത്രീയെന്ന പരികല്പനയ്ക്കു കീഴിൽ പരിഗണിക്കപ്പെടുന്നുവെങ്കിൽ അതാതു തൊഴിൽ മേഖലയിലെ സംഘടനാ അംഗത്വം മുതൽ നേതൃനിര പ്രവർത്തനം വരെയുള്ള ഉത്തരവാദിത്തങ്ങളിലേക്ക് അവളെ നയിക്കേണ്ടത് വർഗ ബോധമാണ്. ഉയർന്ന തൊഴിലാളി വർഗബോധത്തിൽ നിന്നു രൂപകൊള്ളേണ്ടുന്ന സംഘബോധവും ആ സംഘബോധത്തിൽ നിന്നും സംഘടനാബോധവും രാഷ്ട്രീയ ബോധവും സ്വാഭാവികമായി ആർജിച്ചെടുക്കുക വ


ഴിയാണ് ഒരു സംഘടനാ പ്രവർത്തകയുടെ നിലനില്പു തന്നെ. വിദ്യാഭ്യാസ ലഭ്യതയുടെ കാര്യത്തിൽ കേരളത്തിലെ സ്ത്രീകൾ വളരെ മുന്നിലായിരിക്കുമ്പോഴും തൊഴിൽ പങ്കാളിത്തത്തിൽ എത്രയോ പിന്നിലാണ്. തൊഴിൽ ലഭ്യതയാകട്ടെ ചില സവിശേഷമേഖലകളിലേക്കായി പരിമിതപ്പെടുകയും ചെയ്യുന്നു. അതിലൊരു പ്രധാന മേഖല അധ്യാപനമാണ്. അധ്യാപന രംഗത്തു നില്ക്കുന്ന ഒരു സംഘടനാ പ്രവർത്തകയുടെ സാമൂഹിക ഉത്തരവാദിത്തം ഏറെയാണു താനും. കാരണം ധൈഷണിക ജീവിത കൊണ്ടും പുലരുന്ന ഒരു വർഗമാണ് അധ്യാപകർ. മാത്രമല്ല നമ്മുടെ മുന്നിലെത്തുന്ന living files- ജീവിക്കുന്ന ഫയലുകളാണ്. അധ്യാപകർ നാളെയുടെ സൃഷ്ടിയെയാണ് നിർവ്വഹിക്കുന്നത്. അതിനാൽ മറേറതൊരു സംഘടനാ പ്രവർത്തകയേക്കാൾ വർധിച്ച സാമൂഹിക ഉത്തരവാദിത്തം ഒരു അധ്യാപികയ്ക്കുണ്ടാകേണ്ടതുണ്ട്. അത് കാര്യക്ഷമമായി നിർവ്വഹിക്കാൻ നമ്മുക്കു കഴിയുന്നുണ്ടോ എന്നു പരിശോധിച്ചാൽ അവിടെയും പരിമിതികളുടെ ഒരു പട്ടികയാണ് മുന്നിൽ.

അംഗത്വത്തിൽ പ്രവേശിക്കുക വഴി തന്നെ വലിയൊരു സാമൂഹിക പ്രതിബദ്ധതയിലേക്കാണ് നമ്മൾ എത്തുന്നത്. അവിടെയാരംഭിക്കുന്ന പ്രവർത്തനങ്ങൾ സംഘടനയെ നയിക്കുന്ന തലത്തിലേക്ക് എത്തണമെങ്കിൽ, നിലവിലെ നമ്മുടെ സാമൂഹ്യ സാഹചര്യത്തിലോ കുടുംബ സംവിധാന ക്രമത്തിലോ അത്രയെളുപ്പമല്ലെന്നു നമുക്കൊക്കെ അറിയുകയും ചെയ്യാം. പക്ഷേ, അധീശാധികാരത്തിൻെറ കാവലാളുകൾ ലോകത്തെ മുഴുവൻ ദുർബല വിഭാഗങ്ങളെയും കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ പ്രകൃതിയെ പോലും വിററഴിക്കുമ്പോൾ, ആത്മാഭിമാനവും വർഗബോധവുമുള്ള അധ്യാപകർക്ക് എങ്ങനെയാണ് നിശ്ശബ്ദരായിരിക്കാൻ കഴിയുക? പെണ്ണും പ്രകൃതിയും കോർപ്പറേററുകൾക്ക് വിററഴിക്കാനുള്ള കമ്പോളച്ചരക്കുകളുമായിക്കൊണ്ടിരിക്കെ അനിവാര്യമായ പ്രതിരോധങ്ങൾക്ക് ആക്കം കൂട്ടാനുള്ള ധാർമ്മിക ചുമതല ഏറെറടുക്കേണ്ടവരാണ് നമ്മൾ. അതിനുള്ള സന്നാഹങ്ങൾ നമ്മുടെ ഉള്ളിലും പുറത്തും ഒരുപോലെ ഉണ്ടാകേണ്ടതുണ്ട്.

സ്ത്രീയുടെ കടന്നു വരവിനെ ഭയപ്പെടുന്ന ഫ്യൂഡൽ മൂല്യബോധം പിൻപററുന്ന ഒരു പൊതുബോധം- ആണും പെണ്ണും ഒരുപോലെ ഉൾക്കൊള്ളുന്ന ബോധം- സംഘടനാ പ്രവർത്തനത്തിൽ നിന്നു പോലും നമ്മെ പിന്നോട്ടു പോകാൻ പ്രേരിപ്പിക്കുമ്പോൾ നമ്മുടെ സമരം ബഹുമുഖങ്ങളിൽ വേണ്ടി വരുന്നു. സമരങ്ങളും സംഘപ്രവർത്തനങ്ങളും നിഷ്ഫലമെന്ന പ്രതിലോമചന്തയുടെ പ്രവാചകരായി മാധ്യമങ്ങൾ പോലും മാറിക്കൊണ്ടിരിക്കെ, എണ്ണം കൊണ്ടു മുൻനിരയിൽ നില്ക്കുന്ന അധ്യാപികമാർക്ക് നിരവധി കാര്യങ്ങൾ ചെയ്യാൻ കിയും. അതിനുള്ള ശക്തിയും തൻേറടവും ഉള്ളവരാണ് നമ്മൾ. പക്ഷേ നമ്മുടെ ഊർജ്ജവും ധിഷണയും സക്രിയമായി പ്രയോജനപ്പെടുത്താനുള്ള

ഒരു സാഹചര്യത്തിൻെറ മുന്നൊരുക്കമാണ് ഇപ്പോൾ ഉണ്ടാകേണ്ടത്. അതാകട്ടെ നമ്മുടെ ഏററവും പ്രധാന സമരം. ആ സമരത്തിൻെറ ആദ്യപടി നമ്മുടെ ഉള്ളിൽത്തന്നെ നടക്കേണ്ടതാണ്. കേരളത്തിലെ ഇതര സർവ്വീസ് സംഘടനകളിലും നമ്മുടെ സംഘടനകളിലും ഒക്കെ പ്രവർത്തിച്ച ഒട്ടേറെ സ്ത്രീകൾ നമ്മുടെ സാമൂഹ്യ ജീവിതത്തിലും സാംസ്ക്കാരിക ജീവിതത്തിലും നിറസാന്നിധ്യങ്ങളായി നിലനില്ക്കുന്നതോർക്കാം. അവരൊക്കെ പകർന്നു നല്കിയ ഊർജ്ജം നമ്മുടെ പോരാട്ടങ്ങൾക്കു കരുത്താകട്ടെ. കാരണം ഇതൊരു യുദ്ധസന്ദർഭമാണ്. സംക്രമണകാലമാണ്. യുദ്ധത്തിൻെറ സന്ദർഭത്തിൽ നമുക്ക് വേണമെങ്കിൽ യുദ്ധത്തെക്കുറിച്ച് കവിതയെഴുതാം ലേഖനമെഴുതാം കുറഞ്ഞപക്ഷം പത്രാധിപർക്ക് ഒരു കത്തെങ്കിലും എഴുതാം. പക്ഷേ യുദ്ധവേളയിൽ യുദ്ധം ചെയ്യുക തന്നെയാണ് അഭികാമ്യവും അനിവാര്യവും. എല്ലുറപ്പുള്ള ഒരു അധ്യാപികയുടെ ചിത്രമാണ് ഇപ്പോൾ നമ്മുടെ മുന്നിൽ. വടക്കൻ മലബാറിൻെറ സാമൂഹ്യ മുന്നേററത്തിൻെറ ചരിത്രത്തോടൊപ്പം ശക്തമായൊരു സ്ത്രീ കഥാപാത്രത്തെ മലയാളിക്കു സമ്മാനിച്ച ചെറുകാടിൻെറ മുത്തശ്ശിയെന്ന നോവലിലെ നാണി മിസ്ത്രസ്. *എന്നാലും യുദ്ധത്തിൻെറ ഒഴുക്കിൽ വീണുപോവാൻ നില്ക്കുന്ന ഒരു സ്കൂൾ നില നിൽക്കാൻ സഹായിച്ചു എന്ന ചാരിതാർഥ്യത്തിനവകാശമുണ്ടല്ലോ* എന്ന് മുത്തശ്ശിയിൽ ചെറുകാട് എഴുതിയിട്ട് പതിററാണ്ടുകൾ കഴിഞ്ഞു. ചരിത്രത്തിൻെറ അനിവാര്യസന്ധിയിൽ നില്ക്കുമ്പോൾ, പോരാട്ടത്തിൻെറ വീര്യം ഉള്ളിലും പുറത്തും ഒന്നുപോലെ പ്രസരിപ്പിക്കാൻ ഓരോ സംഘടനാ പ്രവർത്തകയ്ക്കും കഴിയട്ടെ.






# മയിലമ്മ പീലിവിടർത്തിയ പെൺ സമരസൗന്ദര്യം

**പ്രമോദ് വെള്ളച്ചാൽ**
എം.ജി.കോളേജ്, ഇരിട്ടി



പ്ലാച്ചിമടയിലെ കൊക്കക്കോള വിരുദ്ധ സമര നായിക, മയിലമ്മയുടെ ആത്മകഥാഖ്യാനമാണ് "മയിലമ്മ ഒരു ജീവിതം" എന്ന പുസ്തകം. ജ്യോതീഭായി പരിയാടത്താണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. പി. മനോജിന്റെയും മധുരാജിന്റെയും (മാതൃഭൂമി) ചിത്രങ്ങൾ ജീവിത സന്ദർഭങ്ങളുടെ ജൈവസാന്ദ്രത മുഴുവൻ ആവാഹിച്ചിട്ടുണ്ട്. മാതൃഭൂമി ബുക്സ് ആണ് പ്രസാധകർ. പ്ലാച്ചിമടയിലെ ഭൂഗർഭജല ചൂഷണവുമായി ബന്ധപ്പെട്ട് ജനങ്ങൾ, പ്രത്യേകിച്ച് ആദിവാസി ജനവിഭാഗം അനുഭവിച്ച ദുരിതങ്ങൾക്കു നടുവിൽ സമരവീര്യത്തിന്റെ ഊർജ്ജ ലാവയായി മാറിയവളാണ് മയിലമ്മ. സമീപകാലത്ത് അന്തരിച്ചുവെങ്കിലും അവർ ഉയർത്തിയ അതിജീവന സമര പരമ്പരകളുടെ ചരിത്രസാക്ഷ്യം തന്നെയാണ് ഈ പുസ്തകം.

പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമട ജലചൂഷണ വിരുദ്ധ സമതിയുടെ സമര നായികയായ മയിലമ്മ പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ ആട്ടയാംപതിയിലാണ് ജനിച്ചത്. അച്ഛൻ രാമൻ, അമ്മ കന്നീമ. പതിനഞ്ചാം വയസ്സിൽ പെരുമാട്ടി പഞ്ചായത്തിലെ ഒടുകന്റെയും കന്നീമയുടെയും രണ്ടാമത്തെ മകനായ മാരിമുത്തുവിന്റെ ഭാര്യയായി. മറ്റ് ആദിവാസികളെ പ്പോലെ ഇവരും കർഷക ത്തൊഴിലാളികളായിരുന്നു. മാരിമുത്തു നാൽപത്തിയാഞ്ചാം വയസ്സിൽ ക്ഷയരോഗ ബാധിതനായി മരിച്ചപ്പോൾ ഇരുപത്തിയേഴാം വയസ്സിൽ മയിലമ്മ വിധവയായി.

പാലക്കാട്ടെ തകർന്നു കൊണ്ടിരിക്കുന്ന കാർഷിക ദുരവസ്ഥയോടൊപ്പം അതികഠിനമായ ജലചൂഷണത്തിന്റെ തിക്തഫലങ്ങളും അനുഭവിക്കേണ്ടി വന്ന ജനനിബിഡമായ ഒരു പ്രദേശം തന്നെയായിരുന്നു പ്ലാച്ചിമട. അവിടെയുള്ള അധഃകൃതരായ ഇരുപതോളം ആദിവാസി കുടുംബങ്ങളുടെയും മറ്റും സമരവേലിയേറ്റങ്ങളുടെ മുഖ്യ സംഘാടക തന്നെയായിരുന്നു മയിലമ്മ. 2005 ലെ 'സ്പീക്ക് ഔട്ട്' അവാർഡ് (ഔട്ട്ലുക്ക് മാഗസിൻ) മയിലമ്മക്കായിരുന്നു. തന്റെയും സഹജീവികളുടെയും ജീവിതത്തിന്റെ അപത്ക്കരമായ പ്രശ്നങ്ങളെ സമരവൽക്കരിക്കുകയായിരുന്നു യഥാർത്ഥത്തിൽ മയിലമ്മ ചെയ്ത രാഷ്ട്രീയ പ്രവർത്തനം. ആഗോള കോർപ്പറേറ്റുകളെ മുഖ്യ കാർമ്മികത്വത്തിൽ പ്ലാച്ചിമടയിൽ നടന്ന കൊക്കക്കോളനയിസേഷനെതിരെ നടന്ന കീഴാള പ്രതിരോധത്തിന്റെ ചൂണ്ടുവിരലായിരുന്നു മയിലമ്മയുടെ ജീവിതം. സമരോത്സുകമായ മുദ്രാവാക്യങ്ങളുടെ പൊള്ളുന്ന ശ്രുതികളിലൂടെ മണ്ണിൽ അഭിമാനത്തോടെ കാലുറപ്പിച്ചു നടന്നു പോവുകയായിരുന്നു മയിലമ്മ.

ഈ പുസ്തകത്തിന്റെ പ്രസാധക കുറിപ്പിൽ ഇങ്ങനെ പറയുന്നു "മയിലമ്മ ഒരു പ്രതീകമാണ്. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള മനുഷ്യർ നിലനിൽപ്പിനായി നടത്തുന്ന പോരാട്ടത്തിന്റെ പ്രതീകം. പിന്നാമ്പുറങ്ങളിലേക്ക് തള്ളിമാറ്റപ്പെട്ട (Marginalised)

കേരളത്തിലെ ഒരു ഗോത്രസമുദായത്തിലാണ് മയിലമ്മയുടെ ജനനം. കുടിവെള്ളമൂറ്റി ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്ന പാലക്കാട് ജില്ലയിലെ ആഗോളകുത്തക കമ്പനികൾക്കെതിരെ ആദിവാസികളും ഗ്രാമീണരും അവരുടെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും നടത്തിയ ഐതിഹാസികമായ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്ത നിരക്ഷരയായ ആദിവാസി വനിതയുടെ ഹൃദയസ്പർശിയായ ജീവിതകഥയാണിത് ".

കൂട്ടലോ കുറയ്ക്കലോ ഇല്ലാതെ മയിലമ്മ പറഞ്ഞ വാക്കുകൾ തന്നെയാണ് മയിലമ്മയുടെ വാമൊഴിയില് തന്നെയാണ് ഈ ആത്മകഥാഖ്യാനം നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. അക്ഷരാഭ്യാസമില്ലാത്ത ഒരു സാധാരണ ആദിവാസി സ്ത്രീ എങ്ങിനെയാണ് ഉജ്ജ്വലമായ ഒരു പോരാട്ടത്തിൻെറ വഴിയിലേക്ക് വരാൻ നിർബന്ധിക്കപ്പെട്ടത് എന്നുള്ളതാണ് ഇവിടുത്തെ പ്രധാനപ്പെട്ടകാര്യം . അറിവും സാക്ഷരതയും പലപ്പോഴും ഭാരമായിത്തീരുന്ന സമകാലിക രാഷ്ട്രീയാന്തരീക്ഷത്തിൽ അതിജീവന പോരാട്ടങ്ങളുടെ എണ്ണപ്പാടങ്ങൾക്ക് തീ കൊളുത്താത്തതെന്തേയെന്ന് വെറുതെ ആലോചിച്ചുപോയാൽ അതൊരു പാതകമാവില്ല. വാക്കുകൾ അത്രയും സത്യസന്ധമായിത്തീരുന്ന ഒരു സാമൂഹ്യ ചുററുപാടിൽ നിന്നാണ്, അഥവാ സാംസ്കാരിക സന്ദർഭത്തിൽ നിന്നാണ് മയിലമ്മ നമ്മളോട് സംസാരിക്കുന്നത്. പാലക്കാട്ടെ തമിഴ് സ്പർശമുള്ള ഭാഷയിലൂടെയാണ് മയിലമ്മ ഹൃദയം തുറക്കുന്നത്.

പതിനാറോളം അദ്ധ്യായങ്ങളുള്ള ഈ പുസ്തകം ആരംഭിക്കുന്നത് ഇങ്ങനെയാണ്. *കാലെയിലെ കമ്പാലത്തറ ഏരിയിൽ കളിയല് കഴിഞ്ഞ് ഉമ്മറത്തെ അയക്കോലിൽ ചേല കായാനിട്മ്പഴാണ് അംഗനവാടിൻെറ ഭാഗത്ത് നിന്ന് ആരൊക്കെയോ ചെത്തമിട്ട് വർത്തമാനം പറയിന്ന കേട്ടത്. കുംഭമാസം ആരംഭമായ കാലമായിരുന്നു. ചൂട് നല്ലപോലെ തുടങ്ങിക്കഴിഞ്ഞു. ചൂടുകാലം ഇനിയും എത്ര താണ്ടിയാലാണ് കുടിക്കത്തണ്ണീരിൻെറ കഷ്ടം മാറാൻ രണ്ട് മഴയെങ്കിലും എത്തുക എന്നാണ് വിചാരം. കുളിച്ചിട്ടും വലിയ കാര്യമൊന്നുമില്ല. ഏരിയിലെ തണ്ണിക്ക് ഒരു തരം ചേറിൻെറയും പാശാറിൻെറയും ചൂരാണ്. തുണിയൊക്കെ കാണാലും ഒരു വല്ലാത്ത മണം. മൂത്തമകൻ മുരുകൻെറ മകൾ ലക്ഷ്മി പറയും, അമ്മാക്ക് ഇന്ത കെണത്ത് തണ്ണി പത്താത് പോലിര്ക്ക്. അന്ത ചണ്ടിക്കൊള്ളത്തിലേ പോയി മുങ്കിനാന്താൻ പുണ്യം.* കുടിവെള്ളത്തെ സംബന്ധിച്ച വലിയൊരു പ്രശ്നംതന്നെയാണ് ഇവിടെ ആദ്യംതന്നെ പറഞ്ഞുവെക്കുന്നത്. കുളിച്ചാലും കുളിച്ചതുപോലെ തോന്നാത്ത അവസ്ഥ. കിണററിൽ കണ്ണീരുപോലെ വെള്ളമുണ്ടെങ്കിലും ഒന്നിനും പററാത്ത അവസ്ഥ അവരാരും ഉണ്ടാക്കിയതല്ല. അങ്കനവാടിയിൽ നിന്നും കേട്ട ബഹളത്തിൻെറ അടിസ്ഥാനത്തിൽ ജീവ സംബന്ധമായ ഒരു പ്രശ്ന മണ്ഡലത്തിലേക്ക് അവർ മാനുഷീക വികാരങ്ങളാൽ ആവാഹിക്കപ്പെടുകയായിരുന്നു. അത് അങ്കനവാടി കുട്ടികളുടെ മാത്രം പ്രശ്നമല്ല, അവിടുത്തെ സകല മനുഷ്യരുടേയും പ്രശ്നമാണെന്ന സാമൂഹ്യ ബോധം മയിലമ്മയിലുണ്ടായി . കഞ്ഞിക്കും ചോറിനുമെല്ലാം ഒരു കശപ്പ്, പരിപ്പൊന്നും വേവാത്തതുപോലെ. ഇത്രയും കാലം കുടിച്ച വെള്ളമെല്ലാം എങ്ങിനെ പിഴച്ചു പോയി എന്ന ചിന്ത അവരുടെ മനസ്സിൽ നീറിപ്പിടിക്കാൻ തുടങ്ങി. സാക്ഷരമായ ഒരു ലോകം കാര്യകാരണബന്ധങ്ങളുടെ സാമാന്യയുക്തിബന്ധംപോലും അന്വേഷിക്കാതെ നടക്കുന്ന കാലത്ത് അക്ഷരവെളിച്ചമേൽക്കാത്ത ഒരു മനസ്സിൽ നിന്നും എന്തുകൊണ്ട്? എന്ന ചിന്തയുണർന്നുവെങ്കിൽ ഏററവും സൗന്ദര്യമുള്ള ഒരു ബോധമായി അതിനെ കാണേണ്ടിയിരിക്കുന്നു. തൻെറ സമുദായത്തിനകത്തോ പുറത്തോ ഉണ്ടാവുന്ന ഒരു ബഹളം തൻെറയും പ്രശ്നമാണെന്ന തിരിച്ചറിവും അത് പിൻതുടർന്നുള്ള മയിലമ്മയുടെ അന്വേഷണവും മയിലമ്മയിലെ അമ്മ ബോധമാണ് വ്യക്തമാക്കുന്നത്.



പെരുമാട്ടിയിൽ അഞ്ചോ ആറോ ദിവസം കൂടുമ്പോൾ ഗ്രാമസഭയുണ്ടാവും. മെമ്പറ് മാരും സപ്പോർട്ടർമാരുമാണ് സഭക്ക് പോവുന്നത്. അവിടുത്തെ ആലോശഹകളെല്ലാം മെമ്പറ് വന്ന് ഇവിടെ പറയും. അങ്ങിനെയാണ് ഭാസ്ക്കരേട്ടനിൽ നിന്നും അവരുടെ ഗ്രാമത്തില് ഒരു വലിയ കമ്പനി വരാൻ പോവുകയാണെന്ന വിവരം മയിലമ്മ അറിയുന്നത്. കമ്പനി വന്നാല് മഴയും വേല്യം കൊള്ളാതെയുള്ള പണികിട്ടുമെന്നാണ് അവർ പറഞ്ഞത്. പ്ലാച്ചിമടയിലേക്ക് കൊക്കക്കോള കമ്പനിയുടെ രംഗപ്രവേശം അങ്ങിനെയായിരുന്നു. അപ്പോൾ മയിലമ്മ പ്രതിക

*With Best Compliments from:*

A.K.P.C.T.A. Branch

NEHRU ARTS &
SCIENCE COLLEGE

**KANHANGAD, KASARAGODE**

*With Best Compliments from:*

ATHULYA BOOKS

V.K. Complex, Fort Road, Kannur
Tel: 0497- 2709294, 2702846

H.O. M.G. Road, Thalassery
Phone: 0497-2324099, (Res) 2321053
E-mail: athulyakannur@rediffmail.com
athulyakannur@yahoo.in

രിച്ചതിങ്ങനെ. *അത് ശരിയല്ല ഓമക്കോട്ടാ നമ്മുടെ നാട്ടില് കമ്പനി വന്നാ നമുക്ക് ഹാനമാണ്. നമ്മുടെ വെള്ളത്തിനെ നശിപ്പിക്കാനാണ് ഇവിടെ കമ്പനി വരുന്നത്.* ആരും പറഞ്ഞുകൊടുക്കാതെ തന്നെയുള്ള മയിലമ്മയുടെ ഈ തിരിച്ചറിവ് അത്ഭുതപ്പെടുത്തുന്ന ഒന്നാണ്. ചരിത്രത്തിലെ സൂക്ഷ്മമായ ഒരു ഉൾക്കാഴ്ച കൂടിയാണത്.

പിന്നീടുണ്ടായ വലിയൊരു ദുരന്തത്തിൻെറ ശേഷ വിശ്ലേഷണങ്ങൾ ആ ഉൽക്കണ്ഠകളെ സാധൂകരിക്കുകയും ചെയ്തു. അവിടെ നിന്ന് പത്ത് കിലോമീറ്റർ അകലെ ഒരു സോയാ കമ്പനി വന്നതും അതുണ്ടാക്കിയ പ്രശ്നങ്ങളും ഒരു ബന്ധുവഴി മയിലമ്മക്ക് അറിയാമായിരുന്നു. ഭൂമിയിൽ വരളിച്ചുണ്ടാക്കി മിസിയൻ വെള്ളം വലിച്ചു കുടിച്ച് നെല്ലും കൃഷിയും എല്ലാം നശിപ്പിച്ചു എന്ന അറിവിൽ നിന്നായിരുന്നു മയിലമ്മയുടെ തിരിച്ചറിവ്.

ചരിത്രത്തിൽ നിന്നും ഒന്നും പഠിക്കാത്തവർ അഥവാ ചരിത്രത്തെ വിൽക്കുകയോ ഒററിക്കൊടുക്കുകയോ ചെയ്യുന്നവർ അവർ, ഭരണവർഗമായാലും കമ്പനി എക്സിക്യൂട്ടീവുകളെപോലെ പെരുമാറുന്ന ഈ കാലത്ത് മയിലമ്മ ഒരപൂർവ്വതയാണ്. കീഴാള പ്രതിരോധത്തിൻെറ മനുഷ്യപ്പററുള്ള പ്രതീകം. എല്ലാ അധിനിവേശ മൂലധനശക്തികളും വരവേൽക്കപ്പെടുന്നത് നാട്ടുകാരുടെ തൊഴിലും വികസനവും വാഗ്ദാനംചെയ്തുകൊണ്ടാണല്ലോ. താമസിയാതെ അവരുടെ യഥാർത്ഥമുഖം തെളിയുമ്പോഴാണ് കെണിയുടെ അടിയൊഴുക്കുകൾ എത്രമാത്രം ശക്തമാണെന്ന് നാം മനസ്സിലാക്കുക.

കമ്പിനിയിൽ നിന്ന് പുറത്തു തള്ളുന്ന കറുകറുത്ത വെള്ളം കിണറുകളിലിറങ്ങി കുടിവെള്ളം മലിനമാക്കുന്നത് പിന്നീട് മാത്രം ശ്രദ്ധയിൽ വരുന്ന കാര്യമാണ്.

എങ്കിലും നാട്ടിലെ മക്കൾക്ക് പണികിട്ടുമെന്ന ഉറപ്പിൽ കമ്പനിയെ എതിർപ്പുകളില്ലാതെ സ്വീകരിക്കുകയായിരുന്നു മയിലമ്മ. *കമ്പനി തൊടങ്ങി പിന്നെ രാവും പകലും കമ്പിനിൻെറ ഉള്ളില് ചെത്താം തന്നെ ചെത്താം. ലോറികൾ വരവും പോക്കും തന്നെ എപ്പളും കുപ്പിയില് നെറച്ച് കുടിക്കുന്ന ഒരു വെള്ളമാണ് അവിടെ ഉണ്ടാക്കണതെന്ന് മനസ്സിലായി. കള്ളു കുടിക്കുന്നവരൊക്കെ അതും കഴിച്ച് കുടിക്കും* എന്ന് പിള്ളേര് പറഞ്ഞതാണ്. അങ്ങിനെ കമ്പിനിയെ പേടിച്ചത് വെറുതെയാണെന്നും സോയാ കമ്പിനിയിലെപ്പോലെ ബോറൊന്നും ഉണ്ടാവില്ലെന്നും അവർ കരുതി.

പിന്നെ പിന്നെയാണ് അവരുടെ വെള്ളമെല്ലാം ദുഷിച്ചുവരുന്നതായി അവർ മനസ്സിലാക്കുന്നത്. അസുഖങ്ങളും വരാൻ തുടങ്ങി. പക്ഷെ എത്രകാലം എന്ന് വെച്ചാണ് നമ്മളിൻെറ ബുത്തിമുട്ട് മറച്ച് വെക്കുന്നത്? അങ്ങനെ എല്ലാവരും കൂടെ നിശ്ചയിച്ച് മെമ്പറ് വരദേട്ടനെ പോയി കണ്ടു. മയിലമ്മയും കൂട്ടരും സമരം തുടങ്ങും മുമ്പ് കൊച്ചി കാട്ടില് പോയി വെള്ളം കൊണ്ടുവരാൻ തുടങ്ങിയിട്ട് തന്നെ ഒന്നര വർഷം കഴിഞ്ഞിരുന്നു. പിന്നെയാണ് പഞ്ചായത്ത് ടാങ്കറിൽ വെള്ളമെത്തിച്ചു കൊടുക്കാൻ തുടങ്ങിയത്. മയിലമ്മ പറയുന്നു,

*ഒരു കാര്യമുണ്ട്, എത്രയോ കഷ്ടപ്പെട്ട് വെള്ളം കൊണ്ടു വന്നിട്ടും ഒരു നാളെക്കുപോലും വെള്ള കഷ്ടം പറഞ്ഞ് അംഗനവാടി മൊടക്കീട്ടില്ല ഞങ്ങള്. ആകപ്പാടെ കുഞ്ഞു മക്കളക്ക് പോകാൻ അതൊരു ഇടംതന്നെയെ ഉള്ളൂ. സമരപ്പന്തലിൽ കിട്ടിയ നോട്ടീസിലെ പാട്ട് ഒരു ദിവസം സുന്ദരൻെറ മകൻ മണികണ്ഠൻ പാടിയതിങ്ങനെ.*

*മാവിൽ കൊമ്പിലിരുന്നൊരു*
*പ്ലാച്ചിമട പക്ഷി ചിലച്ചു.*
*തൊണ്ട വരളുന്നു കൂട്ടരേ,*
*കൊക്കക്കോളക്കാവില്ലല്ലോ*
*വരളും തൊണ്ട നനക്കാൻ.*

മയിലമ്മയുടെ ജീവിതവും അതിൻെറ സുഖവും സന്തോഷവും ദുരിതങ്ങളുമെല്ലാം പ്ലാച്ചിമട സമരവുമായി ഇഴചേർത്തുകൊണ്ടാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മാരിമുത്തു സ്നേഹം കൂടുതല് തോന്നുമ്പൊഴും കള്ളു കുടിച്ചാലും അങ്ങനെ വിളിക്കും.

ടാ... കണ്ണാ... മയിലാ... ന്ന്

മയിലമ്മയെ തനിച്ചാക്കി പിന്നീട് മാരിമുത്തു പോയി. എൻെറ ഇരുപത്തിയേഴ് വയസ്സിലാണ് അവര് മരിക്കുന്നത്. മൂന്നു കൊല്ലം സൂക്കേടായി ഇരുന്നു. നെഞ്ചത്ത് ചളിയായിരുന്നു. ടി.ബി. സൂക്കേടാണെന്ന് ഡാക്ടറ് പറഞ്ഞു. മരിക്കണ നേരത്ത് എൻെറ മടിയില് തല വച്ച് കണ്ണും നെറഞ്ഞ് എന്നെ നോക്കിയ നോട്ടം, എന്തോ മറക്കാനേ പററ്ന്നില്ല.


പ്രതിലോമകരമായ സാഹചര്യങ്ങളോട് പൊരുതി നില്ക്കുമ്പോൾ തുണയായി വലിയ നേതാക്കളുടെ സഹായങ്ങൾ മയിലക്ക് ലഭിച്ചിരുന്നു. ഡൽഹിയിലും മററും സഞ്ചരിക്കുകയും ചെയ്തു. അപ്പോഴെല്ലാം സമരപ്പന്തലും സജീവമായിരുന്നു. പലരും സമരപ്പന്തലിലിരുന്ന് മരിച്ചു പോയിട്ടുമുണ്ട്. സമരക്കാരുടെ പേരിൽ പല പല കേസുകളുമുണ്ടായി. ക്രൂര മർദ്ദനങ്ങളും ലാത്തിചാർജ്ജുമൊക്കെയുണ്ടായി. എങ്കിലും ഒരു ജനതയുടെ ജീവിതത്തിനുവേണ്ടിയുള്ള പോരാട്ട സമരത്തെ നിർവ്വീര്യമാക്കാനുള്ള ശേഷിയൊന്നും മേലാളന്മാരുടെ ലാത്തികൾക്കുണ്ടായിരുന്നില്ല.

പലതിലുമെന്നപോലെ കോളയും ഒരു പ്രതീകമാണ്. അധിനിവേശത്തിൻെറ കുടില തന്ത്രങ്ങളിലൂടെ മനുഷ്യരുടെ ചോരയൂററുന്ന ആർത്തിയുടെ പ്രതീകം. സ്വാതന്ത്ര്യമെന്ന മൂന്നക്ഷരം ചോര നിറമാർന്ന ഓരോർമ്മയാണെങ്കിലും ആ സ്വാതന്ത്ര്യമെല്ലാം വെളുത്ത മേലാളൻെറ കയ്യിലെ പമ്പരമാക്കി ദല്ലാൾ പണിയെടുക്കുന്ന ജനാധിപത്യവാദികൾ പെരുകിവരുന്ന ഇക്കാലത്ത് മയിലമ്മ ഓരോർമ്മയാണ്. തദ്ദേശിയമായ ജീവിത സ്വാതന്ത്ര്യത്തിനായി ജീവിതം സമരമാക്കുന്നവരുടെ പ്രതിനിധി. പുരുഷ മേൽക്കോയ്മകളുടെയിടയിലൂടെ പീലിനിവർത്തിയാടിയ പെൺസമരസൗന്ദര്യം. ചരിത്രത്തിൻെറ പ്രതിരോധ സമരങ്ങളിൽ കീഴാളൻെറ വിജ്ഞാനമെന്തെന്ന് ജീവിതം കൊണ്ട് കാണിച്ചുകൊടുത്ത അപരാജിത. മണ്ണും വായവും ജലവുമെല്ലാം വില്ക്കപ്പെടുമ്പോൾ, ഗ്യാസ് ചേമ്പറുകളിൽ പ്രതീക്ഷകൾ നീറിയമരുമ്പോൾ, ആട്ടിൻ തോലിട്ടവരുടെ പുതിയ സിദ്ധാന്തങ്ങൾ മാധ്യമങ്ങൾപോലും ഏററുപിടിക്കാൻ മേഘപാളികൾ തുറന്നു വരുന്ന അവധൂതരെ കാത്തുനിൽക്കാതെ ഇരു കയ്യുകൾ സാക്ഷയാക്കി കൂട്ടായി പ്രതിരോധിക്കാൻ ജീവിതംകൊണ്ട് സമരമെഴുതിയ മയിലമ്മയെ നമുക്ക് മറക്കാതിരിക്കാം.




# പ്രണയം ഹിന്ദി കഥാസാഹിത്യത്തിൽ

**കെ.ജനാർദ്ദനൻ**
*പയ്യന്നൂർ കോളജ്, പയ്യന്നൂർ*



'പ്രണയം' എഴുത്തുകാരുടെ പ്രിയ വിഷയമായിരുന്നു; എന്നും ഇന്നും. ഹിന്ദി സാഹിത്യവും ഇതിൽ നിന്ന് വ്യതിരിക്തമല്ല. മനഃശാസ്ത്രം, മാർക്സിസം ഇവയുടെ ഇടനാഴിയിലൂടെ ഹിന്ദി പ്രണയ കഥകൾ ഒരു പാട് മുന്നോട്ട് നീങ്ങി. യശ്പാൽ ആണ് പ്രണയായഖ്യാനത്തിന്റെ വേറിട്ട നാദം ഹിന്ദി വായനക്കാരെ ആദ്യം കേൾപ്പിച്ചത്. മുൻപും പിൻപുമുള്ള എഴുത്തുകാർ സ്ത്രീയെ ദേവി/ഭോഗി/ദാസി രൂപത്തിൽ അടയാളപ്പെടുത്തി. യശ്പാൽ സ്ത്രീയെ ഇവയിൽ നിന്ന് മോചിപ്പിക്കുകയും പോരാട്ടത്തിന്റെ നാൾവഴിയിലെ സഹയാത്രികയായി രേഖപ്പെടുത്തുന്നു. ഏറ്റവും കരുത്തുറ്റ പ്രണയ ഗുശ്മം ഹിന്ദി വായനക്കാർ ആദ്യമായി കണ്ടത് നിറം പിടിപ്പിച്ച നുണകളിലാണ്.

പാരമ്പര്യത്തിന്റെ പറുദീസയിൽ പ്രണയത്തെ ഒളിപ്പിക്കാൻ ശ്രമിച്ചവരാണ് അധികം പേരും. യശ്പാലിനു മുമ്പ് പ്രേംചന്ദ് ജീവിതത്തിലും എഴുത്തിലും പ്രണയത്തെ വിപ്ലവാത്മകമായി കണ്ടനുഭവിക്കുകയും രേഖപ്പെടുത്തുകയും ചെയ്തു. പുരോഗമന പ്രസ്ഥാനത്തിനു പുറത്തുള്ളവർ പ്രണയത്തെ യോഗി/ഭോഗി നീർച്ചാലിൽ ഒഴുക്കിവിട്ടവരാണ്. കാല്പനികതയുടെ കെട്ടുമുട്ടകളാണ് ഹിന്ദിയിലെ പ്രണയ സാഹിത്യം ഒരു പരിധി വരെ. പ്രേംചന്ദിന്റെ 'ഗോദാന'ത്തിലാണ് പ്രണയത്തിന്റെ കനലുകൾ ആദ്യമായി എരിഞ്ഞടങ്ങിയത്. യശ്പാലിന്റെ കഥാസാഹിത്യത്തിൽ പ്രണയം ജീവവായുവായി ആദ്യാവസാനം വരെ നിൽക്കുന്നു. ജയിലിൽ വച്ചാണ് യശ്പാൽ എന്ന വിപ്ലവകാരി തന്റെ പ്രേയസ്സിയെ വിവാഹം കഴിക്കുന്നത്. വിവാഹനന്തരം വരൻ ഇരുമ്പഴിക്കുള്ളിലേക്ക് വധു തന്റെ വീട്ടിലേക്ക്. വ്യവസ്ഥാപിത പ്രണയ സങ്കൽപത്തെ തകർത്തത് യശ്പാൽ ആണ്. നോവലുകളെ അപേക്ഷിച്ച് ചെറുകഥകളാണ് പ്രണായാഖ്യാനത്തിൽ വിപ്ലവാത്മകമായ പരിവർത്തനത്തിന് തുടക്കം കുറിച്ചത്.


യശ്പാലിനു മുമ്പ് പ്രണയാഖ്യാനത്തിന്റെ ഫ്രോയിഡിയൻ തുരുത്ത് നിർമ്മിച്ചവർ ജൈനേന്ദ്രനും അജ്ഞേയനുമാകുന്നു. ഇവരുടെ പ്രണയ വർണങ്ങൾക്ക് ഹിന്ദി വായന സമൂഹം ഒരു പരിധി വരെ കീഴ്പ്പെട്ടിരിക്കുന്നു. മാനസിക പ്രക്ഷേപണത്തിന്റെ ദിവാസ്വപ്ന തന്ത്രങ്ങളായും ഭോഗേച്ഛയുടെ ശോഷണ തന്ത്രങ്ങളായും അവ വായനക്കാരെ ആശ്ലേഷിച്ചു. മാനസിക അതിവാദത്തിന്റെ, ശരീര ചൂഷണത്തിന്റെ ഭോഗരൂപമായി അത് പരിണമിച്ചു. പ്രേംചന്ദിന് ശേഷം യശ്പാലിന്റെ വരവിന് മുമ്പ് ഹിന്ദി കഥാസാഹിത്യം പ്രണയാഖ്യാനത്തിന്റെ തേരിൽ ഭോഗേച്ഛയുടെ കനലുകളാണ് തീർത്തത്. പിന്നീട് വന്ന പുരോഗമന ഇടതുപക്ഷ എഴുത്തുകാർ പ്രണയത്തെ ഒരു വിചാര വിപ്ലവത്തിന്റെ തീമഴയായി കൊണ്ടു നടന്നു. "കള്ളിമുള്ളുകളുടെ ലോകം" ,"വിത്ത്" ,"ഭടിയാലി" തുടങ്ങിയ നോവൽ രചനകൾ പ്രണയത്തിന്റെ വ്യവസ്ഥാപിത താൽപര്യങ്ങൾക്ക് എതിരെ ഒരു ചെറുത്തു നിൽപ്പായിരുന്നു.

മുഖ്യധാരാ എഴുത്തുകാർ പ്രണയത്തെ സാമൂഹ്യ ജീവിതത്തിന്റെ കേന്ദ്രസ്ഥലീയിൽ നിന്ന് അടർത്തിയെടുത്ത് വ്യക്തിഗത പ്രസ്ഥാനക്കാരുടെ ഒറ്റയാൻ പോരാട്ടത്തിന്റെ

റെഡ്ഫോർട്ടായി രേഖപ്പെടുത്തുവാൻ തത്രപ്പെടുന്നു. അജ്ഞേയിന്റെ "ശേഖർ ഒരു വിപ്ലവകാരി"(ജീവചരിത്രം) നദീ തുരുത്തുകൾ, ധർമ്മ വീർഭാരതിയുടെ "പാപികളുടെ ദേവൻ" തുടങ്ങിയ കൃതികൾ പ്രണയത്തെ ഭോഗേച്ഛയുടെ വിലാപ ഭൂമിയിലേക്ക് കൊണ്ടു പോകുന്നു. 'പ്രണയം' മനുഷ്യബന്ധങ്ങളുടെ നിരർത്ഥ കഥകളിലേക്ക് കൂപ്പു കുത്തുന്നു. പ്രണയത്തിന്റെ തുറസ്സുകളിൽ നിന്ന് ശേഖർ എന്ന വിപ്ലവകാരി പിന്മടങ്ങുന്നു. ഹിന്ദി സാഹിത്യത്തിലെ ഒരു നാഴികക്കല്ല് എന്ന് വിശേഷിപ്പിക്കപ്പെട്ട ആ നോവൽ പ്രണയത്തിന്റെ ഏത് ചേരുവയാണ് പുതിയ വായനക്കാർക്ക് പകർന്നു കൊടുക്കുന്നത്. ഭോഗേച്ഛയുടെ തീ നാളങ്ങൾക്ക് അപ്പുറത്ത് ശാന്തതയുടെ പച്ചത്തുരുത്തുകൾ അന്വേഷിക്കുന്നവർ നിരാശരാകും. ഇതിൽ നിന്ന് വേറിട്ട ഒരു ചരിത്രം പറയാനില്ല ശ്രീകാന്ത് വർമ്മയുടെയും മഹേന്ദ്ര ഭല്ലയുടെയും നോവലുകൾക്കും. പ്രണയത്തിന്റെ യാതനാസ്ഥലികൾ അടയാളപ്പെടുത്തുന്ന നോവലുകളും ഹിന്ദിയിൽ വിരളമല്ല. ദാമ്പത്യ ജീവിതം വേദനാജനകമായി കൊണ്ടു നടന്നവർ ഒടുങ്ങാത്ത ആനന്ദോത്സവമാണ് പ്രണയ ജീവിതം എന്ന് ഉദ്ഘോഷിച്ചവരെ ഏറെ നിരാശപ്പെടുത്തി. അവനവനെ നിഷേധിക്കലാണ് പ്രണയമെന്നും ആത്മത്യാഗമാണ് പ്രണയമെന്നും അവർ ശഠിച്ചു.

ഗാന്ധിസത്തിന്റെ പാത സ്വീകരിച്ചവർ പ്രണയത്തെ ഒരു മഹാത്യാഗമായി കണ്ടെത്തി ഇവർ മനഃശാസ്ത്രത്തിന്റെ ചങ്ങാത്തവുമായി അവയിൽ പ്രണയ പദ്ധതി സ്വീകരിച്ചു. സർഗാത്മകവും പ്രതിരോധാത്മകവുമായഒരു പ്രണയ ജീവിതം അടയാളപ്പെടുത്തുവാൻ ഇവർക്ക് കഴിഞ്ഞില്ല. പ്രണയലോകത്തെ പരാജിതരിൽ ഒരു കൂട്ടർ ഭിക്ഷാംദേഹികളാകുന്നു. ചിലർ പാപികളുടെ ദേവതമാരായി ആരാധനാമൂർത്തികളാകുന്നു. വേറൊരു കൂട്ടർ ആത്മഹത്യാമുനമ്പിൽ അഭയം പ്രാപിക്കുന്നു.

പോരാട്ട ഭൂമിയിലേക്ക് ആവേശപൂർവ്വം നടന്നു നീങ്ങുന്ന പ്രണയ താരങ്ങൾ ഹിന്ദി കഥാ - സാഹിത്യത്തിൽ വിരളമാണ്.



യശ്പാൽ

യശ്പാൽ, അമൃതരായ്, രാംഗേയ് രാഘവ് എന്നിവർ പ്രണയാഖ്യാനത്തിന്റെ പാതയിൽ കരുത്തുള്ളവർ തന്നെ. അമൃതറായിയുടെ "ബീജ്", യശ്പാലിന്റെ "നിറംപിടിപ്പിച്ച നുണകൾ", രാംഗേയ് രാഘവിന്റെ "കളിവീട്" എന്നീ കൃതികൾ കൂട്ടത്തിൽ തലയുയർത്തി നിൽക്കുന്നു. കൗമാര പ്രായക്കാരെ വഴിതെറ്റിക്കാൻ പാകത്തിൽ രൂപപ്പെടുത്തിയ ധർമ്മവീർ ഭാരതിയുടെ "പാപികളുടെ ദൈവം" ഏറെ വിവാദങ്ങൾ സൃഷ്ടിച്ചിരുന്നു. ആരോഗ്യകരമായ ഒരു പ്രണയ ഗ്രാമ നിർമ്മിതിയിൽ തീർത്തും പരാജിതമാണ് ആ നോവൽ "സൂര്യന്റെ ഏഴാം കുതിര" പുരോഗമന സാഹിത്യ പ്രസ്ഥാനത്തെ അപഹസിക്കുന്ന ഒരു പ്രണയാഖ്യാനമാണ്.

പ്രണയത്തെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ ആയിക്കണ്ടവർ ഒടുവിൽ സമൂഹനിരാസത്തിലും വ്യക്തിനിരാസത്തിലും അകപ്പെടുന്നു. കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ഭയപ്പെടുന്ന പുരുഷ പ്രണയികൾ ഹിന്ദി കഥാ സാഹിത്യത്തിലും വിരളമല്ല. പ്രതിരോധത്തിന്റെ കനൽവഴികളിൽ നിന്ന് ക്ഷമാപണത്തിന്റെ ഐസ്ക്യൂബിലേക്ക് പിഴുതെറിയപ്പെട്ടവർ ഹിന്ദി കഥാ സാഹിത്യത്തിൽ ജീവിക്കുന്നു. പ്രണയത്തിന്റെ മാംസളതയിൽ അഭിരമിക്കുന്നവർ, ആത്മപീഡനത്തിന്റെ ഉന്മാദനത്തിന്റെ നാൾവഴികൾ പിന്നിട്ട് ഞരമ്പുരോഗികളായി ജീവിക്കാൻ വിധിക്കപ്പെട്ടവർ മനഃശാസ്ത്ര നോവലുകളുടെ ജീവവായുവായി നിൽക്കുന്നു.

പ്രണയത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റ് എവിടെയെന്ന് അന്വേഷിക്കുന്നത് നിരർത്ഥകമാണ്. പുരുഷ പ്രജയ്ക്ക് തന്റെ പ്രേയസിയിൽ എന്ത് അധികാരമാണോ അതേ അധികാരം സ്ത്രീയ്ക്ക് തന്റെ കാമുകനിൽ ഉണ്ട് എന്ന സാമാന്യ തത്വം അംഗീകരിക്കുവാനും എത്രപേർ തയ്യാർ? ഫ്യൂഡൽ സമൂഹത്തിലെ ഏത് പ്രണയമാണ് സമത്വത്തിന്റെ തലത്തിലേയ്ക്ക് ഉയർന്നത്. വിവാഹ പൂർവ്വ പ്രണയവും വിവാഹ ശേഷ പ്രണയവും തമ്മിൽ വലിയ അനന്തരമുണ്ടെന്ന് വാദിക്കുന്നവർ ഉണ്ട്. മുതലാളിത്ത സമൂഹത്തിൽ സ്ത്രീ ഒരു ഉപഭോഗ വസ്തുവായി നിലകൊള്ളുന്നു. കുടുംബ ജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ കഴിയാതെ ഒരു പാട് പ്രണയങ്ങൾ നിലംപരിശായ കഥകൾ ഹിന്ദിസമൂഹം വേദനയോടെ നോക്കി നിന്നു. ജീവിതം ഒരു പോരാട്ടമാണ്. ആ പോരാട്ടത്തിന് കരുത്ത് പകരുന്ന ഒരു പ്രണയമാണ് യഥാർത്ഥമാകുന്നത്. പ്രണയഭോക്താക്കളുടെ വർഗ നിലപാട് അവരുടെ ഭാവിജീവിതത്തെ ശല്യപ്പെടുത്തുന്നു. ഭിന്നവർഗത്തിൽ പെട്ടവർ ഒന്നിക്കുമ്പോൾ ഏറ്റുമുട്ടലുകൾ സ്വാഭാവികമാണ്. പ്രണയത്തെ മുക്തിസംഗ്രാമമായി കാണാനുള്ള ഒരു ധാർമ്മിക ധൈര്യം ഇന്നെവിടെ! ജാതി - മതവേലികൾ പ്രണയവേലികൾ തകർക്കുന്നു. സ്നേഹശാസ്ത്രത്തെ ഒരു പ്രതിരോധ ശാസ്ത്രമായി പ്രണയം കൊണ്ടു നടക്കുന്നു. പ്രണയം ഒരു സാമൂഹ്യ യാഥാർത്ഥ്യമായി പരിണമിക്കുന്നത് യശ്പാൽ, അമൃതറായി, രംഗേയരാഘവ്, ഭീഷ്മസാഹ്നി, രാഹുൽ സംകൃത്യായാൻ തുടങ്ങിയവരുടെ രചനകളിലാണ്. പ്രേംചന്ദിന്റെ പ്രണയിനികൾ ഫ്യൂഡൽ അവബോധത്തിന്റെ ഭൂമികയിൽ നിന്ന് പുറത്തു കടക്കുവാൻ തത്രപ്പെടുന്നു. ഒടുവിൽ സ്വയം പിന്മാറുന്നു. ഒരു മൂടൽ മഞ്ഞിന്റെ വലയത്തിൽ നിന്നും പ്രണയത്തെ മോചി

പ്പിക്കുന്നത് ഇടതുപക്ഷ എഴുത്തുകാരാണ്. എഴുതപ്പെട്ട ചരിത്രങ്ങളിൽ ഒരിടത്തും പ്രണയ ചരിത്രം അതിന്റെ ഇടം കണ്ടെത്തിയിട്ടില്ല. ദേഹവാദികളുടെ പ്രണയ സങ്കൽപത്തെ അതിജീവിക്കാൻ ഇടതുപക്ഷ എഴുത്തുകാർക്ക് തന്നെ പണിപ്പെടേണ്ടി വന്നു. സാമ്പത്തിക ബന്ധങ്ങളുടെ അടിത്തറയിൽ ബലപ്പെടുന്ന പ്രണയ ബന്ധങ്ങൾ മാത്രമെ നിലനിൽക്കുകയുള്ളൂ. സാമൂഹ്യ ബന്ധങ്ങൾ ഉത്പാദന ബന്ധങ്ങളുമായി ചേർന്നു കിടക്കുന്നു. ഒരു വ്യക്തി സത്യമെന്ന മിഥ്യ തകർക്കാതെ പ്രണയത്തിന് ദീർഘകാലം ജീവിക്കാൻ കഴിയില്ല. ഏംഗൽസ് രേഖപ്പെടുത്തുന്നു. Women can be imanicipated only when she can take part on a large social scale in production and is engaged in domestic work only to an insignificant degree [F.Engles - The origin of the family private property and the state] സാമ്പത്തിക ഘടനയിൽ സമൂല പരിവർത്തനത്തിന്റെ അനിവാര്യതയിൽ ഊന്നൽ നൽകുന്ന ''നിറം പിടിപ്പിച്ച നുണകൾ പ്രണയത്തിന്റെ മനുഷ്യമുഖം രേഖപ്പെടുത്തുന്നു. പ്രണയം ഉയർത്തുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി യശ്പാൽ മനഃശാസ്ത്രത്തെ കൂട്ടുപിടിക്കുന്നില്ല. നിലപാടു തറയുടെ പ്രണയ - പ്രശ്നം യശ്പാൽ ഉന്നയിക്കുന്നു. പ്രണയത്തിന്റെ അടിത്തറ സാമ്പത്തിക ഭദ്രതയല്ല. എന്നാൽ പ്രണയം നിലനിന്നു പോകാൻ സമ്പത്ത് ഒരു പ്രധാന ഘടകം തന്നെ.

സ്ത്രീ തന്റെ രക്ഷകയായി മാറുന്ന ഒരു സാമൂഹ്യപാഠം രൂപപ്പെട്ടു വരികയാണ്. സ്ത്രീയെ സ്വകാര്യസ്വത്തായി കാണുന്ന പുരുഷ മേധാവിത്വം തകരണം. നൂറ്റാണ്ടുകളായി ജാതി മേൽക്കോയ്മയിലും പുരുഷ മേൽക്കോയ്മയിലും ജീവിക്കുവാൻ വിധിക്കപ്പെട്ട സ്ത്രീ സമൂഹം തങ്ങളുടെ മോചനത്തിനുവേണ്ടി സ്വയം ശബ്ദിക്കുവാൻ തുടങ്ങി. പുതിയ തലമുറയിൽ പെട്ട എഴുത്തുകാരിൽ സ്ത്രീ എഴുത്തുകാരാണ് ഇന്ന് ഹിന്ദിയിൽ മുൻപന്തിയിൽ. കൃഷ്ണാസോബ്തി, മനുഭണ്ഡാരി, മൈത്രേയി പുഷ്പ, ഉഷ പ്രിയംവദ്, മൃദുലാഗർഗ് തുടങ്ങിയവർ പ്രണയത്തെ ആഴത്തിൽ സ്പർശിക്കുന്നു. കൃഷ്ണസോബ്തി തന്റെ പുതിയ നോവലിൽ വൃദ്ധ ലോകത്തെ പ്രണയ തീക്ഷ്ണത രേഖപ്പെടുത്തുന്നു. പ്രണയത്തിൽ ഒരു റിട്ടയർമെന്റില്ല എന്ന് പ്രഖ്യാപിക്കുന്നു അവർ. പ്രണയത്തെ അധിനിവേശ പ്രതിരോധത്തിന്റെ ശക്തികേന്ദ്രമായി ഇന്ന് വായിച്ചെടുക്കാം. ജയശങ്കർപ്രസാദ്, പ്രേചന്ദ് തുടങ്ങിയവർ രേഖപ്പെടുത്തി വച്ച പ്രണയശാസ്ത്രം അധിനിവേശ പ്രതിരോധത്തിന്റെ ഊർജ്ജ സ്ഥലിയായി നിൽക്കുന്നു. പ്രണയം വ്യക്തിയുടെ ഇച്ഛാശക്തി കൊണ്ടു മാത്രം നിലനില്ക്കുന്നില്ല. സമൂഹത്തിന്റെ പിൻബലം അതിന് അത്യാവശ്യമാണ്.

*FOR TOP QUALITY BOOKS ...*

**SOBA PUBLICATIONS**

*Changanasserry, Kottayam, Kerala 686101*

*... wings of wisdom*

*Our prestigeous books which you can confidently follow ...*

- **Taxation, Kerala VAT and CST** *(ISBN 978-81-920969-0-1)* ` 120
- **Income Tax** *(For B. Com / B.B.A) (ISBN 978-81-920969-0-2)* ` 190
- **Direct taxes - Law and Practice** *(For M. Com / MBA / CA/ ICWA) (ISBN 978-81-920969-0-3)* ` 390
- **Principles of Insurance** *(ISBN 978-81-920969-0-4)* ` 100
- **Capital Market** *(For B. Com.) (ISBN 978-81-920969-0-5)* ` 100
- **Value Added Tax - Concepts and Practices** *(ISBN 978-81-920969-0-6)* ` 110
- **Indian Financial Markets** *(ISBN 978-81-920969-0-7)* ` 100
- **Capital Market and Investment Management** *(ISBN 978-81-920969-0-8)* ` 100
- **Indian Financial System** *(ISBN 978-81-920969-0-9)* ` 100

*Attention Authors and Eminent Professors ...*

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**SOBA PUBLICATIONS**

The Manager
175, Manamel, Boat Jetty Road
Changanasserry, Kottayam (Dist) Pin-686 101
Ph. 9496752663 / 9446223651
Website : www.sobapublications.com

# No Rounding-Off Marks

**Dr. K. Krishnadas**
*Sree Sankara College,Kalady*
*Convenor, AKPCTA Legal Cell*



In a recent judgment,the Supreme Court has taken a decision that would have far reaching consequences on the future of thousands of students,whereby it is decreed that there can be no rounding-off of the percentage of marks to the next digit, for eligibility of admission to a course, when eligibility criteria are clearly mentioned.

"When eligibility criteria are prescribed in a qualifyingexamination,it must be strictly adhered to".

The apex court bench of Justice A.K.Patnaik and Justice RanjanaPrakash Desai said in a recent judgment.

"ANY DILUTION OR TAMPERING WITH IT WILL WORK INJUSTICE ON OTHER CANDIDATES".

AND SUCH ROUNDING OFF IS IMPERMISSIBLE " said Justice RanjanaPrakash Desai who authored the judgment.

The apex court's judgment came while answering the question of law regarding, whether a relaxation was possible through the application of the Principle of rounding off in eligibility criteria prescribed for admission in a case related to a Post- Graduate nursing course.

The court said "No provision of any statute or any rules framed here under has been shown to us, which permits rounding- off of the eligibility criteria prescribed for the qualifying examination for admission to the PG course in M.SC Nursing.

The court sought strict adherence to the eligibility criteria, while disposing off an appeal by Bangalore based Rajiv Gandhi University of Health Sciences, challenging the October 28 , 2010 judgment of the division bench of the Karnataka High Court, declining to entertain a plea against the single – judgment order, upholding rounding off the percentage of marks obtained by one G.Hemalatha, so as to make her eligible for admission to the Post- Graduate nursing course. The Apex Court observed "The Division Bench of the High Court erred in holding that the learned single judge was right in rounding off 54.71% to 55%, so as to make respondent Hemalatha , eligible for admission to the PG course. Such rounding off is impermissible.

Hemalatha completed the Bachelor of Science Degree in Nursing with 54.71 percent aggregate marks from NTR university of Health Sciences in the year 1997 .

# സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# ഇൻക്രിമെൻറ്

**കെ.എസ്.ജയചന്ദ്രൻ**

*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



1. സാധാരണ ഗതിയിൽ ഒരു മാസത്തിന്റെ ആദ്യത്തെ ദിവസം മുതലാണ് ഇൻക്രിമെൻറ് ലഭിക്കുന്നത്.
2. പ്രോബേഷൻ കാലയളവിലുള്ള ഉദ്യോഗസ്ഥനാണെങ്കിൽ പ്രോബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി മുതൽ മാത്രമേ അടുത്ത ഇൻക്രിമെൻറ് ലഭിക്കുകയുള്ളൂ.
3. മെഡിക്കൽ സർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിൽ അല്ലാത്ത ശൂന്യവേതന അവധി ഇൻക്രിമെൻറ് തിയതിയെ ബാധിക്കും.
4. പ്രസവാവധിയോട് ചേർന്ന് 60 ദിവസം വരെയുള്ള മെഡിക്കൽ സർട്ടിഫിക്കററിന്റെ അഭാവത്തിലുള്ള ശൂന്യവേതന അവധി ഇൻക്രിമെൻറ് തീയതിയെ ബാധിക്കുകയില്ല.
5. സമരം ചെയ്തതുമായി ബന്ധപ്പെട്ടുള്ള ഡൈസ്നോൺ കാലം ഇൻക്രിമെൻറ് തീയതിയെ ബാധിക്കുകയില്ല.
6. അഡ്വാൻസ് ഇൻക്രിമെൻറ് ലഭിച്ച ഉദ്യോഗസ്ഥന് തുടർന്നുള്ള വാർഷിക ഇൻക്രിമെൻറിന്റെ തിയതിക്ക് മാററമുണ്ടാവുകയില്ല.
7. യു ജി സി ശമ്പള ഘടനയിൽ വരുന്ന അധ്യാപകർക്ക് ബാധകമായ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

A. യു ജി സിയുടെ പുതുക്കിയ ശമ്പള ഘടനയിൽ 6 മാസമോ അതിൽ കൂടുതൽ കാലമോ ജൂലൈ 1 ന് പൂർത്തിയാക്കിയാൽ പ്രസ്തുത ജൂലൈ 1 ന് അടുത്ത ഇൻക്രിമെൻറ് ലഭിക്കും.

B. ജൂലൈ 1 ന് 6 മാസം പൂർത്തിയാക്കിയില്ലെങ്കിൽ അതിന്റെ അടുത്ത ജൂലൈ 1 ന് മാത്രമേ തുടർന്നുള്ള ഇൻക്രിമെൻറ് ലഭിക്കുകയുള്ളൂ.

C. ജൂലൈ 1 നും അടുത്ത ജനുവരി 1 നും ഇടയിൽ പ്രൊമോഷൻ വരുന്നവർക്കും തുടർന്ന് വരുന്ന ജൂലൈ 1 ന് അടുത്ത ഇൻക്രിമെൻറ് ലഭിക്കും.

D. ജനുവരി 2 നും അടുത്ത ജൂൺ 30നും ഇടയിൽ പ്രൊമോഷൻ വന്നാൽ അതിനടുത്ത വർഷത്തൊ ജൂലൈ 1 ന് മാത്രമേ അടുത്ത ഇൻക്രിമെൻറ് ലഭിക്കുകയുള്ളൂ.

E. ജനുവരി 1 ന് ജോലിയിൽ പ്രവേശിക്കുകയോ പ്രൊമോഷൻ ലഭിക്കുകയോ ചെയ്യുന്നവർക്ക് ആ വർഷത്തെ ജൂലൈ 1 ന് അടുത്ത ഇൻക്രിമെൻറ് ലഭിക്കും. മറേറതെങ്കിലും തീയതിക്ക് ജോലിയിൽ പ്രവേശിക്കുകയോ പ്രൊമോഷൻ ലഭിക്കുകയോ ചെയ്യുന്നവർക്ക് അതിന്റെ അടുത്ത വർഷത്തേ ജൂലൈ 1 ന് മാത്രമേ അടുത്ത ഇൻക്രിമെൻറ് ലഭിക്കുകയുള്ളൂ.

F. പ്രോബേഷൻ ഡിക്ലയർ ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ അതിന് ശേഷം മുൻകാല പ്രാബല്യത്തോടെ ജൂലൈ 1 ന് മുൻകാല പ്രാബല്യത്തോടെ അടുത്ത ഇൻക്രിമെൻറ് ലഭിക്കണം.

G. 6 മാസത്തിൽ താഴെക്കുള്ള കാലത്തേക്കുള്ള ശൂന്യവേതന അവധി (മെഡിക്കൽ സർട്ടിഫിക്കേററിന്റെ അഭാവത്തിലുള്ളത്) അടുത്ത ഇൻക്രിമെൻറ് തീയതിയെ ബാധിക്കുകയില്ല.

H. പേബാൻറിലെ ശമ്പളവും അക്കാദമിക് ഗ്രേഡ്പേയും കൂട്ടികിട്ടുന്ന തുകയുടെ 3 ശതമാനം വരുന്ന തുകയാണ് (അടുത്ത പത്തിന്റെ ഗുണിതത്തിന് ശരിയാക്കിയത്) വാർഷിക ഇൻക്രിമെൻറ്

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971, 9447308697

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

കണ്ണൂർ-കാസർഗോഡ്

# ജില്ലാ കൺവെൻഷൻ

എകെപിസിടിഎ. കണ്ണൂർ - കാസർഗോഡ് ജില്ലാ കൺവെൻഷൻ ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ ഉദ്ഘാടനം ചെയ്തു. ജൂലൈ 26, 27 തീയതികളിൽ ജില്ലയിൽ സംസ്ഥാന നേതാക്കൾ നടത്തിയ ബ്രാഞ്ച് സന്ദർശനങ്ങളോടനുബന്ധിച്ചാണ് എസ്എൻ. കോളജിൽ ജൂലൈ 26 ന് ജില്ലാ കൺവെൻഷൻ നടന്നത്. ജില്ലാ പ്രസിഡന്റ് കൃഷ്ണൻ വണ്ണാരത്ത് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന അക്കാദമിക് കൺവീനർ ഡോ. യു. ഹേമന്ത്കുമാർ, സംസ്ഥാന വനിതാ സെൽ കൺവീനർ ഡോ. എജി. ഒലീന, സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ, ജില്ലാ സെക്രട്ടറി നിശാന്ത് എ. എന്നിവർ പ്രസംഗിച്ചു. എസ്എൻ. കോളജ് ബ്രാഞ്ച് പ്രസിഡന്റ് ഡോ. എൻ. സാജൻ സ്വാഗതവും സെക്രട്ടറി ഡോ. അരവിന്ദൻ താരേമ്മേൽ നന്ദിയും പറഞ്ഞു.

# സർവ്വീസ് ട്രെയിനിംഗ് ക്ലാസ്സ്

6 ാം യു.ജി.സി. ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി പുറത്തിറങ്ങിയ യു.ജി.സി. റഗുലേഷൻസ് സംബന്ധിച്ച് കണ്ണൂർ - കാസർഗോഡ് ജില്ലാ കമ്മിറ്റി സർവ്വീസ് ട്രെയിനിംഗ് ക്ലാസ്സ് സംഘടിപ്പിച്ചു. ആഗസ്റ്റ് 15 ന് കണ്ണൂർ സർവ്വകലാശാല ഐ.ടി. സെമിനാർ ഹാളിൽ സംസ്ഥാന സർവ്വീസ് സെൽ അംഗം ഡോ. കെ. പി. വിനോദ് കുമാർ (എം.ഇ.എസ് മമ്പാട്) ക്ലാസ്സെടുത്തു. 2004 നു ശേഷം സർവ്വീസിൽ പ്രവേശിച്ച അധ്യാപകരാണ് ക്ലാസ്സിൽ പങ്കെടുത്തത്. ജില്ലാ പ്രസിഡന്റ് കൃഷ്ണൻ വണ്ണാരത്ത് അദ്ധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ സംസാരിച്ചു. ജില്ലാ സെക്രട്ടി നിശാന്ത് എ. സ്വാഗതവും ജില്ലാ ജോ. സെക്രട്ടറി ഡോ. കെ. അജയകുമാർ നന്ദിയും പറഞ്ഞു.

# ഡോ.പി.കെ. രാജൻ അധ്യാപക അവാർഡ്

കണ്ണൂർ സർവ്വകലാശാല മുൻ വൈസ് ചാൻസലറും വിദ്യാഭ്യാസ വിചക്ഷണനുമായ യശശ്ശരീരനായ ഡോ. പി.കെ. രാജന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ അധ്യാപക അവാർഡിന് ഡോ. സുധ കെ. (എസ്. എൻ. കോളജ്, കണ്ണൂർ), ഡോ. അംബികാസുതൻ മാങ്ങാട് (എൻ.എ.എസ് കോളജ്, കാഞ്ഞങ്ങാട്) അർഹരായി.




ഡോ. അംബികാസുതൻ മാങ്ങാട്



ഡോ. സുധ കെ.

# അക്കാദമിക് സെമിനാർ

എ.കെ.പി.സി.ടി.എ. കാഞ്ഞങ്ങാട് എൻ.എ.എസ്. കോളജ് ബ്രാഞ്ച് നടത്തിയ അക്കാദമിക് സെമിനാർ *സംസ്ക്കാരവും ചരിത്രവും* പ്രൊഫ. കെ.ഇ.എൻ. കുഞ്ഞഹമ്മദ് (സംസ്ഥാന സെക്രട്ടറി, പു.ക.സ) ഉദ്ഘാടനം ചെയ്തു. ബ്രാഞ്ച് പ്രസിഡന്റ് മുൻ സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. കുട്ടിയാൻ അദ്ധ്യക്ഷത വഹിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. ഖാദർ മാങ്ങാട്, സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ, ജില്ലാ സെക്രട്ടറി നിശാന്ത് എ. എന്നിവർ സംസാരിച്ചു. ബ്രാഞ്ച് സെക്രട്ടറി വി. വി. പുരുഷോത്തമൻ സ്വാഗതവും ജോ. സെക്രട്ടറി ആർ. രമേഷ് കുമാർ നന്ദിയും രേഖപ്പെടുത്തി.



Vinodkumar Edachery
*RSM Sndp Yogam College, Koyilandy*



# ICU

Leader lay still
Like Bheeshma on a
Bed of arrows
Of ravaged memory
Yes, very critical- in ICU
Not that familiar smile now
But gripping fear
Nervous chanting of God
Quite an indifference
To the inquisitive looks
Measuring the busy paths
He trod in vain
Waving at the crowd
Seeming uneasy
About the dark, unknown
Regions of fear
A sight not so sad
But waiting
An all-traits holiday

GOVERNMENT OF KERALA

Most Immediate
Fax message

No. 30985/D1/2010 /H.Edn.

Higher Education (D) Department
Thiruvananthapuram
Dated: 11-09-2012

From
The Principal Secretary to Government

To
The Director of Collegiate Education Thiruvananthapuram

Sir,

Sub:- Higher Education Department - Private Aided Colleges — Refixation of workload - reg.
Ref- GO (Ms) No. 87/121H.Edn dated 1213112

In inviting attention to the Government order cited, I am to direct you to take immediate necessary steps to stop the implementation of the Government Order until further orders from Government. The Deputy Directors of Collegiate Education may be given immediate strict direction not to entertain and approve proposals of staff fixation and recruitment by the workload fixed by the above Government Order.

Yours faithfully,
FINNY ZACHARIAH
Deputy Secretary
for Principal Secretary to Government



# ഫ്ളാഷ് ബാക്ക്



കേരളത്തിലെ പ്രൈവററ് കോളജ് അധ്യാപകരുടെ സമര ചരിത്രത്തിലെ ആദ്യത്തെ യോദ്ധാവ്. 1932 ൽ തൃശൂർ സെൻറ് തോമസ് കോളജ് മാനേജ്മെൻറിനോട് പൊരുതി പിരിച്ചുവിടപ്പെട്ടു.

പ്രൊഫ. എം. പി. പോൾ



1950 ൽ തൃശൂർ സെൻറ് തോമസ് കോളജ് മാനേജ്മെൻറിൻെറ അനീതിക്കെതിരെ പോരാടി പിരിച്ചുവിടപ്പെട്ടു. 1957 ൽ ഇ. എം. എസ് മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രി

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

# സ്പാർക്ക്

## (Service and Payroll Administrative Repository for Kerala)

കേരള ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം കേന്ദ്രഗവൺമെൻറ് സംരംഭമായ നാഷണൽ ഇൻഫോമാററിക്ക് സെൻറർ (NIC) വികസിപ്പിച്ചെടുത്ത സംവിധാനമാണ് സ്പാർക്ക്. സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ ശമ്പള വിതരണ പ്രക്രിയ സുഗമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടിയാണ് സ്പാർക്ക് സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. 2012 ഫെബ്രുവരിമാസം മുതൽ എയിഡഡ് കോളജ് അധ്യാപകർക്കും സ്പാർക്ക് വഴിയാണ് ശമ്പളം ലഭിക്കുന്നത്

ഈ പദ്ധതി പ്രകാരം ഓരോ സർക്കാർ ജീവനക്കാരനും പെർമനൻറ് എംപ്ലോയി നമ്പർ (പി.ഇ.എൻ) ലഭിക്കും. പിന്നീട് പെൻ ആണ് ഓരോ ഉദ്യോഗസ്ഥനേയും സ്പാർക്കിൽ തിരിച്ചറിയാൻ സഹായിക്കുന്ന പ്രധാനപ്പെട്ട അടയാളം പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് വേണ്ടി ശമ്പള ബിൽ തയ്യാറാക്കുന്ന ഉദ്യോഗസ്ഥന് തന്നെ സ്പാർക്ക് സംവിധാനമുപയോഗിച്ച് പെൻ ഉണ്ടാക്കാവുന്നതാണ്. ജീവനക്കാരുടെ ശമ്പള ബില്ലുകൾ തയ്യാറാക്കുക, പ്രോവിഡൻറ് ഫണ്ട്, ഇൻഷ്വറൻസ്, വരുമാന നികുതി തുടങ്ങിവയുടെ പട്ടികകൾ തയ്യാറാക്കുക, ബോണസ്സ്, ഫെസ്റ്റിവൽ അലവൻസ്, ശമ്പളകുടിശ്ശിക തുടങ്ങിയവയുടെ ബില്ലുകൾ തയ്യാറാക്കുക തുടങ്ങിയ ജോലികളാണ് സ്പാർക്കിലൂടെ ചെയ്യുന്നത്. ഒരു സ്ഥാപനത്തിൽ നിന്ന് മറെറാരിടത്തേക്ക് സ്ഥലം മാററം നൽകുമ്പോൾ സ്പാർക്കിലും അതനുസരിച്ചുള്ള മാററങ്ങൾ വരുത്തണം.


സ്പാർക്ക് സംവിധാനത്തിലേക്ക് പ്രവേശിക്കുന്നതിന് അതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് മാത്രമേ സാധിക്കുകയുള്ളൂ. പ്രധാനമായും മൂന്ന് വ്യത്യസ്ത തലങ്ങളിലാണ് സ്പാർക്കിൻെറ നിയന്ത്രണം നടക്കുന്നത്. ഏററവും മുകളിലായി സ്പാർക്കിൻെറ സിസ്ററം അഡ്മിനിട്രേററർ. സ്പാർക്ക് സംവിധാനത്തിൻെറ പൊതുവായ നിയന്ത്രണം ഇദ്ദേഹത്തിനാണ്. വിവിധ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാർക്ക് സ്പാർക്ക് സംവിധാനത്തിലേക്ക് പ്രവേശിക്കാനുള്ള അധികാരം കൊടുക്കുന്നത് സിസ്റ്റം അഡ്മിനിസ്ട്രേററാണ്. ഇത്തരത്തിൽ അധികാരം ലഭിച്ച ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാരെ ഡിപ്പാർട്ട്മെൻറ് മാനേജ്മെൻറ് യൂസർ (ഡി.എം.യു) എന്നാണ് അറിയപ്പെടുന്നത്. ഡിപ്പാർട്ടമെൻറ് മാനേജ്മെൻറ് യൂസർമാർ അവരവരുടെ പരിധിയിൽ വരുന്ന ഓഫീസുകളിലും സ്ഥാപനങ്ങളിലും ഉള്ള ഡ്രോയിംഗ് ആൻറ് ഡിസ്ബേർസിംഗ് ഓഫീസർമാർക്ക് (ഡി.ഡി.ഒ) സ്പാർക്ക് സംവിധാനം ഉപയോഗിച്ച് ശമ്പള ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള അധികാരം നൽകുന്നു

ഒരു സ്ഥാനപനത്തിലെ ഡി ഡി ഒയ്ക്ക് അവർക്ക് ലഭിച്ച യൂസർ നെയിം പാസ്സ്വേർഡ് ഉപയോഗിച്ച് സ്പാർക്ക് ശൃംഖലയിലേക്ക് പ്രവേശിക്കാൻ സാധിക്കും. പ്രസ്തുത ഉദ്യോഗസ്ഥൻെറ പെൻ ആണ് സാധാരണ ഗതിയിൽ യൂസർ നെയിം ആയി ഉപയോഗിക്കുന്നത്. സ്പാർക്കിൽ പ്രവേശിക്കുവാൻ ആദ്യമായി കാണുന്നത് അഡ്മിനിസ്ട്രേഷൻ, സർവ്വീസ് മാറേറഴ്സ്, സാലറി മാറേറഴ്സ്, കൊറീസ് എന്നിങ്ങനെയുള്ള മെനുകളാണ്. ഇതിലെ സാലറി മാറേറഴ്സ് എന്ന മെനുവിലെ പ്രോസസ്സിംഗ് എന്ന ഉപമെനു ഉപയോഗിച്ചാണ് ശമ്പള ബില്ലുകളും കുടിശ്ശിക ബില്ലുകളും തയ്യാറാക്കുന്നത്. തയ്യാറാക്കിയ ശമ്പള ബില്ലുകളുടെയും കുടിശ്ശിക ബില്ലുകളുടേയും പ്രിൻറ് എടുക്കുന്നതിന് ബിൽസ് ആൻറ് ഷെഡ്യൂൾസ് എന്ന ഉപമെനു ഉപയോഗിക്കുന്നു. [illegible] അത് റദ്ദ് ചെയ്യുന്നതിനുള്ള സൗകര്യവും പ്രോസസ്സിംഗ് [illegible] മെനുവിൽ കൊടുത്തിട്ടുണ്ട്. പേറിവിഷൻ 2009 എന്ന ഉപമെനു ഉപയോഗിച്ച് യു ജി സി ശമ്പള ഘടനയിൽ വരുന്ന അധ്യാപകരുടെ ഇൻക്രിമെൻറ് സ്പാർക്കിൽ രേഖപ്പെടുത്താൻ സാധിക്കും. ചെയിഞ്ച് ഇൻ ദ മന്ത് എന്ന ഉപമെനുവിലെ ബാച്ച് ഡൈസ്നോൺ എന്ന മെനു ഉപയോഗിച്ച് സമരം ചെയ്ത ദിവസത്തെ ശമ്പളം കുറവ് ചെയ്ത് ശമ്പള ബില്ലുകൾ തയ്യാറാക്കാം


സർവ്വീസ് മാറേറഴ്സ് എന്ന മെനു ഉപയോഗിച്ചാണ് ജീവനക്കാരുടെ പ്രമോഷൻ, ട്രാൻസ്ഫർ, ലീവ്, റിട്ടയർമെൻറ് തുടങ്ങിയ കാര്യങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തുന്നത്. ട്രാൻസ്ഫർ എന്ന ഉപമെനു ഉപയോഗിച്ച് ഒരു ജീവനക്കാരനെ തൻെറ സ്ഥാപനത്തിൽ നിന്ന് മറെറാരു സ്ഥാപനത്തിലേക്ക് സ്ഥലം മാററാൻ സാധിക്കും. സ്ഥലം മാററം ലഭിച്ച സ്ഥാപനത്തിൽ എത്തിയാൽ ജോയിൻ ഓൺ ട്രാൻസ്ഫർ എന്ന ഉപമെനു ഉപയോഗിച്ച് അവിടെ ജോയിൻ ചെയ്യിക്കാനും സാധിക്കും. ലീവ് എന്ന ഉപമെനു ഉപയോഗിച്ച് ഒരു ജീവനക്കാരൻ എടുത്ത ലീവ് സ്പാർക്കിൽ രേഖപ്പെടുത്താൻ സാധിക്കും. കമ്മ്യൂട്ടഡ് ലീവ്, ഹാഫ് പേ ലീവ്, മെറേറണിററി ലീവ് തുടങ്ങിയ എല്ലാത്തരം ലീവുകളും ഇങ്ങനെ സ്പാർക്കിൽ രേഖപ്പെടുത്താം. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരനെ സ്പാർക്കിൽ ഉൾക്കൊള്ളിക്കുന്നത് അഡ്മിനിസ്ട്രേററർ എന്ന മെനു ഉപയോഗിച്ചാണ്. അതിലെ ന്യൂ എംപ്ലോയി എന്ന ഉപമെനുവിലെ കാര്യങ്ങൾ പൂരിപ്പിച്ച് നൽകിയാൽ പ്രസ്തുത ജീവനക്കാരന് പെൻ ലഭിക്കും. സർവ്വീസ്സിലുള്ള ജീവനക്കാരൻെറ ഒരിക്കൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകളിൽ മാററം വരുത്തണമെങ്കിൽ എഡിററ് എംപ്ലോയി റെക്കോഡ് എന്ന ഉപമെനു ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ സ്പാർക്ക് ഉപയോഗിച്ച് തയ്യാറാക്കുന്ന ശമ്പള ബില്ലുകൾ, എയിഡഡ് കോളജ്, അധ്യാപകരുടെ കാര്യത്തിൽ, ഡെപ്യൂട്ടി. ഡയറക്ടർമാർ മേലൊപ്പിട്ട് ട്രഷറികൾ വഴി മാററി പണമാക്കാവുന്നതാണ്.



കേരള സർവ്വകലാശാലയിൽ നിന്നും സംസ്കൃത സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ കൊല്ലം എസ്.എൻ. കോളേജ് അധ്യാപകനായ **പി.കെ. സോമരാജൻ**. Biographical Literature in Sanskrit From Kerala- A Study with Special Reference to Bharathendu എന്ന വിഷയത്തിൽ ഡോ. വി. ശിശുപാലപണിക്കരുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കണ്ണൂർ സർവ്വകലാശാലയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയ മാനന്തവാടി മേരി മാതാ കോളേജ് അധ്യാപകൻ **തോമസ് മോണോത്ത്** . Analysis and design of Tamperproof and contrast- enhanced secret sharing Based on Visual Cryptography Schemes എന്ന വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിററിയിലെ ഡോ. പി. ബാബു ആൻേറായുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കണ്ണൂർ സർവ്വകലാശാലയിൽ നിന്നും മാത്തമാററിക്സിൽ ഡോക്ടറേററ് നേടിയ കാഞ്ഞങ്ങാട് നെഹ്റു ആർട്സ് & സയൻസ് കോളജ് അധ്യാപകൻ **ടി. ദിനേശ്** . A Study on Graph Structures, Incidence Algebras and their Fuzzy Analogues എന്ന വിഷയത്തിൽ ശ്രീകണ്ഠാപുരം എസ്. ഇ. എസ് കോളജിലെ ഡോ. ടി.വി. രാമകൃഷ്ണൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

## പുരസ്കാരം



ജൈവ വൈവിദ്ധ്യ സംരക്ഷണത്തിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്ന യുവ ശാസ്ത്രജ്ഞൻമാർക്ക് വർഷംതോറും നൽകിവരാറുള്ള ഡോ. സി. ചന്ദ്രശേഖരൻ ( പ്രശസ്ത വനശാസ്ത്ര വിദഗ്ദ്ധൻ) പുരസ്കാരത്തിന് മമ്പാട് എം. ഇ. എസ് കോളജ് സുവോളജി വിഭാഗം അധ്യാപകനായ **ഡോ. കെ. എസ്. അനൂപ്ദാസ്** അർഹനായി.



കാലിക്കട്ട് സർവ്വകലാശാലയിലെ 2010-11 വർഷത്തെ ബെസ്റ്റ് എൻ. എസ്. എസ് പ്രോഗ്രാം ഓഫീസറായി മമ്പാട് എം. ഇ. എസ് കോളജ് ഫുഡ് ടെക്നോളജി വിഭാഗത്തിലെ **പ്രൊഫ.ഇ. ഹസ്കറിനെ**തെരഞ്ഞെടുത്തു.

## എ.കെ.പി.സി.ടി.എ
# അക്കാദമിക് സെമിനാർ

### ബിരുദതല പുനഃസംഘാടനവും ഹൃദയകുമാരി കമ്മിററി റിപ്പോർട്ടും

2012 ഒക്ടോബർ 13 • സി.എം.എസ്. കോളജ്, കോട്ടയം

**ഡോ.രാജൻഗുരുക്കൾ** (വൈസ് ചാൻസലർ എം. ജി.യൂണിവേഴ്സിററി)
**പ്രൊഫ.തോമസ് ജോസഫ്** (മുൻ സെക്രട്ടറി, കേരള ഉന്നതവിദ്യാഭ്യാസ കൗൺസിൽ)
തുടങ്ങിയവർ പങ്കെടുക്കുന്നു.

R.No. 36025/81
No. 236
KERALA PRIVATE COLLEGE TEACHER
Registered No. KL/TV (N)35/2012-2014
Rs. 11/-
September 2012





Kerala Medical Entrance | Kerala Engg. Entrance | IIT JEE | IIST
AIEEE | AIPMT | JIPMER | AIIMS | CUSAT | NDA | AFMC | NTSE

HOSTEL FACILITIES FOR BOYS & GIRLS

SCIENCE INSTITUTE
THE PREMIER INSTITUTE FOR ENTRANCE COACHING IN THE STATE

IIT, MEDICAL, ENGINEERING ENTRANCE COACHING CENTRE

MANJERI
Industrial Estate Road,
Near Girls High School,
Tel: 0483 2768340/3202323/6450002

PERINTHALMANNA
Hospital Road, CTM Tower,
Near DySP Office, Opp. Taxi Stand,
Tel: 04933 223221/9287223222

MALAPPURAM
M.S.P School Campus
Perinthalmanna Road,
Tel: 0483 6544222

www.scienceinstitute.in / info@scienceinstitute.in


Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar